വാർഷിക റിപ്പോർട്ട്
2017-18

'Towards a safer state'

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
(കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം - 695033
Thiruvananthapuram, Kerala - 695033
പകൽ സമയ ടെലിഫോൺ | Day time phone - 0471 2331345, 0471-2331645
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1079
രാത്രി സമയ ടെലിഫോൺ | Night time phone - 0471 2364424
ഫാക്സ് | Fax - 0471 2364424
www.sdma.kerala.gov.in


TALUK WISE MULTI HAZARD POPULATION VULNERABILITY MAP
KERALA STATE
Legend
District Boundary
Taluk Boundary
Least Vulnerable
Moderately Vulnerable
Highly Vulnerable
Sl.No | Vulnerability Class | No of Taluks
1 | Least | 19
2 | Moderate | 35
3 | High | 21
External Boundaries of Taluk & District is not verified
For Reference and Planning Purpose
STATE EMERGENCY OPERATIONS CENTRE (SEOC)
DEPARTMENT OF DISASTER MANAGEMENT, GOVT. OF KERALA
Email: seoc.gok@gmail.com
Tele/Fax: 0471-2364424
Courtesy: NCESS & SEOC
0 5 10 20 30 kms
KASARGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
Manjeswaram
Kasaragod
Vellarikkundu
Hosdurg
Taliparamba
Iritty
Kannur
Thalasserry
Mananthavady
Sulthan Bathery
Vythiri
Vadakara
Quilandy
Thamarassery
Kozhikode
Nilambur
Kondotty
Eranad
Tirurangadi
Perinthalmanna
Mannarkkad
Tirur
Ottappalam
Pattambi
Ponnani
Palakkad
Thalappally
Alathur
Chittur
Chavakkad
Thrissur
Mukundapuram
Chalakkudi
Kodungallur
Aluva
Kothamangalam
Paravur
Kunnathunad
Devikulam
Kochi
Kanayannur
Muvattupuzha
Thodupuzha
Udumbanchola
Idukki
Cherthala
Vaikom
Meenachil
Kottayam
Kanjirapally
Peermed
Changanassery
Ambalapuzha
Kuttanad
Mallappally
Thiruvalla
Ranni
Chengannur
Kozhenchery
Konni
Karthikapally
Mavelikara
Adoor
Karunagapally
Kunnathur
Pathanapuram
Kottarakkara
Punalur
Kollam
Varkkala
Chirayinkeezhu
Nedumangad
Thiruvananthapuram
Kattakkada
Neyyattinkara
74°22'30"E
74°50'0"E
75°17'30"E
75°45'0"E
76°12'30"E
76°40'0"E
77°7'30"E
77°35'0"E
12°40'0"N
12°12'30"N
11°45'0"N
11°17'30"N
10°50'0"N
10°22'30"N
9°55'0"N
9°27'30"N
9°0'0"N
8°32'30"N
8°5'0"N

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ വകുപ്പ്

G.O.(Rt)No.81/2020/DMD തീയതി,തിരുവനന്തപുരം, 13/01/2020

പരാമർശം:- കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 016/11/2019 തീയതിയിലെ ഡിഎം/608/2018/എസ്ഡിഎംഎ നമ്പർ കത്ത് .

<u>ഉത്തരവ്</u>

പരാമർശ പ്രകാരം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി തയ്യാറാക്കി സമർപ്പിച്ച സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2017-18 വർഷത്തെ മലയാളത്തിലുള്ള വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മധു,

അഡീഷണൽ സെക്രട്ടറി

സെക്രട്ടറി,നിയമസഭ(ആമുഖ കത്ത് സഹിതം)

മെമ്പർ സെക്രട്ടറി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ് , വികാസ്ഭവൻ തിരുവനന്തപുരം-33

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ആമുഖം

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (*Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016).* കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലുക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി ബഹു. സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. 2017-18 ലെ പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ വിവരിക്കുന്നു.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന (government controlled), സ്വയം-ഭരണാധികാരമില്ലാത്ത (non-autonomous), കേന്ദ്ര നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന്

ഉപദേശം നൽകുക, വിവധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

മുഖ്യമന്ത്രി	അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
റവന്യു വകുപ്പ് മന്ത്രി	സഹ-അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman)
ആഭ്യന്തര വകുപ്പ് മന്ത്രി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
കൃഷി വകുപ്പ് മന്ത്രി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ചീഫ് സെക്രട്ടറി	മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer)
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor)
മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം	അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary)

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ 20-ആം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 മുതിർന്ന സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ

ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

ചീഫ് സെക്രട്ടറി	അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor)
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)

അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ചീഫ് സെക്രട്ടറി അധ്യക്ഷനും, ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ സമിതി GO (Ms) No. 68/2011/DMD dated 8-2-2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനും, സംസ്ഥാന പോലീസ് മേധാവി കൺവീനറുമായ സമിതി GO (Rt) No. 6410/2013/DMD dated 29-11-2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- ഖനന മേഖലയിലെ അപകടങ്ങൾ: വ്യവസായ വകുപ്പ് സെക്രട്ടറി അധ്യക്ഷനായും, ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായ സമിതി GO (Rt) No. 542/14/ID dated 26-05-2014 പ്രകാരം രൂപീകരിച്ചിട്ടുണ്ട്

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനങ്ങൾ ക്രോഡീകരിക്കുക, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് ആവശ്യമായ നിർദേശങ്ങൾ മേൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ അറിയിക്കുക, സംസ്ഥാന അതോറിറ്റിയുടെ സാമ്പത്തിക വിനിയോഗം നിയന്ത്രിക്കുക, ജില്ലാ അതോറിറ്റികൾക്ക് പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സംസ്ഥാന കാര്യനിർവഹണ സമിതിയുടെ തീരുമാനമനുസരിച്ച് ലഭ്യമാക്കുക, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച്, സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനത്തിന് അനുസരിച്ച് ജില്ല അതോറിറ്റികൾക്ക് ലഭ്യമാക്കുക, ദുരന്ത അവബോധ പ്രവർത്തനങ്ങൾ നടത്തുക എന്നീ ദൈനംദിന പ്രവർത്തനങ്ങൾ ഈ കാര്യാലയം നടത്തുന്നു.

ക്രമ നം	തസ്തിക	പേര്	കാലയളവ്
1	മുഖ്യ ഭരണനിർവ്വാഹകൻ (ചീഫ് സെക്രട്ടറി) (എക്സ്-ഒഫിഷ്യോ)	ശ്രീമതി. നളിനി നെറ്റോ	1-4-2017 – 31-8-2017
		ഡോ. കെ.എം എബ്രഹാം	1-9-2017 – 31-12-2017
		ശ്രീ. പോൾ ആന്റണി	1-1-2018 – 27-3-2018
		ശ്രീ. ടോം ജോസ്	28-3-2018 – തുടരുന്നു
2	അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ)	ശ്രീ. പി.എച്ച് കുര്യൻ	31-7-2016 – തുടരുന്നു
3	മെമ്പർ സെക്രട്ടറി	ഡോ. ശേഖർ എൽ.	2-4-2011 – തുടരുന്നു

	(എക്സ്-ഒഫിഷ്യോ)	കുര്യാക്കോസ്	
4	സീനിയർ ഫിനാൻസ് ഓഫീസർ	ലാൻഡ് റവന്യൂ കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ	അധിക ചുമതല
5	സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ)	ശ്രീ. സിജി എം. തങ്കച്ചൻ	2-9-2011 – 27-1-2017, 17-3-2017 - തുടരുന്നു
6	സീനിയർ ക്ലാർക്ക് (ഡെപ്യൂട്ടേഷൻ)	ശ്രീമതി. ഇന്ദു എം.എസ്	28-2-2015 – തുടരുന്നു
7	കണക്കുപരിശോധക (കരാർ)	ശ്രീമതി. ഉനൈസ്സ എ	7-12-2015 – തുടരുന്നു
8	ഓഫീസ് സഹായി (കരാർ)	ശ്രീ. ശ്രീനിവാസൻ ടി	1-4-2017 – തുടരുന്നു

കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം

സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആയ അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായ ദുരന്തങ്ങളുടെ മുന്നറിവ് ചട്ടപ്പടി (Standard Operating Procedure (പ്രകാരം) നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം, സംസ്ഥാന തലത്തിൽ അവബോധ പ്രവർത്തനങ്ങൾ എന്നിവ നിർവഹിച്ചു വരുന്നു. സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ (State and District Disaster Management Plans) പദ്ധതികൾ തയ്യാറാക്കുക എന്ന ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്.

സംസ്ഥാന അതോറിറ്റിക്കായി ശാസ്ത്രീയമായ പ്രതിരോധ, പ്രതികരണ പ്രവർത്തന വിശകലന സംവിധാനങ്ങൾ ഈ കാര്യാലയത്തിലാണ് പ്രവർത്തിക്കുന്നത്. വിവിധ മേഘലകളിൽ ദുരന്ത പ്രതിരോധ ശേഷി വർദ്ധനവിനായി ഈ കാര്യാലയം സ്വദേശ-വിദേശ സർവകലാശാലകളുമായി ഗവേഷണ പ്രവർത്തനങ്ങളും, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ കാര്യാലയത്തിൽ 2017-18ൽ ലഭ്യമായിരുന്ന മാനവശേഷി ചുവടെ പ്രതിപാദിക്കുന്നു.

ക്രമ നം.	തസ്തിക	പേര്		കാലയളവ്
1	അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ)	ശ്രീ. പി.എച്ച് കുര്യൻ		31-7-2016 – തുടരുന്നു
2	മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രം (സ്ഥിരം നിയമനം)	ഡോ. ശേഖർ എൽ. കുര്യാക്കോസ്		2-4-2011 – തുടരുന്നു
3	സീനിയർ ഫിനാൻസ് ഓഫീസർ (അധിക ചുമതല)	ലാൻഡ് റവന്യു കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ		
4	ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ (Hazard and Risk Analyst) (സ്ഥിരം തസ്തിക, കരാർ നിയമനം)	ശ്രീമതി. പാർവതി എസ്		2-3-2012 – തുടരുന്നു
5	സംസ്ഥാന പ്രോജക്റ്റ് ഓഫീസർ (കരാർ തസ്തിക, കരാർ നിയമനം)	ശ്രീ. ജോ ജോൺ ജോർജ്		1-11-2014 – തുടരുന്നു
5	ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധർ (Hazard Analysts) (കരാർ തസ്തിക, കരാർ നിയമനം)	സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രം	ശ്രീ. പ്രദീപ് ജി.എസ്	13-7-2012 – തുടരുന്നു
			ശ്രീ. രാജീവ് ടി.ആർ	6-3-2012 – തുടരുന്നു
			കുമാരി അനുപമ എൻ	16-6-2014 – തുടരുന്നു
			ഡോ. ആശ റോസ്	20-12-2017 - തുടരുന്നു

			ശ്രീമതി രാജലക്ഷ്മി രാധാകൃഷ്ണൻ	
			ശ്രീ. അജിൻ ആർ.എസ്	
			കുമാരി അതുല്യ തോമസ്	
			കുമാരി നീതു വി. തോമസ്	
			കുമാരി അഞ്ജലി എസ്. രവി	
			ശ്രീ. നിധിൻ ഡേവിസ്	8-1-2018 - തുടരുന്നു
			ഡോ. ശ്രീജ എം.യു	22-1-2018 – തുടരുന്നു
			ശ്രീ. സത്യകുമാർ സി.ജെ	26-12-2017 – തുടരുന്നു
			ശ്രീ. റോണു മാത്യു	9-2-2018 – തുടരുന്നു
		ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം	ഡോ. ആൻഡ്രൂ സ്പെൻസർ (കോട്ടയം)	1-11-2016 – തുടരുന്നു
			ശ്രീമതി അഞ്ജലി പി (എറണാകുളം)	6-3-2012 – തുടരുന്നു
			ശ്രീമതി അശ്വതി പി (കോഴിക്കോട്)	16-6-2014 – തുടരുന്നു
			കുമാരി ആശ കിരൺ (വയനാട്)	1-11-2016 – തുടരുന്നു
6	ഓഫീസ് മാനേജർ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ	ശ്രീ. സുനിൽ കെ. ബാബു		1-4-2017 to 4-07-2017

	കേന്ദ്രം (ലാൻഡ് റവന്യൂ വകുപ്പിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ക്ലാർക്ക്)	ശ്രീ. സിജി എം. തങ്കച്ചൻ (അധിക ചുമതല)	4-7-2017 – തുടരുന്നു
7	ഓഫീസ് അസിസ്റ്റന്റെ അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	കുമാരി ബിജി എസ്	14-03-2012 – തുടരുന്നു
8	കമ്പ്യൂട്ടർ ഓപ്പറേറ്ററും, ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	കുമാരി നിഷ എം.ആർ	15-02-2016 – തുടരുന്നു
9	ഫീൽഡ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	ശ്രീ. ബിനോയ് പി. ജോണി	6-3-2012 – തുടരുന്നു
10	ഓഫീസ് സഹായി (കരാർ തസ്തിക, കരാർ നിയമനം)	ശ്രീ. ബലറാം	18-1-2012 – തുടരുന്നു
11	ഡ്രൈവർമാർ (2)	ദിവസ വേതനം	

ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്,

റവന്യു, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

ജില്ലാ കളക്ടർ	അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്)	മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer)
ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ	സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman)
ജില്ലാ പോലീസ് മേധാവി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ജില്ലാ മെഡിക്കൽ ഓഫീസർ	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)]	തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം
	പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ
	കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്
	കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ
	ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത്
	പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ
	എറണാകുളം – റവന്യു ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി

ഉള്ളടക്കം

1. പ്രവർത്തനങ്ങൾ 15

1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം 15

1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി യോഗം 15

1.3 സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണം 15

1.4 ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണ പദ്ധതി 17

1.5 ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനായി ദേശീയ സമ്മേളനം 20

1.6 കുഴലീകൃത മണ്ണൊലിപ്പ് സംബന്ധിച്ച് ദേശീയ ശിൽപ്പശാലയും കുഴലീകൃത മണ്ണൊലിപ്പ് കണ്ടെത്തുന്നതിനുള്ള പരിശീലനവും 21

1.7 ദേശീയ ദുരന്ത നിവാരണ സേവനങ്ങൾ (എൻ.ഡി.എം.എസ്) 22

1.8 അടിയന്തരഘട്ട വിവര സംവേദന സംവിധാനങ്ങൾ 22

1.9 ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ ശാക്തീകരണം 23

1.10 കേരളത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിഷ്കരണം 24

1.11 ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി 26

1.12 ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 27

1.13 വ്യാജ ദുരന്ത മുന്നറിയിപ്പുകൾക്കെതിരെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിയമ നടപടി 27

1.14 കടലാക്രമണ പ്രതിരോധത്തിന് എങ്ങനെ കയർ ഭൂവസ്ത്രത്തെ ഉപയോഗപ്പെടുത്താം എന്ന വിഷയത്തിൽ ശാസ്ത്ര സദസ് – 18-08-2017 31

1.15 കേന്ദ്ര സർക്കാർ–യു.എൻ.ഡി.പി-ദുരന്ത നിവാരണ-കാലാവസ്ഥാ വ്യതിയാന പദ്ധതി (2013-2017) 32

1.16 ദുരന്ത സാധ്യതാ പ്രദേശ ഭൂപടങ്ങൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു 33

1.17 തൃശ്ശൂർ പൂരം ദുരന്ത ലഘൂകരണ പദ്ധതി 34

1.18 ശബരിമല ദുരന്ത ലഘൂകരണ പദ്ധതി 35

1.19 കോടതി കേസുകൾ 38

1.20 ദേശീയ വരൾച്ചാ സഹായ ഗ്രന്ഥ (Drought Manual) പരിഷ്കരണം 39

1.21 ദുരന്ത നിവാരണ അതോറിറ്റിയുടെ കലണ്ടർ 42

1.22 നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ 42

1.23 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ആപ്താമിത്ര പദ്ധതിയുടെ ഉത്ഘാടനവും, സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപീകരണവും 43

1.24 ആരോഗ്യ മേഖലയുടെ ദുരന്ത ലഘൂകരണ ശാക്തീകരണം 43

1.25 സർക്കാർ സെക്രട്ടേറിയറ്റ് - അഗ്നിരക്ഷാ മോക്ക് ഡ്രിൽ 44

1.26 ദുരന്ത നിവാരണ അതോറിറ്റിയുടെ യൂട്യൂബ് ചാനൽ 45

1.27 ഫിഫ - 17 വയസിൽ കുറവുള്ളവരുടെ ലോകകപ്പിന്റെ കൊച്ചിയിൽ നടന്ന മൽസരത്തിന്റെ ദുരന്ത ലഘൂകരണ രൂപരേഖ 45

1.28 ഇൻഡ്യൻ സൂപ്പർ ലീഗ് മൽസരം (2017-18) 46

1.29 2017-18 വരൾച്ചാ മുൻകരുതൽ-പ്രതികരണ നടപടികൾ 46

1.30 2016-17 വരൾച്ചാ അവലോകന കേന്ദ്ര സംഘ സന്ദർശനം 52

1.31 കുട്ടികൾക്കുള്ള ദുരന്ത ലഘൂകരണ വിവരങ്ങൾ 52

1.32 ദുരന്ത നിവാരണ അതോറിറ്റിയുടെ നയപരമായ ഇടപെടലുകൾ 52

1.33 ദുരന്ത ലഘൂകരണം സംബന്ധിച്ച പ്രചാരണ പരിപാടികൾ 53

1.34 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത/നടത്തിയ പരിശീലന/അവബോധ പരിപാടികൾ 54

1.35 മോക്ക് ഡ്രില്ലുകൾ 62

1.36 സാമൂഹിക അവബോധ ക്ലാസ്സുകൾ - ദേശീയ ദുരന്ത പ്രതികരണ സേനയുമായി ചേർന്ന് നടത്തിയവ 63

1.37 ഓഖി ചുഴലിക്കാറ്റ് – വസ്തുതകൾ, ദുരന്ത പ്രതികരണ നടപടികൾ, ദുരിതാശ്വാസ നടപടികൾ 65

1.38 ദുരന്ത നിവാരണ അതോറിറ്റിയിൽ പഠന അവസരങ്ങൾ 89

2. സാമ്പത്തിക വിനിയോഗം 2017-18 93

3. ഉപസംഹാരം 97

4. അനുബന്ധം 98

4.1 ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2017ലെ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം – “ദുരന്തങ്ങളിൽ കരുതലോടെ സർക്കാർ ജനങ്ങളോടൊപ്പം” 98

1. പ്രവർത്തനങ്ങൾ

1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 27 മാർച്ച് 2018നു യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തിരുമാനങ്ങൾ കൈക്കൊണ്ടു.

1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി യോഗം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee) 29-06-2017, 30-11-2017, 4-12-2017, 11-12-2017, 16-12-2017, 5-1-2018, 12-3-2018 എന്നീ ദിവസങ്ങളിൽ യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തിരുമാനങ്ങൾ കൈക്കൊണ്ടു.

1.3 സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണം

സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന് കണ്ടു ഇന്ത്യ ഉൾപ്പടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലെക്കായി അഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് കേന്ദ്ര സഹായത്തോടെ ആപ്ദാ മിത്ര എന്ന പദ്ധതി കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

ജനങ്ങളുടെ സേവന മനോഭാവത്തെ കേന്ദ്ര സിവിൽ ഡിഫെൻസ് നിയമത്തിൻറെ വെളിച്ചത്തിൽ സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപത്തിൽ ഏകോപിപ്പിച്ച് എല്ലാ താലൂക്കിലുമായി ഏകദേശം 3000 First Responders നെ അടുത്ത 5 വർഷം കൊണ്ട് വാർത്തെടുക്കുക എന്നതാണ് സംസ്ഥാന അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന ലക്ഷ്യം. ഇതിനായി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ ആപ്ദാമിത്ര പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ നിന്ന് തെരെഞ്ഞെടുത്ത 200 സന്നദ്ധ പ്രവർത്തകർക്ക് ദുരന്ത സമയ പ്രതികരണ പ്രവർത്തനത്തിൽ

പരിശീലനം നൽകാനുള്ള പദ്ധതിയുടെ ഉദ്ഘാടനം 13-10-2017-ന് ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. തിരഞ്ഞെടുത്ത 200 സന്നദ്ധ പ്രവർത്തകർ യോഗത്തിൽ സംബന്ധിച്ചു. ഇത് ദുരന്ത നിവാരണ രംഗത്തെ ഒരു പുതിയ ചുവടുവെയ്പ്പാണ് എന്ന് മുഖ്യമന്ത്രി ഉത്ഘാടന സമ്മേളനത്തിൽ പറഞ്ഞു. പരിപാടിയോട് അനുബന്ധിച്ച് അഗ്നിസുരക്ഷാ വകുപ്പ് ഒരു ഫയർ മോക്ക് ഡ്രിൽ നടത്തി. മുഖ്യമന്ത്രി ഉത്ഘാടന സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

ആപ്ദാ മിത്ര സന്നദ്ധ പ്രവർത്തകരെ തിരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിനെ അറിയിച്ചു. പരിശീലന പദ്ധതിയുടെ കൈപുസ്തകം തയ്യാറാക്കി വരുന്നു (GO (Rt) No. 2891/2017/DMD dated 30-06-2017).

സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ പൊതുജനങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കുമായി വിവിധതരം പരിശീലന പരിപാടികൾ ദുരന്ത ലഘൂകരണം മുഖ്യധാരാ വല്കരിക്കാൻ പരിശീലനം 2009-2012 കാലഘട്ടത്തിൽ നടത്തിയിരുന്നു. ഈ വില്ലേജുകളിൽ സന്നദ്ധ സേനകൾ രൂപീകരിച്ച് പരിശീലനം നൽകിയിരുന്നു. കൂടാതെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ സന്നദ്ധ സേനകൾ രൂപീകരിക്കുകയും, പരിശീലനം നൽകുകയും ചെയ്തു. ഈ നഗരസഭകൾക്ക് ദീർഘകാലം ദുരന്ത ലഘൂകരണം മുഖ്യധാരാ

വല്കരിക്കാൻ സാങ്കേതിക, സാമ്പത്തിക സഹായം 2009-12 കാലഘട്ടത്തിൽ നൽകിയിരുന്നു.

ഇത്തരം സന്നദ്ധ സേനകളുടെ തുടർ പരിശീലനവും, പരിപാലനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത ലഘൂകരണം മുഖ്യധാരാ വല്കരിക്കാൻ അവരിൽ നിക്ഷിപ്തമായ ചുമതല അനുസരിച്ച് അവരവരുടെ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതാണ്. 2013-17ൽ തിരുവനന്തപുരം നഗരസഭയിലും, കൊല്ലം ജില്ലയിൽ മണ്രോ തുരുത്തിലും, പത്തനംതിട്ടയിൽ പെരിങ്ങരയിലും വില്ലേജുകളിൽ സന്നദ്ധ സേനകൾ രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ട്. മുല്ലപെരിയാർ-ഇടുക്കി അണകെട്ടുകളുടെ ഇടയിൽ ഉള്ള 6 ഗ്രാമ പഞ്ചായത്തുകളിൽ 2104 സന്നദ്ധ പ്രവർത്തകർ ഉൾപ്പെടുന്ന സന്നദ്ധ സേനകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക ആവശ്യകത അനുസരിച്ച് വിവിധ പ്രദേശങ്ങളിൽ ഇത്തരം സന്നദ്ധ സേനകൾ രൂപീകരിച്ചിട്ടുണ്ട്. അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളും, കൊല്ലം ജില്ലയിൽ മണ്രോ തുരുത്തിലും, പത്തനംതിട്ടയിൽ പെരിങ്ങരയിലും സന്നദ്ധ സേനകൾ രൂപീകരിച്ചിട്ടുണ്ട്.

1.4 ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണ പദ്ധതി

ഏതൊരു ദുരന്തത്തിന്റെയും ആഘാതം ഏറ്റവും അധികം അനുഭവിക്കുന്നവരാണ് ഭിന്നശേഷിക്കാർ. പരസഹായം ഇല്ലാതെ അവർക്കു സ്വയരക്ഷ എളുപ്പമല്ല, എന്നാൽ, ശരിയായ പരിശീലനം ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് ഒരു വ്യത്യാസം ഉണ്ടാക്കാനാകും. ഈ ലക്ഷ്യം മുൻനിർത്തി കൊണ്ട് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016 ൽ ആരംഭിച്ച പദ്ധതിയാണ് 'ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം'. ഭിന്നശേഷിക്കാരെ

ഉൾപ്പെടുത്തിയുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. 2016-ൽ പാർലമെൻറ് പാസാക്കിയ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിൽ

ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്കു വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാന തലത്തിൽ വിവിധ ശില്പശാലകൾ സംഘടിപ്പിക്കുകയും, ഭിന്നശേഷിക്കാരോട് കൂടിയാലോചിക്കുകയും ചെയ്തതിനു ശേഷം അതോറിറ്റി ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. ദുരന്തത്തിന് മുൻപും, ദുരന്ത സമയത്തും, ദുരന്തത്തിന് ശേഷവും ഇങ്ങനെയുള്ളവരെ എങ്ങനെ സംരക്ഷിക്കാനാകും ഇത്യാദി കാര്യങ്ങൾ ഈ കൈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പുനരധിവാസ ക്യാംപുകളിൽ ഭിന്നശേഷിക്കാരായവർക്കു പ്രത്യേക പരിഗണന നൽകേണ്ടതുമുണ്ട്. ഭിന്നശേഷിക്കാരായവരെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ മുഖ്യ ധാരയിൽ കൊണ്ടുവരുന്നതിനും, അവരെ അതിന്റെ എല്ലാ മേഖലകളിലും ഉൾപ്പെടുത്തുന്നതിനായും ഈ പദ്ധതി ശ്രമിക്കുന്നു. അതെ തുടർന്ന് ഏകദേശം 140 പരിശീലകർക്കു 2016-17 കാലയളവിൽ പരിശീലനം നൽകി. 17-05-2017-നു IUCDS-ൽ പരിശീലകർക്കായുള്ള ദ്വദിന പരിശീലന പരിപാടി നടത്തി. ഇത് കൂടാതെ സന്നദ്ധ സംഘടനകൾക്കും ഈ പരിശീലനം നൽകി.

ജില്ലാ തലത്തിലുള്ള പരിശീലനം

ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണത്തിന് എം.ജി സർവകലാശാലയുടെ ഇന്റർ യൂണിവേർസിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന് (IUCDS) 26,40,400 രൂപയുടെ ഒരു പദ്ധതി, ജില്ലാ തലത്തിൽ ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണ പരിശീലനം നൽകുവാനായി അനുവദിച്ചു. ദേശീയ തലത്തിൽ തന്നെ ഇങ്ങനെയുള്ള പരിശീലനം ഏതെങ്കിലും സംസ്ഥാന സർക്കാർ നടത്തിയതായി അറിവില്ല. 2015 ൽ കേരള സാമൂഹ്യ നീതി വകുപ്പ് നടത്തിയ സെൻസസ് പ്രകാരം കേരളത്തിൽ 7,93,937 പേർ ഭിന്നശേഷിക്കാരാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ഉള്ള ഭിന്നശേഷിക്കാർക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തിലും പരിശീലനങ്ങൾ നൽകും. ഭിന്നശേഷിക്കാരുടെ പരിശീലനത്തിൽ വിദഗ്ദ്ധരായ എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്ററർ യൂണിവേഴ്സിറ്റി സെന്ററർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്

(ഐ.യു.സി.ഡി.സ്) ആണ്. ആദ്യ പരിശീലനം കോട്ടയം ജില്ലയിൽ 2018 മാർച്ച് മാസം 19ന് ജില്ലാ കളക്ടർ ഉദ്ഘാടനം നിർവഹിച്ചു.

കാഴ്ച ശക്തി ഇല്ലാത്തവർക്കായി ബ്രെയിൽ സന്ദേശങ്ങളും, ശബ്ദ രേഖകളും അതോറിറ്റി തയ്യാറാക്കി. ശ്രവണ ശക്തി ഇല്ലാത്തവർക്കായി ആംഗ്യ ഭാഷയിൽ ഉള്ള സന്ദേശങ്ങളും തയ്യാറാക്കി. നിഷ് തിരുവനന്തപുരം, കേരളം ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്നീ സ്ഥാപനങ്ങൾ ഇവ നിർമിക്കുന്നതിൽ സഹകരിച്ചു.

ജില്ലാ തലത്തിലുള്ള പരിശീലനങ്ങളിൽ പ്രഥമ ശുശ്രൂഷ, ദുരന്തത്തെ അതിജീവിക്കാനുള്ള നൈപുണ്യം, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുകയും ഭിന്ന ശേഷിക്കാരായവരെ പരിശീലിപ്പിക്കുകയും ചെയ്യും. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അവരുടെ രക്ഷിതാക്കളെ പരിശീലിപ്പിക്കും. ആദ്യ ഘട്ടത്തിൽ പതിനാലു ജില്ലകളിൽ നിന്നായി ഏകദേശം 3000 ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്നതിനായി അതോറിറ്റി ഒരുങ്ങി കഴിഞ്ഞു.

പദ്ധതിക്ക് ആവശ്യമായ ബ്രെയിൽ ലിപിയിൽ ഉള്ള

ലഘുലേഘകൾ, ഡയ്സി (Daisy) എന്ന പ്രതേക ഫോർമാറ്റിൽ ഉള്ള ശബ്ദ ലഘുലേഖകൾ, ആംഗ്യഭാഷാ വീഡിയോ ലഘുലേഖകൾ എന്നിവ പ്രസിദ്ധീകരിച്ച് ഇവ എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾകും അയച്ചു നല്കുകയും, ജില്ലാ തല പരിശീലനം IUCDS, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സാമൂഹിക ക്ഷേമ വകുപ്പ് എന്നിവരുമായി ചേർന്ന് നടത്തുകയും, പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഇവ വിതരണം ചെയ്യുകയും ചെയ്തു. 6-12-2017ൽ National Institute of Speech and Hearing (NISH)ൽ ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണം സംബന്ധിച്ച ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത ശിൽപ്പശാലയിൽ ഭിന്നശേഷി ഉള്ള കുട്ടികൾ പങ്കെടുത്തു.

1.5 ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനായി ദേശീയ സമ്മേളനം

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് 2017 ജൂലൈ 11, 12 തീയതികളിൽ കോവളം ഹോട്ടൽ സമുദ്രയിൽ (കെ.റ്റി.ഡി.സി) വെച്ച് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനായി ദേശീയ സമ്മേളനം സംഘടിപ്പിച്ചു.

സമ്മേളനത്തിന്റെ ഉത്ഘാടനം 2017 ജൂലൈ 11ന് രാവിലെ 10 മണിക്ക് ബഹു: ദുരന്ത നിവാരണ വകുപ്പ് മന്ത്രിയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാനുമായ ശ്രീ. ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു.

സമ്മേളനങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ ഒരു ജനാധിപത്യ സമൂഹത്തിൽ ആവശ്യമാണ്. ഇവ സംഘടിപ്പിക്കുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള അപകടങ്ങളെപറ്റി സമഗ്രതയിൽ മനസിലാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഈ സമ്മേളനത്തിൽ നിന്നും ഉണ്ടാകണം എന്ന് ശ്രീ. ഇ. ചന്ദ്രശേഖരൻ അദ്ദേഹത്തിന്റെ ഉത്ഘാടന പ്രസംഗത്തിൽ ആവശ്യപെട്ടു. വിവിധ സമൂഹങ്ങളുടെ പരമ്പരാഗതവും സാംസ്കാരികവുമായ വിശ്വാസങ്ങളെ ഹനിക്കാതെ, സ്ഥലപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രായോഗികവും അപകടരഹിതവുമായ രീതിയിൽ സമ്മേളനങ്ങളും, ഉത്സവങ്ങളും, ആഘോഷങ്ങളും നടത്തേണ്ടതിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളാണ് ആവശ്യം എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ദീർഘകാലമായി നിലനിൽക്കുന്ന ചില ശീലങ്ങളും, ആചാരങ്ങളും അവലോകനം ചെയ്ത്, അപകടരഹിതമായ രീതിയിൽ സമ്മേളനങ്ങളും, ഉത്സവങ്ങളും, ആഘോഷങ്ങളും ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ എല്ലാവരും തയ്യാറാകേണ്ടതുണ്ട്.

ജനക്കൂട്ടനിയന്ത്രണത്തിന് മനുഷ്യ ഇടപെടൽ കുറയ്ക്കുന്നതിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യാ വികസനത്തിന് ഊന്നൽ നൽകേണ്ടുന്നതിന്റെയും ആവശ്യം ബഹു: മന്ത്രി ചൂണ്ടിക്കാട്ടി. അച്ചടക്കത്തോടും, ചിട്ടയോടും, പ്രകൃതിക്ക് ആഘാതം എല്പിക്കാതെയും സമ്മേളനങ്ങൾ നടത്തുവാൻ പുതുക്കുന്ന ദേശീയ ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങളിൽ നിർദേശം ഉണ്ടാകണം എന്ന് അദ്ദേഹം സമ്മേളനത്തോട് ആഹ്വാനം ചെയ്തു.

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നാല് അംഗങ്ങളിൽ മൂന്നുപേർ, ശ്രീ. ആർ.കെ ജെയിൻ ഐ.എ.എസ് (Rtd), ശ്രീ. കമാൽ കിഷോർ, Lt. Gen. എൻ.സി മാർവ്വ, എന്നിവർ സമ്മേളന നടപടികൾ നിയന്ത്രിച്ചു.

ഈ സമ്മേളനത്തിന്റെ സമാപന ദിവസം, ജൂലൈ 12ന് വൈകിട്ട് 3.40ന്, ബഹു: കൃഷി വകുപ്പ് മന്ത്രിയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗവുമായ അഡ്വ. വി.എസ്. സുനിൽ കുമാർ സമാപന സന്ദേശം നല്കി.

25 സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് മേധാവിമാർ, ജില്ലാ കളക്ടർമാർ, ദേവസ്വം പ്രതിനിധികൾ, ദേശിയ തലത്തിൽ അറിയപ്പെടുന്ന മാധ്യമ പ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിങ്ങനെ 120ഓളം വ്യക്തികൾ രണ്ട്ദിവസത്തെ സമ്മേളനത്തിൽ സംബന്ധിച്ചു.

സമ്മേളനം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മുഖപുസ്തകത്തിൽ തത്സമയം സംപ്രേക്ഷണം ചെയ്തു. സമ്മേളന നടപടികളിൽ ഉരിത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി ദേശീയ ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ സ്വീകരിക്കുവാനാണ് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഉദ്ദേശിക്കുന്നത്. കേരളത്തിൽ ആദ്യമായാണ് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഇത്തരത്തിൽ ഒരു സമ്മേളനം സംഘടിപ്പിക്കുന്നത്.

1.6 കുഴലീകൃത മണ്ണൊലിപ്പ് സംബന്ധിച്ച് ദേശീയ ശിൽപ്പശാലയും കുഴലീകൃത മണ്ണൊലിപ്പ് കണ്ടെത്തുന്നതിനുള്ള പരിശീലനവും

National Centre for Earth Science Studies-ഉം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി പശ്ചിമഘട്ട മലനിരകളിലെ കുഴലീകൃത മണ്ണൊലിപ്പ് സംബന്ധിച്ച് ദേശീയ

ശില്പശാലയും കുഴലീകൃത മണ്ണൊലിപ്പ് കണ്ടെത്തുന്നതിനുള്ള പരിശീലനവും, 2017 ജൂലൈ 5 മുതൽ 9 വരെ - National Centre for Earth Science Studies-ൽ നടത്തി. ബഹു: ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ പരിപാടി ഉത്ഘാടനം ചെയ്തു. ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗം ഡോ. ഡി.എൻ ശർമ്മ ഉത്ഘാടന സമ്മേളനത്തിൽ മുഖ്യ അതിഥി ആയിരുന്നു. പരിശീലനം കേരളത്തിൽ കുഴലീകൃത മണ്ണൊലിപ്പ് വ്യാപകമായി കാണുന്ന കണ്ണൂർ തിരുമേനി വില്ലേജിൽ നടത്തി.

1.7 ദേശീയ ദുരന്ത നിവാരണ സേവനങ്ങൾ (എൻ.ഡി.എം.എസ്)

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിലും (എസ്.ഇ.ഓ.സി), ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങളിലും (ഡി.ഇ.ഓ.സി) ഉപഗ്രഹ സംവേദന സംവിധാനം എൻ.ഡി.എം.എസ് എന്ന പദ്ധതിയിലൂടെ സ്ഥാപിച്ചു. മൊബൈൽ, വയർലസ്സ് റേഡിയോ എന്നിവ പ്രവർത്തിക്കാത്ത അവസരത്തിലും ഉപഗ്രഹത്തിലൂടെ ഇന്റർനെറ്റ് ഉപയോഗിക്കുവാനും, ഇവയോടൊപ്പം ഉള്ള ഫോൺ ഇവ സ്ഥാപിച്ചിട്ടുള്ള കേന്ദ്രങ്ങൾ തമ്മിൽ സംസാരിക്കുവാനും ഉപയോഗിക്കുവാൻ സാധിക്കും എന്നതാണു ഇവയുടെ പ്രത്യേകത.



1.8 അടിയന്തരഘട്ട വിവര സംവേദന സംവിധാനങ്ങൾ

വിവിധ വകുപ്പുകളുടെയും, പ്രതികരണ സേനകളുടെയും, മാധ്യമങ്ങളുടെയും ഏകോപനത്തിനായി സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം WhatsApp, Twitter, Facebook, Mobile SMS, Land Phone, Fax, Email എന്നിവ പ്രവർത്തിപ്പിക്കുന്നുണ്ട്. സംസ്ഥാന ഇ.ഓ.സിയിലും, എല്ലാ ജില്ലാ

ഇ.ഓ.സികളിലും പ്രത്യേകം മൊബൈൽ ഫോണുകളും, കമ്പ്യൂട്ടർ, ഫാക്സ് സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

IAS, IPS ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ, പ്രതികരണ സേനകൾ (Army, Navy, Air Force, National Disatser Response Force, BSF, CRPF), മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, മാധ്യമങ്ങൾ, ജില്ലാ ഇ.ഓ.സികളും, ഫിഷറീസ്, പോലീസ് കൺട്രോൾ റൂമുകളും ഉൾപ്പെടുന്ന പ്രത്യേക WhatsApp ഗ്രൂപ്പുകൾ വഴി ദൈനംദിനം ദുരന്ത സംബന്ധിയായ വിവരം, മുന്നറിയിപ്പുകൾ, ദുരന്ത ലഘൂകരണ പരിപാടികൾ സംബന്ധിച്ച വിവരം എന്നിവ കൈമാറി വരുന്നു.

അടിയന്തിര ഘട്ടങ്ങളിലും പ്രത്യേക മുന്നറിയിപ്പുകൾ ലഭിക്കുന്ന അവസരത്തിലും അത്തരം സാഹചര്യം ബാധിക്കും എന്നു കാണുന്ന ജില്ലകളിൽ ജില്ലാ ഇ.ഓ.സികളിൽ വിളിച്ച് അറിയിക്കുകയും, ഇമെയിൽ ആയി വിവരം ലഭ്യമാക്കുയയും ചെയ്തു വരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ Facebook പേജ് 75,000 വ്യക്തികൾ പിന്തുടരുന്നുണ്ട്. ചില സാഹചര്യത്തിൽ 40,000-നു അടുത്ത് ആളുകൾ അതോറിറ്റി പോസ്റ്റ് ചെയ്യുന്ന സന്ദേശങ്ങൾ സ്വന്തം Facebook പേജിൽ ഷെയർ ചെയ്യുകയും, 4,00,000 ആളുകൾ വരെ ഈ സന്ദേശങ്ങൾ കാണുകയും ചെയ്യുന്നുണ്ട്.

1.9 ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ ശാക്തീകരണം

സർക്കാർ ഉത്തരവ് GO (Rt) No. 1857/2016/DMD dated 2-03-2016 പ്രകാരം സംസ്ഥാനത്തിന് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ധന സഹായത്തോടെ ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. എറണാകുളം, കോഴിക്കോട്, തൃശൂർ, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലാ അതോറിറ്റികൾക്കും, സംസ്ഥാന അതോറിറ്റിക്കും ഉള്ള സഹായമായി ആരംഭിച്ച പദ്ധതി, അധികമായ ധന സഹായം ഇല്ലാതെ തന്നെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക അപേക്ഷ മാനിച്ച് അനുമതി നല്കി (2016-17ലെ വാർഷിക റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്). പദ്ധതി പ്രകാരം ജില്ല ദുരന്ത

നിവാരണ അതോറിറ്റിക്കും, സംസ്ഥാന അതോറിറ്റിക്കും സാങ്കേതിക വിദഗ്ദ്ധരുടെ സേവനം നൽകി വരുന്നു.

GO (Rt) No. 1857/2016/DMD dated 2-03-2016, GO (Rt) No. 4483/2016/DMD dated 25-10-2016, GO (Rt) No. 84/2017/DMD dated 11-12-2017 എന്നിവ പ്രകാരം ഈ പദ്ധതിയിൽ 17 സാങ്കേതിക വിദഗ്ദ്ധർ പ്രവർത്തിക്കുന്നു. ഈ വിദഗ്ദ്ധരാണ് എസ്.ഇ.ഓ.സി, ഡി.ഇ.ഓ.സി എന്നിവയുടെ സാങ്കേതിക പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സാധാരണ സമയങ്ങളിൽ ഇവർ സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അനുസരിച്ചുള്ള, അതതു വിഷയങ്ങളിലെ വൈധക്ത്യം അനുസരിച്ചുള്ള പ്രവർത്തനത്തിൽ ഏർപ്പെടും. അടിയന്തിര ഘട്ടങ്ങളിൽ ഇവർ അതാത് എമർജൻസി ഓപറേഷൻസ് സെന്ററുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു.

സംസ്ഥാന സർക്കാർ, കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ കെ.എസ്.ഡി.എം.എ, ഡി.ഡി.എം.എ ശാക്തീകരണ പദ്ധതി നടപ്പാക്കുവാൻ ധാരണാപത്രം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ഒപ്പുവച്ചിരുന്നു. ഈ ധാരണാപത്രത്തിലെ Clause 4 പ്രകാരം മേൽ പദ്ധതിയുടെ കേന്ദ്ര ധനസഹായം തീരുന്ന മുറക്ക് സംസ്ഥാന സർക്കാർ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കേണ്ടതുണ്ട്. GO (Rt) No. 462/2017/DMD dated 7-02-2017 പ്രകാരം കെ.എസ്.ഡി.എം.എയുടെ വാർഷിക പദ്ധതിയിൽ നിന്നും തുടർനടത്തിപ്പിനായി പണം അനുവദിച്ചിരുന്നു. പദ്ധതി ആദ്യഘട്ടത്തിൽ അനുവദിച്ചത് 31-3-2017വരെ ആയിരുന്നു. GO (Rt) No. 462/2017/DMD dated 7-02-2017, GO (Rt) No. 2619/2017/DMD dated 7-06-2017 എന്നിവ പ്രകാരം സർക്കാർ ഈ പദ്ധതിയുടെ നടത്തിപ്പ് 31-03-2018 വരെ നീട്ടി.

1.10 കേരളത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിഷ്കരണം

കേരളത്തിലെ ഭൂകമ്പ സാധ്യതയെ പറ്റി ധരണി എന്ന പ്രൊജക്റ്റിൽ Geological Survey of India വിശദമായി പഠിച്ചിട്ടുണ്ട്. കൂടാതെ National Centre for Earth Science Studies-ഉം സൂക്ഷ്മമായ പഠനങ്ങൾ ഈ വിഷയത്തിൽ നടത്തിയിട്ടുണ്ട്. കേരളത്തിൽ തൃശൂർ, കൊച്ചി എന്നീ പട്ടണങ്ങളുടെ ഭൂകമ്പ ആഘാത സാധ്യതാ പഠനം വിശദമായി Geological Survey of India നടത്തുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പ്രൊഫ. ആര്യയെ ചുമതലപ്പെടുത്തി വിശദമായ ഭൂകമ്പ പ്രതിരോധ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ഈ മാർഗ്ഗ നിർദേശങ്ങൾ സംസ്ഥാനത്തെ നഗര-പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തണം എന്ന്

നിർദേശിക്കുകയും, ആയത് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് ഇതിനായി നിയോഗിച്ച കമ്മിറ്റി നൽകുകയും ചെയ്തു. സ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവഹണ സമിതി (State Executive Committee) ഈ റിപ്പോർട്ട് പരിശോധിക്കുകയും തദേശ വകുപ്പിനോട് ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ സംസ്ഥാനത്തെ നഗര-പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും നിർദ്ദേശിച്ചു. 82773/K1/2015/DMD എന്ന ഫയൽ ഉൾപ്പടെ ദുരന്ത നിവാരണ വകുപ്പ് 17-04-2016ന് തദ്ദേശ വകുപ്പിന് കൈമാറിയിട്ടുണ്ട്.

2-05-2017 തീയതിയിൽ സംസ്ഥാന അതോറിറ്റി ബഹു: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തൃശൂർ, കൊച്ചി എന്നീ പട്ടണങ്ങളുടെ ഭൂകമ്പ ആഘാത സാധ്യതാ പഠനം സംബന്ധിച്ച ഒരു യോഗം നിയമസഭാ മന്ദിരത്തിൽ നടത്തുകയും, Geological Survey of India-യുടെ അഡീഷണൽ ഡയറക്ടർ ജനറൽ ഈ റിപ്പോർട്ടുകൾ വിശദമായി സർക്കാരിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു.

തൃശൂർ, കൊച്ചി എന്നീ പട്ടണങ്ങളുടെ ഭൂകമ്പ ആഘാത സാധ്യതാ പഠനം വിശദമായി Geological Survey of India നടത്തുകയും, കൊച്ചിയിലെ പഠനത്തിന്റെ വിവരങ്ങൾ കൂടി പരിഗണിച്ച് സംസ്ഥാനത്തെ നഗര-പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടുന്നതിന്റെ ആവശ്യകത സംസ്ഥാന അതോറിറ്റി 19-8-2017, 19-12-2017 എന്നീ തീയതികളിൽ DM/1103/2016/SDMA എന്ന കത്ത് പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

വെള്ളപ്പൊക്ക പ്രതിരോധം ഉദ്ദേശിച്ച് ബഹു: ഹൈക്കോടതിയുടെ നിർദേശം കൂടി അംഗീകരിച്ച്, എല്ലാ തദ്ദേശ സ്ഥാപനങ്ങളും കെട്ടിടങ്ങൾക്കും, നിർമ്മിതികൾക്കും അനുമതി നല്കുമ്പോൾ അത്തരം നിർമിതികൾ ജല ബഹിർഗമന പാതകൾ തടയുന്നില്ല എന്നു ഉറപ്പ് വരുത്തുന്നതിനായി building permit-ൽ തന്നെ പ്രത്യേകമായ ഉറപ്പായി "natural drains and streams shall not be obstructed by this development permit/building permit. Failure to comply with this instruction will invited penalisation under Section 51 of the Disaster Management Act, 2005" എന്ന് ഉൾപ്പെടുത്തുവാൻ നിർദ്ദേശം നല്കി. (ദുരന്ത നിവാരണ അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറി, ചീഫ് ടൌൺ പ്ലാനർ എന്നിവർക്ക് നല്കിയ കത്ത് No. Rev-K3/177/2017-Rev dated 10-8-2017).

1.11 ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി

അതാത് മേഖലയിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ അതാത് വകുപ്പുകൾ പ്രാഗൽഭ്യം അകമേ ഉണ്ടാകേണ്ടതുണ്ട്. ഈ ആവശ്യത്തിനായി വകുപ്പുതല ദുരന്ത നിവാരണ പദ്ധതികളും ആവശ്യമാണ്. ദുരന്ത നിവാരണ നിയമം പരിഗണിച്ചും, ഐ.ടി വകുപ്പിന്റെ വിജയകരമായ അനുഭവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടും സംസ്ഥാനത്ത് 26 വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (വേർച്ചുവൽ കേഡർ) സംവിധാനം രൂപീകരിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി നിഷ്കർഷിക്കുന്നു. ദുരന്ത നിവാരണം എന്നത് ഒരു ബഹുസ്വഭാവ വിഷയം ആയതിനാൽ ദുരന്ത നിവാരണം മുഖ്യധാരാ വല്കരിക്കുന്നതിന് ഇത്തരത്തിൽ എല്ലാ വകുപ്പുകളിലും ശാക്തീകരണം ആവശ്യമാണ്. അവരവരുടെ വകുപ്പിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ഇവരിലൂടെ നിർവഹിക്കുവാൻ സാധിയ്ക്കും. സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി സംവിധാനത്തിലൂടെ ആണ് സംസ്ഥാന, ജില്ലാ അതോറിറ്റികൾ ദീർഘകാല അടിസ്ഥാനത്തിൽ ദുരന്ത നിവാരണ പ്രവർത്തനം മുഖ്യധാരാവല്കരിക്കുവാൻ ഉദേശിക്കുന്നത്. ഇതിനായി അതോറിറ്റി 17-4-2017-ന് സർക്കാരിലേക്ക് വിശദമായ ശുപാർശ നല്കി.

26 വകുപ്പിലും 15 പേരടങ്ങുന്ന ഒരു സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി രൂപീകരിക്കുവാൻ സർക്കാർ GO (Rt) No. 56/2017/DMD dated 25-11-2017, GO (Rt) No. 111/2018/DMD dated 28-02-2018 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചു. 20 വർഷമെങ്കിലും സർവീസ് ബാക്കിയുള്ള ഉദ്യോഗസ്ഥരിൽനിന്നും സമ്പൂർണമായി സന്നദ്ധതയുടെ അടിസ്ഥാനത്തിൽ മാത്രം മുന്നോട്ടുവരുന്നവരെ ആണ് ഈ കേഡറിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിപുലമായ വിദഗ്ദ്ധ പരിശീലനം നൽകുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

1.12 ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്

കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാരേതര സ്ഥാപനങ്ങളുടെ (NGO) പട്ടിക തയ്യാറാക്കുന്നുതിന് online അപേക്ഷാ ഫോറം 2-11-2017ന് പ്രസിദ്ധീകരിച്ചു. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈകൊള്ളുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ ശുപാർശ 12-3-2018ന് സർക്കാരിന് സമർപ്പിച്ചു.

1.13 വ്യാജ ദുരന്ത മുന്നറിയിപ്പുകൾക്കെതിരെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിയമ നടപടി

ശാസ്ത്രീയ അടിത്തറ ഇല്ലാത്ത മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുന്നതും, പ്രസ്തുത വിവരം മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതും, ദുരന്ത നിവാരണ നിയമപ്രകാരം അംഗീകൃത സ്ഥാപനങ്ങളുടെതല്ലാത്ത പ്രവചനങ്ങളും, ദുരന്ത സാധ്യതാ വിശകലനങ്ങളും പ്രചരിപ്പിക്കുന്നതും അതുവഴി സമൂഹത്തിൽ ഭയാശങ്ക സൃഷ്ടിക്കുന്നതും ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 54 പ്രകാരം ഒരു വർഷം വരെ തടവ് ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റം ആണ്. ഈ നിയമം രാജ്യത്ത് തന്നെ ഉപയോഗിക്കുന്നത് ആദ്യമായിട്ടാണ്.

കേരളത്തിൽ ഭൂകമ്പവും കൊടുങ്കാറ്റും സംബന്ധിച്ച ഒരു വ്യാജ മുന്നറിയിപ്പ് പ്രചരിച്ചിരുന്നു. ഈ മുന്നറിയിപ്പിന് ഒരു ശാസ്ത്രീയ അടിത്തറയും ഇല്ല എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതു സമൂഹത്തെ 10-10-2017ന് അറിയിച്ചു.

ഒരു വ്യക്തിയുടെതായി പ്രചരിക്കുന്ന ഈ മുന്നറിയിപ്പ് പ്രസ്തുത വ്യക്തി തന്നെയാണോ പുറപ്പെടുവിച്ചത് എന്നും, സാമൂഹിക മാധ്യമങ്ങളിൽ പ്രചാരം നൽകിയതെന്നും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയ ബഹു: ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകി.

നാല് മാസങ്ങൾക്കു മുൻപ് കൃത്യവും ശാസ്ത്രീയവുമായി കൊടുങ്കാറ്റിനെ സംബന്ധിച്ചും, ഭൂകമ്പം സംബന്ധിച്ചും ഒരു പ്രവചനം നിലവിൽ അസാധ്യമാണ്. കൊടുങ്കാറ്റിനെ (സൈക്ലോൺ) സംബന്ധിച്ച് ഒന്നോ (ഏറിയാൽ) രണ്ടോ ആഴ്ച മുൻപ് പ്രവചിക്കുവാൻ ഇന്ന്

സാധിക്കും, എന്നാൽ ഭൂകമ്പം സംബന്ധിച്ച് ഒരു പ്രയോജനകരമായ ശാസ്ത്രീയ പ്രവചനം ഇന്നും സാധിക്കില്ല എന്നും പൊതു സമൂഹത്തെ അറിയിച്ചു.

ഇത്തരം ശാസ്ത്രീയ പരിമിതികൾ ഉള്ളപ്പോഴും ആധികാരിക സർക്കാർ സംവിധാനങ്ങൾക്ക് ശാസ്ത്രീയതയിൽ ഊന്നി മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കൂ, ലോകം മുഴുവനുമുള്ള എല്ലാ ദുരന്ത തയ്യാറെടുപ്പ്-പ്രതിരോധ-പ്രതികരണ സംവിധാനങ്ങളും ഇത്തരത്തിൽ ശാസ്ത്രീയതയിൽ ഊന്നി മാത്രമാണ് പ്രവർത്തിക്കുന്നത്. ശാസ്ത്രീയ പ്രവചനങ്ങൾക്ക് പരിമിതിയുണ്ട് എന്നത് ആർക്കെങ്കിലും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ പ്രവചനം നടത്തുവാനും, ഇത്തരം ഊഹാപോഹങ്ങൾക്ക് ശാസ്ത്രീയതയുടെ പരിവേഷം നൽകി പ്രചരിപ്പിക്കുവാനും ഉള്ള അനുമതിയല്ല. വ്യാജ മുന്നറിയിപ്പുകൾ ഒരു കാരണവശാലും സുഹൃത്തുക്കൾക്കും ഗ്രൂപ്പുകളിലും അയച്ച് നൽകരുത്.

എല്ലാ തരം ദുരന്തങ്ങളും പ്രവചിക്കുവാൻ സാധിക്കില്ല. പ്രകൃതി ദുരന്തങ്ങളിൽ അന്തരീക്ഷ സ്ഥിതിയുമായി ബന്ധപ്പെട്ടതോ, സമുദ്ര സ്ഥിതിയുമായി ബന്ധപ്പെട്ടതോ ആയ ദുരന്തങ്ങൾ മാത്രമാണ് പ്രവചന സാധ്യം.

ദേശീയ-സംസ്ഥാന തലത്തിൽ മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുവാൻ ദുരന്ത നിവാരണ നിയമപ്രകാരം അംഗീകാരം ഉള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ശക്തമായ മഴ, ചുഴലിക്കാറ്റ്, താപ/ഉഷ്ണ തരംഗം, അതിശൈത്യം, ആലിപ്പഴ വർഷം, ഇടിമിന്നൽ, മേഘസ്ഫോടനം - കേന്ദ്ര കാലാവസ്ഥാ വകുപ്പ് (Indian Meteorological Department)
2. സുനാമി, ശക്തമായ തിരമാല, കള്ളക്കടൽ - ഇന്ത്യൻ നാഷ്ണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്, ഹൈദരാബാദ് (INCOIS, Hyderabad)
3. വെള്ളപ്പൊക്കം, അണക്കെട്ട് തുറന്ന് വിടുന്നത് - കേന്ദ്ര ജല കമ്മീഷൻ (Central Water Commission), സംസ്ഥാന ജലവിഭവ വകുപ്പ്, കെ.എസ്.ഇ.ബി
4. വരൾച്ച - കേന്ദ്ര കാലാവസ്ഥാ വകുപ്പ് (Indian Meteorological Department), കേന്ദ്ര ജല കമ്മീഷൻ (Central Water Commission), കേന്ദ്ര-സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ

ഭൂകമ്പം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, പാറ നിരങ്ങൽ എന്നിവ നിലവിൽ പ്രവചന സാധ്യമല്ല. എന്നാൽ നിരവധി ഗവേഷണങ്ങൾ ഈ മേഖലയിൽ നടന്ന് വരുന്നു.

സർവകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, വിഷയ വിദഗ്ദ്ധർ എന്നിവർ പഠന-ഗവേഷണ സംബന്ധിയായി പുറത്തിറക്കുന്ന ശാസ്ത്രീയ വിശകലനങ്ങളും, ഗവേഷണ ഫല പ്രഖ്യാപനങ്ങളും, അഭിപ്രായങ്ങളും സമൂഹത്തിൽ ഭയാശങ്ക സൃഷ്ടിക്കാത്ത രീതിയിൽ ചർച്ച ചെയ്യുന്നത് ഒരു കുറ്റമല്ല. എന്നാൽ ഈ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും സമൂഹത്തിൽ ഭയാശങ്ക സൃഷ്ടിക്കത്തക്ക രീതിയിൽ ദുരന്ത മുന്നറിയിപ്പ് നൽകുവാൻ അംഗീകാരം ഇല്ല.

ദേശീയ-സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും സർക്കാരും ചില അവസരങ്ങളിൽ ചില സ്ഥാപനങ്ങളെയോ, സർവകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങളെയോ, ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളെയോ, ചില സർക്കാരേതര സ്ഥാപനങ്ങളെയോ, വ്യക്തികളെയോ അവരുടെ പ്രത്യേക മേഖലയിലെ കഴിവിന്റെ അടിസ്ഥാനത്തിൽ, ദുരന്ത സംബന്ധിയായ പഠനങ്ങൾക്ക് നിയോഗിക്കാറുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും പ്രസ്തുത പ്രവർത്തിക്ക് മാത്രമാണ് ചുമതല നൽകുന്നത്; എന്നാൽ ഇത് ദുരന്ത മുന്നറിയിപ്പ് പുറപ്പെടുവിക്കുവാനുള്ള അധികാരമല്ല.

മേൽ സൂചിപ്പിച്ച വിവിധ ദുരന്തങ്ങൾ സംബന്ധിച്ചും, മറ്റ് ദുരന്ത സാധ്യതകളും, അപകടങ്ങളും സംബന്ധിച്ചും എന്തുതരം മുന്നറിയിപ്പുകളും, നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കും, സർക്കാർ, സർക്കാരേതര സംവിധാനങ്ങൾക്കും നൽകുവാനും, അത്തരം നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഏതൊരു സർക്കാർ, സർക്കാരേതര സംവിധാനവും, മാധ്യമ സംവിധാനവും ഉപയോഗിക്കുവാനും ദേശീയ-സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അധികാരം ഉണ്ട്. ദുരന്ത തയ്യാറെടുപ്പ്-പ്രതിരോധ-പ്രതികരണ പ്രവർത്തന ഏകോപനം ദുരന്ത നിവാരണ അതോറിറ്റികളുടെ ചുമതലയാണ്.

അംഗീകൃത അടിയന്തിരഘട്ട സ്ഥിരപ്രവർത്തന രൂപരേഖ (Standard Operating Procedures) പ്രകാരമാണ് ദുരന്ത നിവാരണ അതോറിറ്റികൾ, കേന്ദ്ര കാലാവസ്ഥാ വകുപ്പ് (Indian Meterological Department), ഇന്ത്യൻ നാഷ്ണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്, ഹൈദരാബാദ് (INCOIS, Hyderabad), കേന്ദ്ര ജല കമ്മീഷൻ (Central Water Commission) എന്നിവർ പൊതുജനങ്ങൾക്കായി ഇത്തരം നിർദേശങ്ങളും, മുന്നറിയിപ്പുകളും പുറപ്പെടുവിക്കുന്നത്. സാഹചര്യം വിശകലനം ചെയ്ത് പൊതുസമൂഹത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുവാൻ ആവശ്യമായ വിവരവും, മുന്നറിയിപ്പുകളും, നിർദ്ദേശങ്ങളും മാത്രമാണ് ദേശീയ-സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും (State Emergency Operations Centre), ജില്ലാ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും (District Emergency Operations Centre), ദുരന്ത നിവാരണ നിയമ പ്രകാരം അംഗീകരിച്ചിട്ടുള്ള മേൽസൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ദുരന്ത മുന്നറിയിപ്പും നിർദ്ദേശങ്ങളും ലഭിക്കുന്ന അവസരങ്ങളിൽ പൊതുജന സുരക്ഷ പരിഗണിച്ച് അംഗീകൃത അടിയന്തിരഘട്ട സ്ഥിരപ്രവർത്തന രൂപരേഖ (Standard Operating Procedures) പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ താലൂക്ക്, വില്ലേജ് തലത്തിൽ റവന്യൂ വകുപ്പിനും, പോലീസിനും, അഗ്നി സുരക്ഷാ വകുപ്പിനും, ആരോഗ്യ വകുപ്പിനും അധികാരം ഉണ്ട്.

ദുരന്ത മുന്നറിയിപ്പുകളും, പൊതുജനങ്ങൾക്കായുള്ള അനുബന്ധ നിർദേശങ്ങളും അതാത് ദിവസം, ഒരു നിശ്ചിത സ്ഥലത്ത് നിലവിലുണ്ടോ എന്ന് അതാത് ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ 1077 എന്ന നമ്പറിലോ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ 1079 എന്ന നമ്പറിലോ വിളിച്ചാൽ അറിയുവാൻ സാധിക്കും. ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്.

സംസ്ഥാന അതോറിറ്റിയുടെ Facebook പേജിലും, വെബ്സൈറ്റിലും ദുരന്ത മുന്നറിയിപ്പുകളും, പൊതുജനങ്ങൾക്കായുള്ള അനുബന്ധ നിർദ്ദേശങ്ങളും ലഭ്യമാക്കുന്നുണ്ട്.

വ്യാജ ദുരന്ത മുന്നറിയിപ്പുകൾ ശ്രദ്ധയിൽപെട്ടാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയുടെ 9446579222 എന്ന നമ്പറിൽ വാട്ട്സ്അപ്പ് സന്ദേശമായോ, എസ്.എം.എസ് ആയോ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

ദേശീയ-സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരം ഇല്ലാത്ത ഒരു സ്ഥാപനത്തിനും വ്യക്തിക്കും ദുരന്ത പ്രവചനം നടത്തുവാനോ, പൊതുജനങ്ങൾക്ക് ദുരന്ത സംബന്ധിയായ ആശങ്ക ഉണ്ടാക്കുന്നതരത്തിലുള്ള നിർദ്ദേശങ്ങൾ നൽകുവാനോ, പ്രചാരണം നടത്തുവാനോ അധികാരം ഇല്ല എന്നും ഇത്തരം പ്രചാരണങ്ങൾ ശ്രദ്ധയിൽപെട്ടാൽ നിയമ നടപടി സ്വീകരിക്കും എന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മാധ്യമങ്ങളിലൂടെ പൊതു സമൂഹത്തെ അറിയിച്ചു.

1.14 കടലാക്രമണ പ്രതിരോധത്തിന് എങ്ങനെ കയർ ഭൂവസ്ത്രത്തെ ഉപയോഗപ്പെടുത്താം എന്ന വിഷയത്തിൽ ശാസ്ത്ര സദസ് – 18-08-2017

കടലാക്രമണ പ്രതിരോധത്തിന് എങ്ങനെ കയർ ഭൂവസ്ത്രത്തെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് നടക്കുന്ന നൂതന പരീക്ഷണം, കൊച്ചി സർവകലാശാല, സെന്ററർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, എൻസിഇആർഎംഐ, തുടങ്ങിയ സ്ഥാപനങ്ങളിലെ രണ്ടു ഡസൻ വരുന്ന വിദഗ്ദ്ധന്മാർ, ഇറിഗേഷൻ കയർ വകുപ്പുകളിലെ സീനിയർ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ബഹു: ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്ക് ശാസ്ത്ര സദസ് ഉത്ഘാടനം ചെയ്തു. ആലപ്പുഴയിൽ ഓമനപ്പുഴ കടപ്പുറത്താണ് ഈ സദസ് നടന്നത്.

പൊളിഞ്ഞു കിടക്കുന്ന കൽഭിത്തിയ്ക്കു പുറകിലായി കയർ ഭൂവസ്ത്ര ചാക്കുകൾ അടുക്കി ഒരു ഭിത്തി പണിതു കഴിഞ്ഞു. അതിനു പുറകിൽ കയർ ജിയോ സെല്ലുകൾ ഉപയോഗിച്ച് കണ്ടൽച്ചെടികളുടെ നിരയും. ഇനി ഇതിനു പുറകിൽ പൂവരശ്,

പുന്ന, കാറ്റാടി മരം ഇവയും കൂടി നടാൻ പരിപാടിയുണ്ട്. പരിപാടി വിജയമാണെന്നാണ് പ്രാഥമിക വിലയിരുത്തൽ. പക്ഷേ, കൃത്യമായ ഒരു നിഗമനത്തിലേയ്ക്ക് എത്തുന്നതിനു മുമ്പ് കൂടുതൽ ചിട്ടയായ പരീക്ഷണങ്ങൾ വേണ്ടതുണ്ട്.

ആലപ്പുഴ കടൽത്തീരത്ത് വ്യത്യസ്ത സ്വഭാവത്തിലുള്ള ഒരു ഡസൻ തീരങ്ങൾ ഇറിഗേഷൻ വകുപ്പ് നിർണയിക്കും. ഇവിടെ NCRMI-യുടെയും ഫോമാറ്റിക്സിന്റെയും നേതൃത്വത്തിൽ വ്യത്യസ്ത രൂപത്തിലുള്ള കയർ ഭൂവസ്ത്രങ്ങൾ ഉപയോഗിച്ച് കടൽഭിത്തി പണിയും. ഇവയുടെ കാര്യക്ഷമതയെക്കുറിച്ച് പൂർണവിലയിരുത്തലിന് അടുത്ത മഴക്കാലമടക്കം ഒരു വർഷത്തെ തുടർച്ചയായ നിരീക്ഷണവും അളക്കലും വേണം. ഇതിനുള്ള യന്ത്രങ്ങൾ കൊച്ചി സർവകലാശാല സ്ഥാപിക്കും.

ഇടക്കാല വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അടുത്ത മഴയ്ക്കു മുമ്പ് ആലപ്പുഴ കടൽത്തീരത്തെ അപകടസാധ്യതയുള്ള പ്രദേശങ്ങൾ മുഴുവൻ പുതിയ സമ്പ്രദായത്തിൽ പ്രതിരോധം തീർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വളരെ സജീവമായ ചർച്ച ശാസ്ത്ര സദസിൽ നടന്നു.

1.15 കേന്ദ്ര സർക്കാർ–യു.എൻ.ഡി.പി-ദുരന്ത നിവാരണ-കാലാവസ്ഥാ വ്യതിയാന പദ്ധതി (2013-2017)

ഗവണ്മെന്റ് ഓഫ് ഇന്ത്യ - യു.എൻ.ഡി.പി ദുരന്ത നിവാരണ - കാലാവസ്ഥാ വ്യതിയാന പദ്ധതി പൂർണ്ണമായും യു.എൻ.ഡി.പി ഉദ്ദേശിച്ചത് പോലെ നടപ്പാക്കി. ഈ പദ്ധതിക്കായി 61,24,911/- രൂപ യു.എൻ.ഡി.പി ലഭ്യമാക്കി. പദ്ധതിയുടെ അവസാന റിപോർട്ട് ജൂലി & കമ്പനി (Chartered Accountants) ഓഡിറ്റ് ചെയ്ത് യു.എൻ.ഡി.പിയ്ക്കു നല്കി. പദ്ധതിയുടെ പ്രധാനപെട്ട ഫലങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം നഗരസഭയിൽ ദുരന്ത നിവാരണ സെൽ രൂപീകരിച്ചു
2. തിരുവനന്തപുരം നഗരസഭയിലെ ഉദ്യോഗസ്ഥർക്ക് Incident Response Systemൽ പരിശീലനം നല്കി
3. തിരുവനന്തപുരം നഗര സഭയ്ക്ക് ദുരന്ത ലഘൂകരണ പദ്ധതി, ദുരന്ത സാധ്യതാ അവലോകനം, മുന്നറിയിപ്പ് സംവിധാന അവലോകനം എന്നിവ തയ്യാറാക്കി നല്കി

4. തിരുവനന്തപുരം നഗരസഭയിലെ 3131 സന്നദ്ധ പ്രവർത്തകരെ ദുരന്ത നിവരണത്തിൽ പരിശീലിപ്പിക്കുകയും, 100 വാർഡുകളിലും ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുകയും ചെയ്തു
5. 200 ദുരന്ത ലഘൂകരണ അവബോധ ശിൽപ്പശാലകൾ നടത്തി
6. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റ് കൂടുതൽ കാര്യക്ഷമമാക്കി
7. ദുരന്ത ലഘൂകരണത്തിനായി വിവിധ തരം കൈ പുസ്തകങ്ങളും ലഘു ലേഖകളും തയ്യാറാക്കി
8. പത്തനംതിട്ടയിലെ പെരിങ്ങര, കൊല്ലം ജില്ലയിലെ മണ്രോ തുരുത്ത് എന്നീ വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുകയും, ദുരന്ത നിവാരണ വില്ലേജ് തല കമ്മിറ്റി രൂപീകരിക്കുകയും, സന്നദ്ധ പ്രവർത്തകരെ ദുരന്ത നിവാരണത്തിൽ പരിശീലിപ്പിക്കുകയും ചെയ്തു.

1.16 ദുരന്ത സാധ്യതാ പ്രദേശ ഭൂപടങ്ങൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ ദുരന്ത സാധ്യതാ പ്രദേശങ്ങൾ Centre for Earth Science Studies 2010ൽ തയ്യാറാക്കി സർക്കാരിനും, ദുരന്ത നിവാരണ അതോറിറ്റിക്കും നൽകിയിരുന്നു. Centre for Earth Science Studies മേൽ ഭൂപടം തയ്യാറാക്കി നൽകിയപ്പോൾ ഇവ സർക്കാരിന്റെ മാത്രം ഉപയോഗത്തിന് (for official use only) എന്ന നിബന്ധനയിൽ ആണ് തന്നത്. 2010 മുതൽ ഇവ ഉപയോഗിക്കാതെ, പൊതുജനങ്ങൾക്ക് നൽകാതെ സൂക്ഷിച്ച് വച്ചിരുന്നു.

പൊതു പണം ഉപയോഗിച്ച് തയ്യാറാക്കിയ ഇവ പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാൻ നൽകണം എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരുമാനം എടുക്കുകയും, ഇവ സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികളുടെ ഭാഗം ആക്കുകയും 2017ൽ ഇവയുടെ പൂർണ്ണ ഡിജിറ്റൽ രൂപം ഗൂഗിൾ ഏർത്തിൽ ഉപയോഗിക്കത്തക്ക രീതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ഭൂപടങ്ങളുമായി ബന്ധപ്പെടുത്തി വിവിധ ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ ചെയ്യുവാൻ പാടുള്ളതും ഇല്ലാത്തതുമായ നടപടികൾ ദുരന്ത ലഘൂകരണ പദ്ധതിയിൽ ചാപ്റ്റർ 3.21ആയി നിർദ്ദേശിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നീ ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിന് Centre for Earth Science Studies കണ്ടെത്തിയ അതാത് ദുരന്തങ്ങളുടെ വിവിധ ദുരന്തതീവ്രതാ പ്രദേശങ്ങളിൽ ചെയ്യുവാൻ പാടുള്ളതും ഇല്ലാത്തതുമായ നടപടികൾ വ്യക്തമായി ഇവിടെ പ്രതിപാധിച്ചിട്ടുണ്ട്. ഇവ വിവിധ കോടതി ഉത്തരവുകളിൽ ഉയർത്തി

കാണിക്കുകയും, കോടതി ഈ പദ്ധതികൾ വിശദമായി പരിശോധിച്ച് ഇവയുടെ ഉയർന്ന നിലവാരം ബോധ്യപ്പെട്ട് സംസ്ഥാന അതോറിറ്റിക്കും, സർക്കാരിനും അനുകൂലമായ, ദുരന്ത ലഘൂകരണത്തിന് സഹായകരമായ വിധികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭൂപടങ്ങൾ പൊതുജനങ്ങൾക്ക് പൂർണ്ണ ഡിജിറ്റൽ രൂപത്തിൽ നൽകിയ രാജ്യത്തെ ആദ്യ ദുരന്ത നിവാരണ അതോറിറ്റിയാണ് കേരളം എന്നും കോടതി പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത്തരത്തിൽ പൊതുജനങ്ങൾക്ക് അവരുടെ പ്രദേശത്തിന്റെ ദുരന്ത സാധ്യത സ്വയം കണ്ടെത്തുവാനുള്ള അവസരം നൽകിയതിനാൽ, ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നതിൽ പങ്ക് വഹിക്കുന്ന പ്രകൃതി ചൂഷണങ്ങൾക്കും നിർമ്മിതികൾക്കും എതിരെ ഉള്ള പരാതികളും തിരുത്തൽ ശ്രമങ്ങളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വയനാട്ടിൽ ജില്ല ദുരന്ത നിവാരണ അതോറിറ്റി കെട്ടിട നിർമ്മാണത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം, മലപ്പുറത്തും, കണ്ണൂരും തീവ്ര ദുരന്ത സാധ്യതാ മേഖലയിലെ പാറ പൊട്ടികലിനെതിരെയുള്ള ഉത്തരവ്, പാലക്കാടും, മറ്റ് വരൾച്ചാ പ്രദേശങ്ങളിലും വരൾച്ചാ സമയത്ത് കുഴൽ കിണർ നിയന്ത്രിക്കുന്ന ഉത്തരവ് എന്നിവ ഇവയിൽ ചില ഉദാഹരണങ്ങൾ ആണ്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് കേരളത്തിലെ വരൾച്ചാ ദുരന്ത സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുകയും, വിവിധ പ്രതിരോധ, പ്രതികരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വരൾച്ചാ പ്രതിരോധത്തിനായി സ്ഥാപിച്ച വാട്ടർ കിയോസ്ക്കൾ, ജി.പി.എസ് ഘടിപ്പിച്ച വണ്ടിയിൽ മാത്രം ജലവിതരണം അനുവദിച്ചത് എന്നിവ ഇവയിൽ ചില ഉദാഹരണങ്ങൾ ആണ്.

ദുരന്ത നിവാരണ അതോറിറ്റിയിൽ നിരിട്ട് നിർണയിക്കപെട്ടിട്ടുള്ള ചുമതല അല്ലെങ്കിലും, കേരളത്തിൽ പ്രധാന രാസ ദുരന്ത സാധ്യതാ പ്രദേശങ്ങളും സംസ്ഥാന അതോറിറ്റി നേരിട്ട് ശാസ്ത്രീയമായി കണ്ടെത്തി ഭൂപടം നിർമിച്ച് പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രധാനപെട്ട നഗരങ്ങളിലെയും അണുവികിരണ സാധ്യത സ്രോതസുകളും കണ്ടെത്തി സാധ്യത നിർണയിച്ചിട്ടുണ്ട്. ഇവ ഈ ലിങ്കിൽ http://sdma.kerala.gov.in/maps/ ലഭ്യമാണ്.

1.17 തൃശ്ശൂർ പൂരം ദുരന്ത ലഘൂകരണ പദ്ധതി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തൃശ്ശൂർ പൂരം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കി. 2018ലെ പൂരം മുതൽ മേൽ പദ്ധതി നടപ്പാക്കുവാൻ ആരംഭിച്ചു. ജനക്കൂട്ടനിയന്ത്രണ മാനദണ്ഡങ്ങളും, വിവിധ വകുപ്പുകളുടെ ചുമതലകളും, പ്രദേശത്തെ ദുരന്ത സാധ്യതകളും, അവയെ നേരിടുവാനുള്ള സംവിധാനങ്ങളും ഉൾപ്പെടുന്ന

മേൽ പദ്ധതിയോട് അനുബന്ധിച്ച് പൂരം അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രവും പ്രവർത്തിച്ചു. പദ്ധതിയുടെ നടത്തിപ്പിന്റെ ഫലമായി പൂരം ഏകോപനത്തോടെയും, അപകട രഹിതമായും നടപ്പാക്കുവാൻ സാധിച്ചു.

1.18 ശബരിമല ദുരന്ത ലഘൂകരണ പദ്ധതി

സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി 12-11-2013ൽ തീരുമാനിച്ചത് പ്രകാരം ശബരിമല അടിയന്തരഘട്ട പ്രവർത്തന രൂപരേഖ (ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ) പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ശബരിമലയിലേക്കെത്തുന്ന ഭക്തരുടെ സുരക്ഷ മുൻനിർത്തിയാണ് പ്ലാൻ തയ്യാറാക്കിയത്. ശബരിമലയിലെ പൊതുവായ എല്ലാ പ്രശ്നങ്ങളും പഠിച്ചാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പ്രധാനമായും അടിയന്തര ഘട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ മൂന്നു സ്ഥിരം സ്ഥലങ്ങൾ വേണം. നിലയ്ക്കൽ, സന്നിധാനം, അപ്പാച്ചിമേട് എന്നിവിടങ്ങളിലായിരിക്കണമെന്ന് പ്ലാനിൽ പറയുന്നു. നിലയ്ക്കലിൽ ഒരേക്കർ സ്ഥലമാണ് ഇതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത്.

സന്നിധാനത്ത് ചെറിയൊരു സെന്റർ പ്രവർത്തിപ്പിക്കാൻ കഴിയണം. അപ്പാച്ചിമേട്ടിലും ചെറിയ സെന്റർ മതിയാകും. ഈ സെന്ററുകളിൽ ദുരന്തനിവാരണ അതോറിറ്റി അധികൃതർ കാര്യങ്ങൾ നിയന്ത്രിക്കും. ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2013 മുതൽ മണ്ഡല വിളക്ക് കാലഘട്ടം മുതൽ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം (എമർജൻസി ഓപ്പറേഷൻ സെന്റർ) നടത്തി വരുന്നു. 20 സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ടാണ് ദുരന്ത നിവാരണ വിഭാഗത്തിനു കീഴിൽ പമ്പയിലെ എമർജൻസി ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുന്നത്. അടിയന്തര



സാഹചര്യം നേരിടുന്നതിന് ഇന്റർനെറ്റ്, വയർലെസ്, ടെലിഫാക്സ്, ഹാം റേഡിയോ, ഹോട്ട്ലൈൻ എന്നീ സംവിധാനങ്ങൾ കേന്ദ്രത്തിൽ ഉണ്ട്. എസ്.എം.എസ്, മോഡം എന്ന സംവിധാനം ഉപയോഗിച്ച് ഓരോ മണിക്കൂർ

ഇടവിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണിൽ സന്ദേശം ലഭ്യമാക്കുന്നു. തീർഥാകരുടെ തിരക്ക് സംബന്ധിച്ച വിവരം ഇത്തരത്തിൽ കൈമാറും. 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ ദുരന്ത നിവാരണ വിഭാഗത്തിന് പുറമേ പോലീസ്, ആരോഗ്യം, അഗ്നിശമന സേന, വനം, ദേവസ്വം, വാട്ടർ അതോറിറ്റി, ജലസേചനം, പൊതുമരാമത്ത്, കെ.എസ്.ഇ.ബി, എക്സൈസ്, നാഷണൽ ഇൻഫർമാറ്റിക്സ്, ബി.എസ്.എൻ.എൽ, കെ.എസ്.ആർ.ടി.സി, മോട്ടോർ വാഹനം തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉണ്ടാകും. പമ്പ, നിലയ്ക്കൽ, ജില്ലാ കളക്ടറേറ്റ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവിടങ്ങളുമായി എമർജൻസി ഓപ്പറേഷൻ സെന്ററിനെ ബന്ധിപ്പിക്കും. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് അപകടം ഉണ്ടാകുന്നത് തടയാനും ദുരന്ത സാഹചര്യത്തിൽ ഫലപ്രദമായി ഇടപെടാനും എമർജൻസി ഓപ്പറേഷൻ സെന്ററിന് സാധിക്കും.

സന്നിധാനത്തും മറ്റുസ്ഥലങ്ങളിലും അടിയന്തിരഘട്ട സുരക്ഷാ പ്രവർത്തനങ്ങൾ നടത്തേണ്ടി വന്നാൽ ശബരിമലയിലെ എല്ലാ വഴികളേയും കുറിച്ച് എമർജൻസി ഓപ്പറേഷൻ സെന്ററിൽ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ സഹായവും സന്നിധാനത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കുന്നുണ്ട്.

പോലീസ് സേനയും, ദേശീയ ദുരന്ത പ്രതികരണ സേനയും രക്ഷാ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അവർക്ക് ഉപയോഗിക്കുവാൻ ശബരിമലയുടെ ഭൂപടം നല്കിയിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ആയിരിക്കും ഭക്തരെ രക്ഷിച്ച് എത്തിക്കേണ്ടത്. തിക്കും തിരക്കും മൂലം ഉണ്ടാകുന്ന അപകടങ്ങൾ തുടങ്ങി അഗ്നിബാധ, പൊട്ടിത്തെറി എന്നിവയും പ്ലാൻ ഉണ്ടാക്കുന്ന ഘട്ടത്തിൽ ദുരന്തങ്ങളായി പരിഗണിച്ചിട്ടുണ്ട്. പ്രധാനവഴികളും അതിനോടനുബന്ധിച്ചുള്ള ചെറുവഴികളും വ്യക്തമാക്കുന്ന മാപ്പുകൾ പ്ലാനിനോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. തീപിടിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഇവയാണ്. അപ്പം അരവണ നിർമ്മിക്കുന്നസ്ഥലം, സമീപ പ്രദേശങ്ങളിലെ ഹോട്ടലുകളിൽ ഗ്യാസ് കുറ്റികൾ കൂട്ടമായി സൂക്ഷിക്കുന്ന സ്ഥലങ്ങൾ, വെടിവഴിപാട് നടക്കുന്ന സ്ഥലം, കൊപ്ര ഉണക്കുന്ന സ്ഥലം എന്നിവിടങ്ങളാണ്. ഇവകൂടാതെ വന്യമൃഗങ്ങൾ അയ്യപ്പന്മാരെ ആക്രമിക്കുന്നതും, വിരിവെയ്പ്പു സ്ഥലങ്ങളിൽ ഭക്ഷണം പാചകം ചെയ്യാൻ സ്റ്റൗ, ഗ്യാസ് എന്നിവ ഉപയോഗിക്കുന്നതും, സ്വാമി അയ്യപ്പൻ റോഡു വഴി ട്രാക്ടറിൽ സാധനങ്ങൾ കൊണ്ടുപോകുന്നതും അപകട സാധ്യതകൾ ഉള്ളതാണ്. അപ്പം അരവണ പ്ലാന്റുകളിൽ 25000 ബാരൽ ഡീസലാണ് സ്റ്റോർ ചെയ്തിട്ടുള്ളത്. ഹോട്ടലുകളിൽ 100ൽ കൂടുതൽ ഗ്യാസ് സിലിണ്ടറുകൾ

സൂക്ഷിക്കുന്നുണ്ട്. അയ്യപ്പൻമാർ മകര ജ്യോതി കാണുന്നതിനായി ചില പ്രത്യേക സ്ഥലങ്ങളിൽ ഒത്തുകൂടുന്നത് തിക്കും തിരക്കും ഉണ്ടാകാൻ സാധ്യതയുണ്ട്. വെടിവഴിപാട് നടത്തുന്ന സ്ഥലങ്ങളിൽ അളവിൽ കൂടുതൽ വെടിമരുന്ന് സൂക്ഷിക്കുന്നത് അപകടം ഉണ്ടാക്കും. വെടിവെയ്ക്കുന്നിടത്തു നിന്നും 500 മീറ്റർ ഉള്ളിലായി വേണം വെടിമരുന്ന് സൂക്ഷിക്കേണ്ടത്. അതും സുരക്ഷിതമായിട്ടായിരിക്കണം. സന്നിധാനത്ത് അഞ്ച് സ്ഥലങ്ങളിലാണ് വിവിധരീതിയിലുള്ള അപകടങ്ങൾക്കു സാധ്യത. അവിടെനിന്നും രക്ഷാപ്രവർത്തനം നടത്തി ഭക്തരെ എത്തിക്കേണ്ട സ്ഥലങ്ങൾ ആറെണ്ണമാണ്. ഈ സുരക്ഷിത സ്ഥലങ്ങളിലേക്കെത്തേണ്ട പ്രത്യേക വഴികളും മാപ്പിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. എമർജൻസി ഓപ്പറേറ്റിംഗ് സെന്ററിനായി 10 ലക്ഷം രൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്.

ഒരേ സമയം ദർശനത്തിനായി സന്നിധാനത്തും പരിസരത്തും രണ്ടു ലക്ഷം ഭക്തർക്കു മാത്രമേ നിൽക്കാൻ അനുമതിയുള്ളൂ. അതിൽ കൂടുതൽ ഭക്തർ എത്തിയാൽ സന്നിധാനത്ത് തിക്കും തിരക്കും ഉണ്ടായി അപകടമുണ്ടാകുമെന്ന കണ്ടെത്തലിലാണിത്. ഇതിലധികം ഭക്തർ എത്തിയാൽ സ്വാമി അയ്യപ്പൻ റോഡിൽ നിന്നും ഭക്തരെ സന്നിധാനത്തേക്കു വിടുന്നത് പോലീസ് നിയന്ത്രിക്കണം എന്ന നിർദേശം എമർജൻസി ഓപ്പറേഷൻ സെന്റർ നല്കും. ഒരാൾക്ക് അര സ്ക്വയർ മീറ്റർ സ്ഥലം എന്ന അളവിലാണ് സന്നിധാനത്ത് കണക്കു കൂട്ടിയിരിക്കുന്നത്. ഓരോ മണിക്കൂറും സന്നിധാനത്ത് എത്തുന്ന ഭക്തരുടെ എണ്ണം മോണിറ്റർ ചെയ്യുന്നുണ്ട്. ഓരോ മൂന്നു മണിക്കൂറുകൾ കൂടുമ്പോഴും ജില്ലാ കളക്ടർക്കും ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ഓഫീസിലും എമർജൻസി ഓപ്പറേറ്റിങ് സെന്ററിലും മെസേജുകൾ എത്തുകയും ചെയ്യും. ഇതനുസരിച്ചാണ് ഭക്തരെ നിയന്ത്രിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. സന്നിധാനത്തേക്കെത്തുന്ന ഭക്തർ ഏതൊക്കെ സ്ഥലങ്ങളിലാണ് തമ്പടിക്കുന്നതെന്നും എവിടെയൊക്കെയാണ് വിരി വെയ്ക്കുന്നതെന്നും കണ്ടെത്താൻ പ്രത്യേക മാപ്പിങ് നടത്തിയിട്ടുണ്ട്. ഇവയും ക്രൈസിസ് മാനേജ്മെന്റ് പ്ളാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രൈസിസ് മാനേജ്മെന്റ് പ്ളാനിന്റെ ഭാഗമായി പത്തനംതിട്ട മുതൽ പമ്പ വരെ ദുരന്തനിവാരണ സുരക്ഷായാത്രയും നടത്തിവരുന്നു. പൊതുമരാമത്ത്, വനം വകുപ്പ്, ആർ.ടി.ഒ, ഫയർഫോഴ്സ് ഉദ്യോഗസ്ഥരും അയ്യപ്പസേവാ സംഘം പ്രവർത്തകരും സുരക്ഷായാത്രയിൽ പങ്കെടുത്തു. ഓരോ പ്രദേശത്തെയും സുരക്ഷ ഈ യാത്രയിൽ വിലയിരുത്തുകയും, വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്ത് വരുന്നു.

1.19 കോടതി കേസുകൾ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് കക്ഷിയായ വിവിധ പരിസ്ഥിതി കേസുകൾ ഹൈക്കോടതിയിൽ വരുന്ന സാഹചര്യം അതോറിറ്റിയുടെ പ്രവർത്തന ഫലമായി ഉണ്ടായി. ഇവയിൽ അതോറിറ്റിയുടെ സത്യസന്ധമായ നടപടികൾ കാരണം പാരിസ്ഥിതിക അനുകൂല വിധികൾ ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും ഉണ്ടായി. ഇവയിൽ പ്രധാന കേസുകൾ ചുവടെ ചേർക്കുന്നു.

1. WA No. 2745 of 2015 in WP (C) 26377/2015 against judgement in WP (C) 26377 dated 23-09-2015 - തിരുവനന്തപുരം നഗരത്തിൽ ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കിയ ഓപ്പറേഷൻ അനന്ത പദ്ധതി പ്രകാരം പൊളിച്ച് കളയാൻ തീരുമാനിച്ച ഒരു കെട്ടിടം പൊളിക്കുന്നതിന് എതിരെ ഉടമ നല്കിയ ഹരിജിയിൽ കോടതി ദുരന്ത നിവാരണ നിയമവും, അതിനു കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പ്രത്യേക നിയമ സാധുതയും, മറ്റ് നിയമങ്ങൾക്കുള്ളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും, മറ്റെല്ലാ നിയമങ്ങൾക്കും മുകളിൽ ദുരന്ത നിവാരണ ഉത്തരവുകൾക്കുള്ള പ്രാബല്യവും ഉയർത്തിക്കാട്ടി സർക്കാർ തീരുമാനം അംഗീകരിച്ചു.
2. WP(C) No. 24873 of 2015 (H) dated 3-11-2015 - വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വയനാട് ജില്ലയിൽ നിശ്ചിത ഉയരത്തിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾ നിർമ്മിക്കരുത് എന്ന് ഉരുൾപൊട്ടൽ ഭൂപടവും സംസ്ഥാന അതോറിറ്റിയുടെ ഉപദേശവും അനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ദുരന്ത നിവാരണ നിയമാനുസൃതം ഉയർത്തിപ്പിടിക്കുകയാണ് ഈ വിധിയിൽ കോടതി.
3. WP (C) No. 5774, 6003, 6109, 7279 of 2017 (W) dated 10-03-2017 - കേരളത്തിലെ രൂക്ഷമായ വരൾച്ചാ സാഹചര്യത്തിൽ സംസ്ഥാന അതോറിറ്റിയുടെ ശിപാർശ പ്രകാരം വ്യാവസായിക ഉപയോഗത്തിന് ഭൂജല വിനിയോഗം 31-5-2017 വരെ 25%ലേക്ക് പരിമിതപ്പെടുത്തിയതിനെ ലഘൂകരിക്കുവാനായി ആണ് ചിലർ കോടതിയെ സമീപിച്ചത്. വിശദമായ വാദം കേട്ട കോടതി, കാലാകാലം ഭൂജല നിരപ്പ് പരിശോധിച്ച് ജല വിനിയോഗ പരിധി നിർണയിക്കണം എന്ന് ഉത്തരവിട്ടു.
4. Writ Petition (Civil) No. 444 of 2013 dated 8-05-2017 - എല്ലാ സംസ്ഥാനങ്ങളും, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കക്ഷിയായ ഈ സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയിൽ ദുരന്ത നിവാരണ നിയമ പ്രകാരം വിവിധ നടപടികൾ സംസ്ഥാനങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് കണ്ടെത്തി.

5. WP (C) No. 2986/2017 (W) dated 11-04-2017 - കേരളത്തിലെ രൂക്ഷമായ വരൾച്ചാ സാഹചര്യത്തിൽ സംസ്ഥാന അതോറിറ്റിയുടെ ശിപാർശ പ്രകാരം വ്യാവസായിക ഉപയോഗത്തിന് ഭൂജല വിനിയോഗം 31-5-2017 വരെ 25%ലേക്ക് പരിമിതപ്പെടുത്തിയതിനെ കുപ്പിവെള്ള കമ്പനികളുടെ അസോസിയേഷൻ ചോദ്യം ചെയ്തെങ്കിലും, സംസ്ഥാന അതോറിറ്റിയുടെ ഉത്തരവ് കോടതി ഉയർത്തിപ്പിടിച്ചു.
6. WP (C) No. 12018/2016 dated 21-04-2017 - ഇടുക്കി ജില്ലയിൽ, തൊടുപുഴ താലൂക്കിൽ, വെളിയാമറ്റം വില്ലേജിൽ, ബ്ളോക്ക് 28, സർവേ നംബർ 146/2 പുലിയാനിക്കൽ ഗ്രൈനെറ്റ് ക്വാറി ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നുണ്ടോ എന്നു ബഹു. ഹൈകോടതി നിർദേശ പ്രകാരം പരിശോധിച്ച് കോടതിക്ക് റിപോർട്ട് സമർപ്പിച്ചു. ഈ റിപോർട്ട് കൂടി പരിഗണിച്ച് കോടതി കേസ് തീർപ്പാക്കി
7. WP (C) No. 1965/2017 filled by T.N Ashok Kumar - ഇടുക്കി ജില്ലയിൽ പ്ലം ജൂഡി എന്ന റിസ്സോർട്ട് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യത പരിഗണിച്ച് തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുവദിക്കണമോ എന്ന വിഷയത്തിൽ ബഹു. ഹൈക്കൊടതി അതോറിറ്റിയുടെ അഭിപ്രായം തേടി. അതോറിറ്റിയുടെ കൂടെ അഭിപ്രായം കേട്ട ശേഷം കോടതി കേസ് തീർപ്പാക്കി.

1.20 ദേശീയ വരൾച്ചാ സഹായ ഗ്രന്ഥ (Drought Manual) പരിഷ്കരണം

കേന്ദ്ര ആഭ്യന്തര മന്ത്രാലയം കത്ത് നമ്പർ 33-6/2016 NDM-1 dated 3-04-2017 പ്രകാരം കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡം ഖണ്ഡിക 3 പരിഷ്കരിച്ചിട്ടുണ്ട്. വരൾച്ചാ സഹായ ഗ്രന്ഥ 2016 കർശനമായി നടപ്പാക്കണം എന്നും ഈ മാനുവലിൽ ഉള്ള മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് മാത്രമേ ഇനി മുതൽ വരൾച്ചാ പ്രഖ്യാപനം സാധിക്കുകയുള്ളൂ എന്നും അറിയിച്ചു. പ്രസ്തുത മാനുവലിന്റെ table 3.10 പ്രകാരം

1. മഴ: മഴയുടെ ദീർഘകാല ശരാശരിയിൽ നിന്നുള്ള വ്യതിയാനം അല്ലെങ്കിൽ Standard Precipitation Index, കൂടാതെ തുടർച്ചയായി 4 ആഴ്ചയിൽ (ജലം പെട്ടന്ന് ഊർന്നുപോകുന്ന മണ്ണുള്ള പ്രദേശങ്ങളിൽ 3 ആഴ്ച) അധികം മഴ പെയ്യാതിരിക്കുന്ന സ്ഥിതി.
2. കൃഷി: വാർഷിക അളവിൽ (annual sown area) കൃഷി ഇറക്കിയ സ്ഥലത്തിന്റെ വിസ്തൃതി ശരാശരിയിൽ നിന്നും 50% കുറവായിരിക്കണം
3. ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ നിർണ്ണയിക്കുന്ന ഭൂമിയുടെ ഹരിത മേലാപ്പിന്റെ തോത് (Normalized Difference Vegetation Index or Vegetation Condition Index)

4. മണ്ണിലെ ഈർപ്പത്തിന്റെ വ്യതിയാനം (Percentage Available Soil Moisture or Moisture Adequacy Index)
5. ഉപരിതല ജലത്തിന്റെയും ഭൂജലത്തിന്റെയും ലഭ്യത (Steam Flow Drought Index, Reservoir Storage Index, Ground Water Drought Index)

എന്നീ സൂചികകൾ നിർബന്ധമായും വരൾച്ച പ്രഖ്യാപനത്തിന് ഉപയോഗിക്കണം.

ഇവയിൽ ഐറ്റം 1 നിർബന്ധമായും 50%ത്തിൽ കുറവാണെങ്കിലും, തുടർച്ചയായി 4 ആഴ്ചയിൽ അധികം മഴ പെയ്യാതിരിക്കുന്ന സ്ഥിതിയും മാത്രമേ വരൾച്ചാ പ്രഖ്യാപനത്തിന്റെ ആദ്യ ഘട്ടം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് വരൾച്ച പ്രഖ്യാപിക്കണമെങ്കിൽ 2 മുതൽ 5 വരെയുള്ള ഏതെങ്കിലും 3 ഐറ്റം അനുവദനീയമായ അളവിന് താഴെ ആയിരിക്കുകയും വേണം. അതിതീവ്ര വരൾച്ച (severe drought) ആണെങ്കിൽ മാത്രമേ ഇനി മുതൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം അഭ്യർഥിക്കുവാൻ സാധിക്കുകയുള്ളൂ. ഇവയെല്ലാം ബ്ലോക്ക് അടിസ്ഥാനത്തിൽ നിർണ്ണയിക്കുകയും, വരൾച്ച പ്രഖ്യാപിക്കുന്ന വില്ലേജുകളിലെ 10% എങ്കിലും വലിയ കൃഷിയിടങ്ങൾ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് ഉണ്ടാകുകയും വേണം. ചെറുകിട കൃഷി ഇടങ്ങൾ പരിശോധിക്കുന്നത് അഭികാമ്യമല്ല എന്നും ഈ സഹായ ഗ്രന്ഥം നിഷ്കർഷിക്കുന്നു.

തീവ്ര വരൾച്ച (moderate drought) എന്ന ഘട്ടത്തിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഇനി സംസ്ഥാനങ്ങൾക്ക് സഹായം അഭ്യർഥിക്കുവാൻ സാധിക്കില്ല. ഇത്തരം സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയും, സംസ്ഥാനത്തിന്റെ തനതു ഫണ്ടും ഉപയോഗിച്ച് മാത്രമേ വരൾച്ച പ്രതിരോധം സാധിക്കൂ.

കേരളത്തിലെ ദീർഘകാല മഴയുടെ ശരാശരി പരിശോധിച്ചാൽ 4 ആഴ്ചയിൽ അധികം മഴ പെയ്യാതിരിക്കുന്ന സ്ഥിതി തുടർച്ചയായി കേരളത്തിൽ അപൂർവ്വം ചില സ്ഥലങ്ങളിൽ (പാലക്കാട്, പുനലൂർ) അല്ലാതെ ഉണ്ടായിട്ടില്ല. ഇതിനാൽ വരൾച്ചാ പ്രഖ്യാപനത്തിന്റെ ആദ്യ ഘട്ടം ആരംഭിക്കുവാൻ പോലും കേരളത്തിന് സാധിക്കില്ല. ഇത് കൂടാതെ, കേരളത്തിൽ ആകെ 78 മഴ നിരീക്ഷണ കേന്ദ്രങ്ങൾ മാത്രമേ കേന്ദ്ര കാലാവസ്ഥാ വകുപ്പിന് ഉള്ളു. ഇതിനാൽ ബ്ലോക്ക് തലത്തിൽ മഴയുടെ ആധികാരികമായ അളവ് ലഭ്യമല്ല.

കേരളത്തിൽ വാർഷിക കൃഷി ഇറക്കുന്ന പ്രദേശത്തിന്റെ വിസ്തൃതി പരിമിതമാണ്. ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും സ്ഥിരവിളകൾ ആണെന്നതും വസ്തുതയാണ്. ഒരു സീസണിൽ മഴ ലഭ്യത കുറവായതിനാൽ കൃഷി ഇറക്കാതിരുന്നാൽ കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി

നിന്നും ദുരിതാശ്വാസം നൽകുവാൻ സാധിക്കില്ല. ജല ലഭ്യത കുറവിനാൽ കൃഷി ഇറക്കാത്ത കർഷകർക്ക് കൃഷി ഇൻഷുറൻസ് നൽകുവാനും സാധിക്കില്ല. ഇതിനാൽ കൃഷി പരമാവധി ഇറക്കുവാൻ കേരളത്തിലെ ചെറുകിട കർഷകർ ശ്രമിക്കും. ഇത്തരത്തിൽ സ്ഥിരവിളകളും ചെറുകിട കർഷകരും കൂടുതലായി ഉള്ള കേരളത്തിൽ, രണ്ടാമത്തെ ഐറ്റം വരൾച്ചാ നിർണയത്തിനായി ഉപയോഗിക്കുവാൻ വലിയ പരിമിതിയുണ്ട്.

2002 മുതൽ 2016 വരെയുള്ള ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ നിർണ്ണയിക്കുന്ന ഭൂമിയുടെ ഹരിത മേലാപ്പിന്റെ തോത് പരിശോധിച്ചതിൽ നിന്നും -30% ത്തിൽ കൂടുതൽ വ്യതിയാനം 2012-13, 2016-17 പോലുള്ള അതി തീവ്ര വരൾച്ച കാലത്തും ഉണ്ടായിട്ടില്ല. ഇതിന്റെ പ്രധാന കാരണം കേരളത്തിലെ സ്ഥിരവിളകളും, കാടും നൽകുന്ന ഗുണകരമായ ഹരിത മേലാപ്പാണ്. കൂടാതെ കേരളത്തിൽ മൊത്തമായി മേഘാവ്രതമല്ലാത്ത ഒരു ദിവസം പോലും ഇല്ല എന്നതിനാൽ ഉപഗ്രഹചിത്ര അധിഷ്ഠിതമായ ഒരു സൂചികയും (parameter) കേരളത്തിലെ വരൾച്ചാ തോത് നിർണയിക്കുവാൻ സഹായകരമല്ല.

കേരളം പോലെ കടലോര, ഉഷ്ണമേഖലാപ്രദേശത്തെ, സ്ഥിര ഹരിത മേലാപ്പുള്ള സംസ്ഥാനങ്ങളിൽ ശരാശരി അന്തരീക്ഷ ഊഷ്മാവ് 65%ന് മുകളിലാണ്. ഇത് രാത്രി കാലങ്ങളിൽ സാന്ദ്രീകരിച്ച് മണ്ണിനുമുകളിലും, ഇലയിലും ഈർപ്പം സൃഷ്ടിക്കും. ഇതിനാൽ മണ്ണിലെ ഈർപ്പം കേരളം പോലെ കടലോര, ഉഷ്ണമേഖലാപ്രദേശത്തെ, സ്ഥിര ഹരിത മേലാപ്പുള്ള സംസ്ഥാനങ്ങളിൽ വരൾച്ചാ നിർണയ സ്ഥിരരാശിയായി ഉപയോഗിക്കുവാൻ പരിമിതികൾ ഉണ്ട്.

ഈ മാനുവലിൽ കേരളത്തിന് അനുകൂലമായി ഉപയോഗിക്കാവുന്നത് ആകെ ഉപരിതല ജലത്തിന്റെയും ഭൂജലത്തിന്റെയും ലഭ്യത മാത്രമാണ്. ഇത് തന്നെ ബ്ലോക്ക് തലത്തിൽ ആവശ്യമായ വിവര ശേഖരണം കേന്ദ്ര ജല കമ്മീഷനും, കേന്ദ്ര ഭൂജല ബോർഡും നടത്തുന്നില്ല. മാസത്തിൽ ഒരു തവണ മാത്രമാണ് ഇത്തരം സൂചികകൾ കേരളത്തിൽ നിരീക്ഷിക്കപെടുന്നത്.

ഇത്തരത്തിൽ മേൽ സൂചിപ്പിച്ച സൂചികകൾ പരിഗണിച്ച് വരൾച്ചാ മാനുവൽ 2016 പ്രകാരം കേരളത്തിൽ ഇനി ഒരിക്കലും വരൾച്ച പ്രഖ്യാപിക്കുവാൻ സാധിക്കില്ല.

മേൽ വസ്തുതകൾ കേന്ദ്ര വരൾച്ച ദുരിതാശ്വാസ കമ്മീഷണർ മുൻപാകെ അറിയിക്കുവാൻ വിശദമായ നിവേദനം ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. 3-05-2017ൽ കേന്ദ്ര സർക്കാരിൽ വിശദമായി വിഷയം അവതരിപ്പിച്ചതിന്റെ വെളിച്ചത്തിൽ Ltr. No. 9/1/2014-DM-I (pt. III) dated 9-8-2017 പ്രകാരം കേന്ദ്ര സർക്കാർ ചില പരിഷ്കരണങ്ങൾ വരുത്തി. ഇവയും കേരളത്തിന് പൂർണ്ണമായും പ്രയോജനം

ചെയ്യില്ല എന്നതിനാൽ 12-3-2018നു വീണ്ടും കേന്ദ്ര സർക്കാർ മുൻപാകെ വിശദമായ ശാസ്ത്രീയ വിശദീകരണം നടത്തി. അനുകൂലമായ തീരുമാനത്തിനായി സമ്മർദം ചെലുത്തി വരുന്നു. കൂടുതൽ വിശദമായ ശാസ്ത്രീയ നിവേദനം തയ്യാറാക്കി കേന്ദ്ര സർക്കാരിനെ വീണ്ടും സമീപിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

1.21 ദുരന്ത നിവാരണ അതോറിറ്റിയുടെ കലണ്ടർ

കേരളത്തിലെ പ്രധാന ദുരന്തങ്ങളും, ദുരന്ത പ്രതികരണ, പ്രതിരോധ പ്രവർത്തനങ്ങളും, അത്യാവശ്യ സമയങ്ങളിൽ ഓരോ തലത്തിലും ബന്ധപ്പെടേണ്ടുന്ന ഉദ്യോഗസ്ഥരുടെ വിവരവും അടങ്ങുന്ന പ്രത്യേക കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. മൊത്തം 3000 കോപ്പി തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഉൾപ്പടെ ദുരന്ത നിവാരണം കൈകാര്യം ചെയ്യുന്ന 47 കാര്യാലയങ്ങൾക്ക് വിതരണം ചെയ്തു.

1.22 നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ

ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വ്യാപകമായതും, പ്രസക്തി പൊതുസമൂഹത്തിൽ അറിയപ്പെടുവാൻ ആരംഭിച്ചത് 2016 മുതൽ ആണ്. ആയതിനാൽ നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾ കൂടുതലായി വരുവാൻ ആരംഭിച്ചു. ആകെ 4 പൊതുജീവനക്കാർ മാത്രമുള്ള അതോറിറ്റിയുടെ പ്രവർത്തനത്തെ ഇത്ര അധികം ഭരണപരമായ പ്രവർത്തി വളരെ അധികം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതിക ജീവനക്കാരുടെ കൂടി സഹായത്തോടെ ഒരു ചോദ്യം പോലും ബാക്കിവയ്ക്കാതെ കൃത്യമായ മറുപടികൾ നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിലെ ബഹുമാന്യരായ ജനപ്രതിനിധികൾക്ക് നല്കുവാൻ സാധിച്ചു. മൊത്തം 103 ചോദ്യങ്ങൾക്ക് മറുപടി ഈ റിപ്പോർട്ടിന്റെ കാലയളവിൽ നല്കി. ഇവ കൂടാതെ വിഷയ നിർണയ സമിതി, പരിസ്ഥിതി സമിതി, ഉറപ്പുകൾ സംബന്ധിച്ച സമിതി എന്നിവ സംബന്ധിച്ച് 9 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചു.

സാങ്കേതിക പ്രവർത്തനവും ആസൂത്രണവും കൂടുതൽ ആയി നടത്തുവാൻ അതോറിറ്റിക്ക് സാധിക്കണം എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി കൂടുതൽ ജീവനക്കാരെ ലഭ്യമാക്കണം എന്നതും വസ്തുതയാണ്.

രാജ്യസഭാ പെറ്റീഷൻസ് കമ്മിറ്റി 30-5-2017 മുതൽ 2-6-2017 വരെ കേരളത്തിൽ സന്ദർശനം നടത്തി. രാജ്യസഭാ പെറ്റീഷൻസ് കമ്മിറ്റി മുൻപാകെ കേന്ദ്ര ജല കമ്മിഷന്റെ വെള്ളപ്പൊക്ക പ്രവചന പ്രവർത്തനം സംബന്ധിച്ച് പ്രൊഫ. രാജേന്ദ്ര കച്ചറൂ സമർപ്പിച്ച ഹരിജിയിൽ രാജ്യസഭാ കമ്മിറ്റി എറണാകുളം സന്ദർശിച്ച് തെളിവെടുത്തു. മേൽ കമ്മിറ്റി മുൻപകെ

ദുരന്ത നിവാരണ അതോറിറ്റി വിശദമായ പ്രസന്റേഷൻ നടത്തി. കേരളത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിനും, കേന്ദ്ര ജല കമ്മീഷനും ഉള്ള നിരീക്ഷണ, പ്രവചന പരിമിതികൾ സംബന്ധിച്ച് വിശദമായ അവലോകനവും, ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് സംസ്ഥാന അതോറിറ്റി നടത്തുന്ന വെള്ളപ്പൊക്ക പ്രതികരണ നടപടികൾ സംബന്ധിച്ചും തെളിവ് നല്കി. കേരളത്തിൽ പ്രളയമുന്നറിയിപ്പ് സംവിധാനങ്ങൾ കേന്ദ്ര ജല കമ്മിഷൻ സ്ഥാപിച്ചിട്ടില്ല എന്നും, കേന്ദ്ര കാലാവസ്ഥാ വകുപ്പിന് ആവശ്യമായ നിരീക്ഷണ ഉപകരണങ്ങൾ ഇല്ല എന്നും കമ്മിറ്റി മുൻപാകെ സംസ്ഥാന അതോറിറ്റി ബോധിപ്പിച്ചു. സർക്കാർ കത്ത് Rev-K1/73/2017-DMD dated 7-03-2017 മറുപടിയായി 9-3-2017നു DM/302/2017/SDMA എന്ന കത്ത് നമ്പറിൽ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി നല്കിയ വിശദമായ മറുപടിയും കമ്മിറ്റി മുൻപാകെ അവതരിപ്പിച്ചു.

1.23 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനം – ആപ്ദാമിത്ര പദ്ധതിയുടെ ഉത്ഘാടനവും, സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപീകരണവും

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ, ആപ്ദാമിത്ര പദ്ധതിയുടെ ഉത്ഘാടനവും, സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപീകരണവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, അഗ്നിസുരക്ഷാ വകുപ്പും ഒരുമിച്ച് ഒക്ടോബർ 13-ആം തീയതി തിരുവനന്തപുരത്ത് അഗ്നിസുരക്ഷാ വകുപ്പ് ആസ്ഥാനത്ത് നടത്തി. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം നിർവഹിച്ച യോഗത്തിൽ, ബഹു. ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ആധ്യക്ഷം വഹിച്ചു.

1.24 ആരോഗ്യ മേഖലയുടെ ദുരന്ത ലഘൂകരണ ശാക്തീകരണം

യു.എൻ.ഡി.പിയുടെ സഹകരണത്തോടെ സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ ദുരന്ത ലഘൂകരണ പരിശീലന ആവശ്യകത സംബന്ധിച്ച ഒരു അവലോകനം നടത്തിയിരുന്നു. മേൽ അവലോകനത്തിന്റെ വെളിച്ചത്തിൽ ആരോഗ്യ മേഖലയിൽ ദുരന്ത ലഘൂകരണ - നിവാരണ പ്രവർത്തനങ്ങൾ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടുകൂടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 30 ലക്ഷം രൂപ 2016-17 ആരോഗ്യ വകുപ്പിന് നൽകുകയുണ്ടായി.

ആരോഗ്യ വകുപ്പിലെ

ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുക, ആശുപത്രികളിൽ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുക, ആരോഗ്യ വകുപ്പിന്റെ ദുരന്ത ആസൂത്രണ രേഖ ഭേദഗതി വരുത്തുക തുടങ്ങിയുള്ള പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി രണ്ടു സംസ്ഥാന തല പരിശീലനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ നടത്തുകയുണ്ടായി. കേരളത്തിലെ വിവിധ ജില്ലകളിലുള്ള ഡോക്ടർമാർ പങ്കെടുത്തു. ആശുപത്രി ദുരന്ത നിവാരണത്തിൽ ദേശീയ അന്തർദേശീയ തലത്തിൽ അനുഭവവും ഈ വിഷയത്തിൽ പ്രാവീണ്യവുമുള്ള ശ്രി ഹരികുമാർ, ജിയോ ഹസാർഡ്സ് ഇന്ത്യ, ആയിരുന്നു പരിശീലകൻ.

2017 ജൂൺ 14, 30 തീയതികളിൽ ആണ് ഈ പരിശീലനങ്ങൾ നടന്നത്. ആരോഗ്യ വകുപ്പിന്റെ വകുപ്പ് തല ദുരന്ത ആസൂത്രണ രേഖയിൽ വരുത്തേണ്ട ഭേദഗതികളും ഈ പരിശീലനത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചു. ആശുപത്രികൾ ഒരു ദുരന്ത സാഹചര്യത്തിൽ പ്രവർത്തിക്കേണ്ടതെങ്ങനെ എന്നുള്ള ചർച്ചകളും നടന്നു, കൂടാതെ പുറ്റിങ്ങൽ വെടിക്കെട്ടപകടം നടന്നപ്പോൾ ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചും ചർച്ച ചെയ്തു.

1.25 സർക്കാർ സെക്രട്ടേറിയറ്റ് - അഗ്നിരക്ഷാ മോക്ക് ഡ്രിൽ

8-3-2018ന് തിരുവനന്തപുരത്തെ സർക്കാർ സെക്രട്ടേറിയറ്റിൽ വിപുലമായ രീതിയിൽ അഗ്നിരക്ഷാ മോക്ക് ഡ്രിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി. സർക്കാർ സെക്രട്ടേറിയറ്റിന്റെ പ്രധാന കെട്ടിടം പൂർണ്ണമായും ഒഴിപ്പിച്ച മോക്ക് ഡ്രില്ലിൽ 1120 വ്യക്തികളെ ഒഴിപ്പിച്ചു. 22 ഭിന്നശേഷി ഉള്ള ജീവനക്കാരെ പ്രത്യേകമായി ഒഴിപ്പിച്ചു. അഗ്നി സുരക്ഷാ വകുപ്പ് 4 മിനിറ്റിനുള്ളിലും, അടിയന്തിര വൈദ്യ സഹായം 6 മിനിറ്റിനുള്ളിലും എത്തി. Incident Response System സെക്രെട്ടേറിയേറ്റിലെ ജീവനക്കാർക്കിടയിൽ നടപ്പാക്കി. കണ്ടെത്തിയ പരിമിതികളും പോരായ്മകളും പരിഹരിക്കുവാൻ വിശദമായ റിപ്പോർട്ട് (http://sdma.kerala.gov.in/wp-content/uploads/2018/11/Mockdrill_Report-070518.pdf) സർക്കാരിന് നല്കി.

1.26 ദുരന്ത നിവാരണ അതോറിറ്റിയുടെ യൂട്യൂബ് ചാനൽ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചു. മേൽ ചാനലിൽ ചുവടെ ചേർക്കുന്ന വീഡിയോകൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികളെ ഉദ്ദേശിച്ചുള്ള അനിമേഷൻ വീഡിയോകൾ

- പരിസ്ഥിതി സംരക്ഷണം
- ഇടിമിന്നൽ സുരക്ഷ
- നായ്ക്കളിൽ നിന്നുള്ള സുരക്ഷ

കേൾവിപരിമിതർക്കായുള്ള ആംഗ്യഭാഷാ വീഡിയോകൾ

- ഇടിമിന്നൽ സുരക്ഷ
- ഭൂമികുലുക്ക സുരക്ഷ
- അഗ്നി സുരക്ഷ
- വെള്ളപ്പൊക്ക സുരക്ഷ
- വരൾച്ചാ സുരക്ഷ

ഇവ കൂടാതെ, 2016-17ലെ വരൾച്ചയുടെ തീവ്രത വെളിവാക്കുന്ന Arid എന്ന ഒരു വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടുതൽ വീഡിയോകൾ സൃഷ്ടിച്ചും, അതോറിറ്റിയുടെ പരിപാടികൾ യൂട്യൂബ് ചാനൽ വഴി പ്രസിദ്ധീകരിച്ചും ജനങ്ങളിൽ ദുരന്ത ലഘൂകരണ അവബോധം സൃഷ്ടിക്കുവാൻ ശ്രമിച്ചുവരുന്നു. യൂട്യൂബ് ചാനൽ ലിങ്ക് ഇതാണ് http://www.youtube.com/c/KeralaStateDisasterManagementAuthorityKSDMA

1.27 ഫിഫ - 17 വയസിൽ കുറവുള്ളവരുടെ ലോകകപ്പിന്റെ കൊച്ചിയിൽ നടന്ന മൽസരത്തിന്റെ ദുരന്ത ലഘൂകരണ രൂപരേഖ

2017 ഒക്ടോബർ മാസത്തിലെ 7, 10, 13, 18, 22 തീയതികളിൽ ഫിഫ - 17 വയസിൽ കുറവുള്ളവരുടെ ലോകകപ്പ് കൊച്ചിയിൽ നടന്നു. മേൽ മത്സരങ്ങളുടെ നടത്തിപ്പിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിപുലമായ ദുരന്ത ലഘൂകരണ രൂപരേഖ (ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ) തയ്യാറാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയ പദ്ധതി ഫിഫ അധികാരികളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി. 30-8-2017, 1-9-2017 എന്നീ തീയതികളിൽ ആലോചന യോഗങ്ങളും, 7-9-2017ൽ ഒരു ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന വർക്ക്ഷോപ്പും, 13-9-2017ന് ക്രൈസിസ് മാനേജ്മെന്റ് സബ് കമ്മിറ്റി യോഗവും, 14-9-2017ന് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സുരക്ഷാ യാത്രയും, 18-9-2017ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗവും, 25-9-2017ന് ടേബിൾ ടോപ് മോക്ക് ഡ്രില്ലും നടത്തി. 26-09-2017, 3-10-2017, 4-10-2017 എന്നീ തീയതികളിൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രത്യേക മോക്

ഡ്രിൽ നടത്തി. ദേശീയ ദുരന്ത പ്രതികരണ സേനയെയും, ഡോക്ടർമാരെയും, പോലീസ്, അഗ്നി സുരക്ഷാ വകുപ്പ് എന്നിവരെ ഉൾപ്പെടുത്തി ആണ് മോക്ക് ഡ്രിൽ നടത്തിയത്. മൊത്തം 350 സന്നദ്ധപ്രവർത്തകരെ പ്രാഥമിക ശുശ്രൂക്ഷ നൽകുവാനും, തീപിടുത്തം ഉണ്ടായാൽ ഇടപ്പെടുവാനും പരിശീലനം നല്കി. ഇവരെ നിയന്ത്രിക്കാൻ 25 പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തി. ഇത്തരം ഒരു രൂപരേഖ രാജ്യത്ത് തന്നെ ആദ്യമായിട്ടാണ് തയ്യാറാക്കി നടപ്പാക്കുന്നത്.

1.28 ഇൻഡ്യൻ സൂപ്പർ ലീഗ് മൽസരം (2017-18)

2017 നവംബർ മാസത്തിലെ 24, ഡിസംബർ 3, 15, 31, 2018 ജനുവരി 4 തീയതികളിൽ ഇൻഡ്യൻ സൂപ്പർ ലീഗ് മൽസരം കൊച്ചിയിൽ നടന്നു. മേൽ മത്സരങ്ങളുടെ നടത്തിപ്പിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വിപുലമായ ദുരന്ത ലഘൂകരണ രൂപരേഖ (ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ) തയ്യാറാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയ പദ്ധതി ഫിഫ അധികാരികളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി.

10-11-2017ന് ആലോചന യോഗവും, 13-11-2017ന് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ ഡ്രാഫ്റ്റ് തയ്യാറാക്കി, 15-11-2017ന് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ അംഗീകരിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗവും, ടേബിൾ ടോപ് മോക്ക് ഡ്രില്ലും, 16-11-2017ന് ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിൽ മോക്ക് ഡ്രില്ലും നടത്തി.

1.29 2017-18 വരൾച്ചാ മുൻകരുതൽ-പ്രതികരണ നടപടികൾ

കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ ജൂൺ 1 മുതൽ ഓഗസ്റ്റ് 23 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ കാലവർഷത്തിൽ 25 ശതമാനം മഴകുറവാണ് രേഖപ്പെടുത്തിയത്. പ്രധാന ജലവൈദ്യുത പദ്ധതികളുള്ള ഇടുക്കിയിൽ 28 ശതമാനം, വയനാട്ടിൽ 55 ശതമാനവും, തിരുവനന്തപുരത്ത് 31 ശതമാനവും മഴക്കുറവ് രേഖപ്പെടുത്തിയതായി കാലാവസ്ഥാനിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന വൈദ്യുതോത്പാദന ജലസംഭരണികളിൽ ഇപ്പോൾ 41 ശതമാനം ജലം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇത് ഓഗസ്റ്റ് മാസം ഈ സംഭരണികളിൽ ഉണ്ടാകേണ്ടതിലും ശരാശരി 10 മുതൽ 20 ശതമാനം വരെ കുറവായിരുന്നു.

കഴിഞ്ഞ വർഷം അനുഭവിച്ച അതിരൂക്ഷമായ മഴക്കുറവിന്റെ ആഘാതം വിട്ടൊഴിയുന്നതിന് മുൻപ് തന്നെ ഈ വർഷവും കാലവർഷത്തിൽ മഴക്കുറവ് അനുഭവപ്പെടുന്നത്.

കഴിഞ്ഞ വർഷത്തെ മഴക്കുറവും, അടിയന്തിര സാഹചര്യത്തിലെ ജലവിനിയോഗവും ജല സംഭരണികളിലെ ജല ലഭ്യതതയിലും, ഭൂജലത്തിന്റെ

തോതിലും ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയുടെ, പ്രത്യേകിച്ചും തിരുവനന്തപുരം നഗരം ജലത്തിനായി ആശ്രയിക്കുന്ന പേപ്പാറ ജല സംഭരണിയിലും, നെയ്യാർ ജല സംഭരണിയിലും, കൊല്ലം നഗരത്തിലെ പ്രധാന ജലസ്രോതസായ ശാസ്താംകോട്ട തടാകത്തിലും ജലം മുൻ വർഷങ്ങളെക്കാൾ വളരെ കുറവാണ് എന്നത് സ്ഥിതിയുടെ ഗൗരവം വർധിപ്പിച്ചു.

മഴ കുറവ് സംബന്ധിച്ച ആദ്യ അവലോകനവും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കൃഷി, ജലസേചനം, ഭൂജലം എന്നീ വകുപ്പുകൾക്കുള്ള നിർദ്ദേശങ്ങളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 25-07-2017ന് പുറപ്പെടുവിച്ചു. ഓഗസ്റ്റ് മാസത്തിൽ തന്നെ ജില്ല ദുരന്ത നിവാരണ അതോറിറ്റി യോഗം വിളിച്ചുകൂട്ടി മഴക്കുറവ്, ജലലഭ്യത, ഭൂജല സ്ഥിതി, കൃഷി എന്നിവ സംബന്ധിച്ച് ജില്ലാതല അവലോകനം നടത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുവാൻ ആവശ്യപെട്ടിട്ടുണ്ട്. നിലവിൽ ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ല ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു കഴിഞ്ഞു.

ബഹു. മുഖ്യമന്ത്രി, മന്ത്രിമാരായ ശ്രീ. ഇ. ചന്ദ്രശേഖരൻ, ഡോ. തോമസ് ഐസക്, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. എം.എം. മണി, ശ്രീ. കെ. രാജു എന്നിവരും, ഉദ്യോഗസ്ഥരും കാലവർഷത്തിലെ മഴക്കുറവ് 10-08-2017ന് ചർച്ച ചെയ്തു. മഴയുടെ കുറവ് മൂലം സംസ്ഥാനം നേരിടാൻ സാധ്യതയുള്ള ഗുരുതരമായ പ്രതിസന്ധി ഒഴിവാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ഈ യോഗത്തിൽ തീരുമാനിച്ചു. വെള്ളം കരുതലോടെ ഉപയോഗിക്കുന്നതിനും മഴവെള്ളം പരമാവധി ശേഖരിക്കാനുമുള്ള പ്രവർത്തനം അടിയന്തരമായി നടത്തണമെന്ന് തീരുമാനിച്ചു. യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ ഇവയാണ്

കരുതൽ നടപടികളുടെ ഭാഗമായി മഴവെള്ള സംഭരണം ലക്ഷ്യമാക്കി മൂന്ന് കർമസേനകൾ (ട്രാസ്ക് ഫോഴ്സ്) രൂപീകരിക്കാൻ തീരുമാനിച്ചു.

1. കർമസേന ഒന്ന്: തൃശൂരിൽ വിജയകരമായി നടപ്പിലാക്കിയ 'മഴപ്പൊലിമ'യുടെ മാതൃകയിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി മഴവെള്ളസംഭരണം സംസ്ഥാന വ്യാപകമായി നടത്താനുള്ളതാണ് ഒരു കർമസേന. തദ്ദേശ സ്വയംഭരണ സെക്രട്ടറിക്കായിരിക്കും ഈ സേനയുടെ ചുമതല.
2. കർമസേന രണ്ട്: തടയണകൾ, റഗുലേറ്ററുകൾ എന്നിവ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിനും താൽക്കാലിക തടയണകൾ നിർമിക്കുന്നതിനുമാണ് രണ്ടാമത്തെ കർമസേന.

3. കർമസേന മൂന്ന്: കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും പരമാവധി മഴവെള്ളം സംഭരിക്കുന്നതിനുമാണ് മൂന്നാമത്തെ കർമസേന. ജലവിഭവ സെക്രട്ടറിയ്ക്കായിരിക്കും രണ്ടും, മൂന്നും കർമസേനകളുടെ ചുമതല.

ആഗസ്റ്റ് 21ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അടുത്ത യോഗത്തിൽ ഈ കർമസേനകൾ അവയുടെ പ്രവർത്തന പദ്ധതികൾ സമർപ്പിച്ചു. മേൽ യോഗങ്ങളിൽ കൈകൊണ്ട പ്രധാന തീരുമാനങ്ങൾ:

1. മഴവെള്ളസംഭരണം സംസ്ഥാന വ്യാപകമായി നടത്തുവാനുള്ള കർമസേന രൂപീകരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ
2. സംസ്ഥാനത്തെ എല്ലാ വീടുകളിലും, പറമ്പുകളിലും, തോട്ടങ്ങളിലും മഴവെള്ള സംഭരണം അതാത് വീടിനും പ്രദേശത്തിനും ഉതകുന്ന രീതിയിൽ നടത്തുവാൻ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥരെയും, ഹരിത കേരളം മിഷന്റെ ഉദ്യോഗസ്ഥരെയും, കുടുംബശ്രീയെയും ഉൾപ്പെടുത്തി കർമ്മസേന രൂപീകരിക്കും.
3. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും, പഞ്ചായത്ത് തലത്തിലും ഈ കർമസേനയുടെ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമായ നിർവഹണ, മേൽനോട്ട സംവിധാനം രൂപീകരിക്കുവാൻ തദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.കെ ബേബിയെ ചുമതലപ്പെടുത്തി.
4. എല്ലാ ആഴ്ചയും നിർവഹിക്കേണ്ടുന്ന പ്രവർത്തികളും, അതതു ആഴ്ച പൂർത്തിയക്കേണ്ടുന്ന വീടുകളുടെ എണ്ണവും തയ്യാറാക്കി അവയുടെ നിർവഹണം ഒരു കേന്ദ്രീകൃത മേൽനോട്ട സോഫ്റ്റ്വെയറിലൂടെ എല്ലാ ആഴ്ചയിലും അവലോകനം ചെയ്യുവാൻ സംവിധാനം ഒരുക്കും.
5. വലിയ റബ്ബർ തോട്ടങ്ങളിൽ, 20% ചരുവിൽ കുറവുള്ള പ്രദേശങ്ങളിൽ മഴക്കുഴികൾ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർമിക്കും.
6. തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് നിർമ്മാണത്തിന് (Rural Connectivity) ചിലവഴിക്കാവുന്ന പരമാവധി തുക മൊത്തം ലഭ്യമാകുന്ന തുകയുടെ 30% മായി (തൊഴിൽ വേതനത്തിന്റെയും, വസ്തുക്കളുടെയും തുക ചേർത്ത്) പരിമിതപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കും. പരമാവധി തുക മഴവെള്ള സംഭരണത്തിനും, ശുദ്ധജല സ്രോതസുകളുടെ നവീകരണത്തിനും വിനിയോഗിക്കും. ഇതിനാവശ്യമായ സർക്കാർ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കും.
7. പരമാവധി വീടുകളിൽ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ സെപ്റ്റംബർ-ഒക്ടോബർ മാസത്തിൽ നടപ്പിലാക്കും

8. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട രണ്ട് കർമ്മസേനകളുടെയും സംസ്ഥാന തല, ജില്ലാ തല നിർവഹണ, മേൽനോട്ട സംവിധാനം രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. എല്ലാ ആഴ്ചയും നിർവഹിക്കേണ്ടുന്ന പ്രവർത്തികളും, അതതു ആഴ്ച പൂർത്തിയക്കേണ്ടുന്ന പ്രവർത്തികളുടെ എണ്ണവും തയ്യാറാക്കി അവയുടെ നിർവ്വഹണം ഒരു കേന്ദ്രീകൃത മേൽനോട്ട സോഫ്റ്റ്വെയറിലൂടെ എല്ലാ ആഴ്ചയിലും അവലോകനം ചെയ്യുവാൻ സംവിധാനം ഒരുക്കും. (ആവശ്യമായ ഉത്തരവുകൾ ജല വിഭവ വകുപ്പ് പുറപ്പെടുവിക്കുക)
9. സംസ്ഥാനത്തെ എല്ലാ സർക്കാർ കാര്യാലയങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സ്കൂളുകൾ, സർക്കാർ കോളേജുകൾ, എന്നിവയിൽ നിലവിലുള്ള മഴവെള്ള സംഭരണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ മേൽനോട്ടത്തിൽ സ്വീകരിക്കുക. ഇതിന് ആവശ്യമായ തുക കണക്കാക്കി അതാത് ജില്ലാ അതോറിറ്റികൾ സംസ്ഥാന അതോറിറ്റിയെ അറിയിക്കുക. ഇത്തരത്തിൽ ലഭ്യമാകുന്ന പ്രൊപോസലുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (SDMF) നിന്നും കണ്ടെത്തുന്നതിന് ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തി.
10. സർക്കാർ കാര്യാലയങ്ങളിൽ പൈപ്പ്കളും മറ്റും ചോർന്നു ജലം പാഴാകുന്നത് തടയുവാനുള്ള നടപടികൾ ഒക്ടോബർ മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ സ്വീകരിക്കണം. വകുപ്പുകൾക്ക് ഇതിനായി ആവശ്യമായ തുക കണക്കാക്കി അതാത് വകുപ്പ് മേധാവികൾ അതാത് വകുപ്പ് സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമായ തുക അതാത് വകുപ്പുകൾക്ക് ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കും.
11. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സെപ്റ്റംബർ മാസം മുതൽ ജല സംരക്ഷണ, സംഭരണ, പുനർവിനിയോഗ ബോധവൽക്കരണ പരിപാടികൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി നടത്തും. (ആവശ്യമായ ഉത്തരവുകൾ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിക്കുക)

12. വനം വകുപ്പ് അടിയന്തിരമായി വനത്തിനുള്ളിൽ പടുതാ കുളങ്ങളും, താത്കാലിക തടയണകളും മറ്റും നിർമിച്ച് വന്യ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണം. ഗ്രാൻഡിസ് മരങ്ങൾ മുറിച് മാറ്റുന്നതുമായി ബന്ധപെട്ട് മുഖ്യമന്ത്രി തലത്തിൽ മുൻപ് എടുത്ത തീരുമാനം അടിയന്തിരമായി നടപ്പാക്കും

13. മഴക്കുറവുമായി ബന്ധപെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.
14. സർക്കാർ കാര്യാലയങ്ങളിൽ പൈപ്പ്കളും മറ്റും ചോർന്ന് ജലം പാഴാകുന്നത് അടിയന്തിരമായി, ഒരു മാസത്തിനുള്ളിൽ തടയുവാനുള്ള നടപടികൾ അതാത് വകുപ്പുകൾ സ്വീകരിക്കുക
15. സർക്കാർ കാര്യാലയങ്ങളിലെ മഴവെള്ള സംഭരണികൾ അടിയന്തിരമായി, ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ പ്രവർത്തനക്ഷമമാക്കുക
16. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജല സംരക്ഷണത്തിൽ ഊന്നി ബോധവൽക്കരണ പ്രവർത്തനങ്ങൾനടത്തുക.

കേരളത്തിൽ ആകമാനം ജൂൺ മുതൽ സെപ്തംബർ വരെ 9% മഴകുറവും, ഒക്ടോബർ മുതൽ ഡിസംബർ വരെ 8% മഴകുറവും ആണ് ഉണ്ടായത്. ജനുവരി, ഫെബ്രുവരി മാസത്തിൽ 45.8% മഴകുറവും ഉണ്ടായി. ജില്ലകളിൽ വലിയ അന്തരം മഴയിൽ ഉണ്ടായതിനാൽ, പ്രാദേശികമായി കുടിവെള്ള ലഭ്യതയെ വലിയ അളവിൽ ബാധിച്ചു.

മഴയും, മറ്റ് സാഹചര്യങ്ങളും പരിഗണിച്ച് GO (P) No. 1/2018/DMD dated 27-03-2018 പ്രകാരം ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കസർഗോഡ് എന്നീ ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചു. ഓരോ ജില്ലയിലും വരൾച്ച പ്രതികരണത്തിന് സംസ്ഥാന അതോറിറ്റി നിർദേശിച്ച നടപടികൾ GO (Rt) No. 180/2018/DMD dated 28-03-2019 പ്രകാരം ഉത്തരവായി സർക്കാർ പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ കാര്യക്ഷമമായ നടപടികൾ വരൾച്ചാ ബാധിത ജില്ലകൾ വരൾച്ചാ പ്രതികരണത്തിനായി നടപ്പാക്കി. സംസ്ഥാന ദുരന്ത പ്രതികരണ

നിധിയിൽ പണം ലഭ്യമായതിനാൽ കേന്ദ്ര സഹായം അഭ്യർഥിച്ച് മെമോറാണ്ടം സമർപ്പിച്ചില്ല.

1.29.1 ദുരന്ത ലഘൂകരണം - വരൾച്ച - നെയ്യാർ ഡാമിൽ നിന്നും അരുവിക്കരയിലേക്ക് ജലവിതരണം

2016 -ൽ കേരളം മുഴുവൻ വരൾച്ച ബാധിച്ചതമാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. കുടിവെള്ള ലഭ്യതയിലുള്ള കുറവ് കാരണം തിരുവനന്തപുരം നഗരസഭയുടെ ചരിത്രത്തിൽ ആദ്യമായി 2016 ഏപ്രിൽ 18 മുതൽ കുടിവെള്ളം റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടി വന്നു.

നഗരത്തിന്റെ കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കാൻ ജലവിഭവ വകുപ്പിന് നെയ്യാറിൽ നിന്നു അരവിക്കരയിലേക്ക് ജലവിതരണം നടത്തേണ്ടി വന്നു. അതിൻ പ്രകാരം അടിയന്തിരമായി രണ്ട് ഡ്രഡ്ജിംഗ് ഉപയോഗിച്ച് നെയ്യാറിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളം പമ്പ് ചെയ്യേണ്ടി വന്നു. 50 എം എൽ ഡി കപ്പാസിറ്റിയുള്ള രണ്ട് പുതിയ 180 എച്ച് പി പമ്പുകൾ വാങ്ങാനും 100 എച്ച് പി യുടെ രണ്ട് പമ്പുകൾ വെള്ളയമ്പലത്ത് ലഭ്യമാക്കാനും അടിയന്തിര തീരുമാനം എടുക്കുകയുണ്ടായി. ഇത് നടപ്പിലാകന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നിലവിൽ സ്റ്റേക്കിൽ ഉള്ള പൈപ്പുകളാണ് റിസർവോയറിൽ നിന്നും കനാലിലേക്ക് ബന്ധിപ്പിക്കുന്നതിന് ഉപയോഗിച്ചത്.

21.04.2017 ൽ തുടങ്ങി റെക്കോർഡ് വേഗത്തിൽ 14 ദിവസം കൊണ്ട് പ്രവൃത്തി പൂർത്തികരിക്കുകയുണ്ടായി. ഓരോ ദിവസവും 117 എം എൽ ഡി നെയ്യാറിൽ നിന്നും കരമനയാറിലേക്ക് മാറ്റുന്നതിന് 1 എം എൽ ഡി കപ്പാസിറ്റിയുള്ള ഒരു ഡ്രെഡ്ജിംഗും 29 എം എൽ ഡി കപ്പാസിറ്റിയുള്ള മറ്റൊരു ഡ്രഡ്ജുമാണ് പ്രവർത്തിപ്പിച്ചത്. കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസ്റ്റി ബോർഡ്, വനം വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവയുടെ യോജിച്ചുള്ള പ്രവർത്തനം ഈ പദ്ധതിയുടെ വിജയത്തിന് കാരണമായി.

ആസൂത്രണത്തിലെ സൂക്ഷ്മത, കൂട്ടായ പ്രവർത്തനം, മികവുറ്റ നേതൃത്വവും, കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർമാരുടേയും മറ്റ് വകുപുകളിലെ ഉദ്യോഗസ്ഥരുടെ അർപ്പണബോധവും കൊണ്ടാണ് ഈ വലിയ ദൗത്യം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്.

വകുപ്പുകളുടെ സമീപകാല ചരിത്രത്തിൽ ഏറ്റവും വെല്ലുവിളി നിറഞ്ഞ പ്രവർത്തനമായിരുന്നു വകുപ്പുകൾ കാഴ്ച വച്ചത്. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ യോജിച്ച പ്രവർത്തനം എത്രമാത്രം സഹായകരമാണെന്നതിന് മാതൃകയാണിത്.

ദുരന്ത ലഘൂകരണ പ്രവർത്തനം എന്നതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (2245-80-102-96-State Disaster Mitigation Fund) നിന്നും GO (Rt) No. 461/2018/RD dated 14-2-2018 പ്രകാരം 6 കോടി രൂപ നൽകിയാണ് ഈ പ്രവർത്തി നിർവഹിച്ചത്. ദുരന്ത

ലഘൂകരണ നിധിയുടെ വിനിയോഗത്തിന്റെ ഉദാത്ത മാതൃകയായി ഈ പ്രവർത്തനത്തെ കണക്കാക്കാവുന്നതാണ്.

1.30 2016-17 വരൾച്ചാ അവലോകന കേന്ദ്ര സംഘ സന്ദർശനം

2016-17ലെ വരൾച്ചാ സാഹചര്യത്തെ സംബന്ധിച്ച വിശകലനത്തിനും അവലോകനത്തിനും ആയി കേന്ദ്ര കൃഷി മന്ത്രാലയം ജോയിന്റ് സെക്രട്ടറിയായ ശ്രീ. അശ്വനി കുമാർ ഐ.എ.എസ്ന്റെ നേതൃത്വത്തിൽ 2017 ഏപ്രിൽ 19 മുതൽ 21വരെ ഉള്ള തീയതികളിൽ കേരളത്തിൽ സന്ദർശനം നടത്തി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെംബർ സെക്രട്ടറി സംഘത്തിന്റെ നോഡൽ ഓഫീസർ ആയി പ്രവർത്തിച്ചു. കേന്ദ്ര സംഘത്തിന് മുന്നിൽ വരൾച്ചാ സാഹചര്യം വിശദമായി അവതരിപ്പിച്ചു. അതോറിറ്റിയിലെ വിദഗ്ദ്ധർ സംഘത്തെ വിവിധ സ്ഥലങ്ങളിൽ അനുഗമിച്ച് സാഹചര്യം വിശദീകരിച്ചുനൽകി. കേന്ദ്ര സംഘത്തിന്റെ സന്ദർശന ഫലമായി 31.72 കോടി രൂപ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ലഭിച്ചു.

1.31 കുട്ടികൾക്കുള്ള ദുരന്ത ലഘൂകരണ വിവരങ്ങൾ

കുട്ടികൾക്കായി ദുരന്ത നിവാരണ അതോറിറ്റി വിവിധ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള കളികൾ, വീഡിയോ ആനിമേഷനുകൾ എന്നിവ അതോറിറ്റി പ്രസിദ്ധീകരിച്ചു. പ്രധാന പ്രസിദ്ധീകരണങ്ങൾ ചുവടെ ചേർക്കുന്നു.

- വരൾച്ച ലഘൂകരണ കളി
- ഭൂമികുലുക്ക മുന്നൊരുക്കം സംബന്ധിച്ച പാമ്പും ഗോവണിയും കളി (ഇംഗ്ലീഷിലും, മലയാളത്തിലും)
- ദുരന്ത സാധ്യത കണ്ടെത്തുവാൻ ഉള്ള കളി
- വീട്ടിൽ സൂക്ഷിക്കേണ്ടുന്ന അടിയന്തിരഘട്ടം നേരിടുന്നതിനുള്ള കിറ്റ്
- ജല സംരക്ഷണം സംബന്ധിച്ച കാർട്ടൂണുകൾ

ഇവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ ഈ ലിങ്കിൽ ലഭ്യമാണ് http://sdma.kerala.gov.in/kids-corner-2/

1.32 ദുരന്ത നിവാരണ അതോറിറ്റിയുടെ നയപരമായ ഇടപെടലുകൾ

1. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ High Hazard സോൺ ആയി കാണിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറ വെടിമരുന്ന് ഉപയോഗിച്ച് പൊട്ടിക്കുവാൻ അനുവദിക്കരുത് എന്നത് Kerala Minor

Mineral Concession Rules 2015ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണം എന്നു DM/546/2017(1) dated 23-6-2017 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദുരന്ത നിവാരണ നിയമത്തിന്റെ വെളിച്ചത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടു.

2. കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡം അനുസരിച്ച് അംഗീകൃത പ്രകൃതി ദുരന്തത്തിൽ വീടുകൾക്കും, കെട്ടിടങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം കണക്കാക്കേണ്ടുന്നത് സാങ്കേതിക വിദഗ്ദ്ധർ ആണ്. കേരളത്തിൽ കാലങ്ങളായി ഈ പ്രവർത്തി നടത്തിയിരുന്നത് റവന്യൂ ഉദ്യോഗസ്ഥർ ആണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശക്തമായ ഇടപെടലിൽ നാശനഷ്ട തോത് തദ്ദേശ സ്ഥാപനത്തിന്റെ ഓവർസീയർ മുതൽ മുകളിലോട്ടുള്ള എൻജിനിയറിങ് ഉദ്യോഗസ്ഥർ വേണം കെട്ടിടത്തിനും/വീടിനും അംഗീകൃത പ്രകൃതി ദുരന്തത്തിൽ ഉണ്ടാകുന്ന നാശനഷ്ടം വിലയിരുത്തുവാൻ എന്ന് സംസ്ഥാന സർക്കാർ GO (Ms) No. 3/2018/DMD dated 27-03-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.
3. ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തിര പ്രവർത്തികൾക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗത്തിൽ കാലതാമസം വരുന്ന സാഹചര്യം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരികയും, മേൽ സാഹചര്യം പരിഹരിക്കുവാൻ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തു. മേൽ നിർദ്ദേശങ്ങൾ, ചർച്ചകൾക്ക് ശേഷം ചില ഭേദഗതികളോടെ സർക്കാർ GO (Ms) No. 3/2018/DMD dated 27-03-2018 പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചു.
4. പ്രകൃതി ദുരന്തങ്ങളിൽ കാണാതാകുന്നവരുടെ ബന്ധുക്കൾക്ക് ദുരിതാശ്വാസ സഹായം നൽകുന്നതിന് പ്രത്യേക നടപടി ക്രമങ്ങൾ രൂപീകരിക്കുകയും പ്രസ്തുത നടപടി ക്രമങ്ങൾ സർക്കാർ അംഗീകരിച്ച് GO (Rt) No. 172/2018/DMD dated 27-03-2018 എന്ന ഉത്തരവായി പുറപ്പെടുവിക്കുകയും, ഓഖി ചുഴലിക്കാറ്റിൽ കാണാതായവരുടെ ബന്ധുക്കൾക്ക് ദുരിതാശ്വാസ സഹായം നൽകുകയും ചെയ്തു.

1.33 ദുരന്ത ലഘൂകരണം സംബന്ധിച്ച പ്രചാരണ പരിപാടികൾ

- 2016-17ലെ രൂക്ഷമായ വരൾച്ച സംബന്ധിച്ച സാഹചര്യങ്ങൾ വിശദീകരിക്കുന്ന 'Arid' എന്ന ഡോക്യുമെന്ററി ശ്രീ. വേണു നായർ എന്ന സംവിധായകനെ ഉപയോഗിച്ച് തയ്യാറാക്കി അതോറിറ്റിയുടെ യൂട്യൂബ് ചാനലിൽ പ്രസിദ്ധീകരിച്ചു. ഈ വീഡിയോയുടെ ലിങ്ക് ഇവിടെ ലഭ്യമാണ് https://www.youtube.com/watch?v=xzXYJd1LXaY

- 1-04-2017 മുതൽ എല്ലാ ശനി, ഞായർ തീയതികളിലും 2 മാസം: വരൾച്ചാ പ്രതിരോധത്തിനായി ജല സംരക്ഷണം സംബന്ധിച്ച് TV ചാനലുകളിലൂടെയുള്ള പരസ്യം നൽകി
- 3-04-2017 മുതൽ 30-04-2017 വരെ: വരൾച്ചാ പ്രതിരോധത്തിനായി ജല സംരക്ഷണം സംബന്ധിച്ച് ആകാശവാണി, എഫ്.എം റേഡിയോ എന്നിവ മുഖാന്തിരം സന്ദേശങ്ങൾ നൽകി
- 7-4-2017 മുതൽ 6-5-2017 വരെ: വരൾച്ചാ പ്രതിരോധത്തിനായി ജല സംരക്ഷണം സംബന്ധിച്ച് സിനിമ തീയറ്ററുകളിൽ പരസ്യം നൽകി
- 1-06-2017: ജല സംരക്ഷണം സംബന്ധിച്ച ന്യൂസ് പേപ്പർ പ്രസിദ്ധീകരണം
- 1-11-2017 മുതൽ 30-11-2017 വരെ: ജല സംരക്ഷണം, സൂര്യാഘാതം, സൂര്യതാപം എന്നിവയുടെ പ്രതിരോധം സംബന്ധിച്ച് ആകാശവാണി, എഫ്.എം റേഡിയോ എന്നിവ മുഖാന്തിരം സന്ദേശങ്ങൾ നൽകി
- 11-2017: ന്യൂ ഏജ് പത്രത്തിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പരസ്യം നല്കി
- ഇവയ്ക്ക് പുറമെ, അതോറിറ്റിയിലെ ഉദ്യോഗസ്ഥർ വിവിധ പത്രമാധ്യമങ്ങളിലൂടെ ദുരന്ത പ്രതിരോധവും, പ്രതികരണവും സംബന്ധിച്ച ചർച്ചകൾ നടത്തി

1.34 ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത/നടത്തിയ പരിശീലന/അവബോധ പരിപാടികൾ

ക്രമ നം	പേര്, തസ്തിക	നടത്തിയ പരിശീലനം/പങ്കെടുത്ത പരിപാടി	തീയതി
1	ശ്രീമതി. അശ്വതി പി, കോഴിക്കോട്	Disaster Management Training for Staff Nurses of Kozhikode, Malappuram and Kannur in Government Nursing College, Kozhikode	21-4-2017
		Attended DDMA for monsoon preparedness – DC's chamber, Kozhikode	8-5-2017
		Attended DDMA – DC's chamber, Kozhikode	29-5-2017
		Attended DDMA – DC's chamber, Kozhikode	21-6-2017
		Attended National Conference on Crowd Management organized by NDMA and KSDMA at Hotel Samudra, Kovalam	11-7-2017
		Attended National Conference on Crowd Management organized by NDMA and KSDMA at Hotel Samudra, Kovalam	12-7-2017
		Attended DDMA – DC's chamber, Kozhikode	9-8-2017
		Attended DDMA – DC's chamber, Kozhikode	17-8-2017
		Disaster Management – an introduction, International Day for Disaster Risk Reduction to the Kozhikode Collectrorate Staff	12-10-2017
		Tsunami Awareness – Payyanakkal Government	8-11-2017

		VHSS, Kozhikode	
		Disaster Management – an introduction, Feroke Higher Secondary School	22-11-2017
		Ockhi Cyclone Rescue Operation	30-11-2017
		Disaster Management – an introduction, Students and youth of Sree Sathya Sai Vidhya Peeth, Melady, Koyilandy, Kozhikode	3-12-2017
		Attended DDMA – DC's chamber, Kozhikode	8-12-2017
		Conducted RVS of public buildings within Kozhikode corporation	1-12-2017 to 31-1-2018
		Attended DDMA – DC's chamber, Kozhikode	4-1-2018
		Attended DDMA for conducting Fire and Safety Mock Drill – DC's chamber, Kozhikode	12-1-2018
		Fire and safety mock drill at Mofussil BusStand, Kozhikode	16-1-2018
		Landslide management training for Fire and Rescue Officers, Kozhikode	8-2-2018
		Landslide management training for Fire and Rescue Officers, Kozhikode	9-2-2018
		Attended DDMA for drought preparedness - DC's chamber, Kozhikode	3-3-2018
		Disaster Management – an introduction, Kudumbashree, Ramanattukara, Kozhikode	10-3-2018
		Disaster Management – an introduction, govt. Ganapath boys HS	3-8-2017
		Disaster Management – an introduction, East Hill GHS	23-8-2017
		Disaster Management – an introduction, JDT ISLAM	13-9-2017
		Disaster Management – an introduction, Kendriya Vidyalaya No.1	14-8-2017
		Disaster Management – an introduction, Vedavyasa Vidyalayam	26-9-2017
		Disaster Management – an introduction, Govt model HSS	5-10-2017
		Disaster Management – an introduction, Amrita Vidyalayam	20-10-2017
2	ശ്രീ. പ്രദീപ് ജി.എസ്, എസ്.ഇ.ഓ.സി	Wayanad District Drought Assessment. Based on the Latest Drought Manual	27-10-2017
		Conducted an extensive Lecture on DM at AMCOS, Adichira in connection with Disability Inclusive DRR	16-11-2017
		Conducted an Extensive Lecture on DM - Hazard Profile of Kerala at Medical College (Nursing College)	25-11-2017
		Conducted an extensive lecture on Health DM Plan at State Institute of Health and Family Welfare, Thycadu, Trivandrum	12-12-2017
		Conducted an extensive lecture on Disaster management and Institutional Mechanismin DM at State Institute of Health and Family Welfare,	21-12-2017

		Thycadu, Trivandrum	
		Conducted an extensive lecture on School Safety and DM at Govt. Girls HSS Kanyakulangara, Trivandrum	28-12-2017
		Conducted an extensive lecture on School Safety and DM at Govt. V HSS Vithura, Trivandrum	28-12-2017
		Conducted an extensive lecture on Landslide Management and hazard profile of Kerala at IMG Kozhikode for Fire Force officials	8-02-2018 to 9-02-2018
		Attended National Level Training on Flood Management at NIDM	19-02-2018 to 24-02-2018
		Conducted an extensive lectur: e on Institutional Mechanism for DM – Kerala & India at SDMA HQ for newly appointed HAs	3-03-2018
		Attended Two days Training at NDMA on V SAT Communication	8-03-2019 to 9-03-2019
		Attended a Half day workshop on Communication and Soft skill Development at SDMA HQ	03-2018
		Attended the preparatory meeting for HADRR18 at SDMA HQ	21-3-2018
		Conducted an extensive lecture on School Safety and DM at Thodupuzha DEO office, Idukki	23-03-2018
3	ശ്രീ. രാജീവ് ടി.ആർ, എസ്.ഇ.ഓ.സി	Attended the National Conference on Crowd Management at Hotel Samudra organised by KSDMA	10-07-2017 to 13-07-2017
		Disaster Management Training for SPC students at G.H.S.S Kazhakkoottam	23-12-2017
		Training for Staffs and Nurses at CHC Kallara-Introduction to Disaster management and Major Disasters in Kerala	27-12-2017
		Disaster Management Training for SPC students at G.H.S.S Chalai	29-12-2017
		Attended the Social and institutional capacity building workshop to facilitate Munnar during Neelakurinji flowering season	12-10-2017
		Participated and acted as the Independent observer of Landslide Mock drill conducted by Idukki DDMA	06-02-2018
		Participated and acted as the Independent observer of Fire Mock drill at Govt. Secretariat conducted by KSDMA and Fire force	08-03-2018
		Attended the first Aid and BLS Training at KSDMA HQ	16-03-2018 to 17-03-2018
4	ശ്രീ. അജിൻ ആർ.എസ്, എസ്.ഇ.ഓ.സി	Science Exhibition Stall Duty - 30th Kerala Science Congress, Thalassery	26-1-2018 – 30-1-2018
		Training Programme on 'Mainstreaming DRR into Forestry Sector Covering Forest Fire Mitigation', National Institute of Disaster Management (NIDM), New Delhi	5-03-2018 – 9-03-2018

5	ഡോ. ആൻഡ്രൂ സ്പെൻസർ, കൊല്ലം	Training of First Aid and Basic Life Support and Disaster Risk Reduction in S.N College, Kollam	9-3-2017
		Disaster Management Training for Panchayat Officials, Fire & safety Training And Manrothuruthu Villagevisit Andallapat Village Visit Jointly Hosted By DDMA, Kollam, Sird Kottarakarra Kmml, Occupational Health Wing, Panchayat Officials, And Sird	12-4-2017
		Disaster Management DDMA-vessel Safety and Dm Awarness Programme Ddma, Kollam, Ports Authority, Light House Officials, Ktdc, Dd Fishereis-kollam, Coastal Police Needakara, Dhs-kollam	18-4-2017
		Disaster Management DDMA-school Awarness Programme and School Safety Audit Ddma, Kollam, Dd Education-kollam, Dhs-kollam, District Panchayat	3-5-2017
		Community Capacity building/Public Awareness Programme	24-07-17 to 28-07-17
		DDMA, Kollam-FACTORIES & Boilers Training on Offsite Safety Assessment and Plant Safety and Preparedness at Paripally Gas Plant Kollam District	7-8- 2017
		The district level training for care givers and Persons with disabilities	25-8-2017
		The Community Based Disaster preparedness training.	3-5- 2017
		FIRE & SAFETY Training and Disaster Risk Reduction awareness sessions at Karikam International School, Kottarakara	3-10-2017
		Three Day Training Programs on Disaster Management and Disaster Risk Reduction With Emphasis On Dam Safety and Regulations Kallada Irrigation Project Office, Kottarakara, Kollam	21-10-2017
		CBRNE emergencies training was imparted to workers and employees of IRE, Chavara	14-02-2018
		Mock drill at Karungapally taluk Hospital, Karungapally, Kollam District	29-3- 2017
		School Evacuation Drill Conducted by NDRF at St. Stephens College, Pathanapuram	5-12-2017
		As Part of the International Disaster Risk Reduction Day There were School Evacuation Drills at Christhuraja School, Kollam, Azhikal School, Karungapally	23-12-2017
		KMML Mock Drills on Site and Offsite Emergency Preparedness	8-02-2017
		Hospital Based Evacuation Drills was conducted in Paravoor RamaRao Hospital	21-03-2019
		Bomb Threat Scenario and High Raise Fire and Mass Evacuation Drills Were Hosted	18-07-2017

		National Platform for Disaster Disk Reduction at Vignayan Bhavan, Delhi.	15-3- 2017
		Emergency Prepardness and Hospital Based Training at Kollencherry Marthoma Medical Center	14-02-2017
		Commuity Based Disaster Trainings, Negru Yuva Kendra At Cosmic Center, Thiruvlla	5-8-2017
		NIRD. Hyderabad Training on Rural Development and disaster management trainings hosted	16-4-2017
		Resource Personal for Hospital Based Disaster Management Training and Plans at CHC Vizhinjam	18-02-2018
		Attended a Training on Navic Early Warning Prototye Testing Developed by ISRO also With Synergy Support of INCOIS and Keltron	25-02-2018
		Resource Person for Labour Institutes Training for Training Personal on Inclusive DM Plans at Thycad,	15-11-2017
		Resource Personal for CBRN Emergencies Training Hosted by IRE, KMML, Nuclear Power Coorporation	27-02-2018
		Resource Personal for Early Warnings Systems Training Hosted By Light Houses Kollam Under Ministry of Shipping On Oct 2017	30-10-2017
6	കുമാരി ആശ കിരൺ, വയനാട്	Capacity Building of Officials, Civil Station, Kalpetta	26-10-17
		Inter-Agency Group Formation Training, Civil Station Kalpetta	30-10-17
		NGO/CBO Coordination Training, Civil Station Kalpetta	31-10-17
		Capacity Building of Officials - S Bathery, Civil Station Kalpetta	03-11-17
		Capacity Building of Officials – Mananthavady, Civil Station Kalpetta	15-11-17
		Outreach Programme – Role of youth in Disaster Risk Reduction, Nehru Yuva Kendra, Panamaram	14-11-17
		Workshop - School Safety Workshop, Jawahar Navodaya School, Lakkidi	16-11-17
		Grama Panchayath Level Disaster Management Plan Preparation and Community Based Disaster Risk Management, Noolpuzha	05-03-2018
		Training on National Disaster Management System, NDMA, New Delhi	8-03-2018 to 9-03-2018
		First Aid, KSDMA, Trivandrum	16-03-2018 to 17-03-2018
		Disaster Management and Community Emergency Operators, Red Cross Volunteers Training, Fathima Hospital, Kalpetta	18-05-2018
		Grama Panchayath Level Disaster Management Plan Preparation and Community Based Disaster Risk Management, Meenangadi	23-05-2018

		Workshop on School Safety, Thalapoya Higher Secondary School	24-05-2018
		Grama Panchayath Level Disaster Management Plan Preparation and Community Based Disaster Risk Management, Poothady	26-05-2018
		Grama Panchayath Level Disaster Management Plan Preparation and Community Based Disaster Risk Management, Pananamaran	30-05-2018
		Awareness creation for students on Disaster Management, Govt. Engineering College, Manathavady	04-10-2018
		Emergency Operation and community, Red Cross Volunteers Training, Fathima Hospital, Kalpetta	21-10-2018
		Disaster Management Committee formation, Pozhuthana	22-10-2018
		Volunteers training – Disaster Management Youth, Pazhassi Library, Mananthavady	26-10-2018
		Disaster management training for PWDs organized by IUCDs at Kottayam district	19-3-2018 to 22-3-2018
7	ശ്രീമതി അഞ്ജലി പരമേശ്വരൻ, എറണാകുളം	Offsite emergency Management & First Aid training for 100 police officials at Collectorate Conference Hall, Ernakulam	04-07-2017
		CBDRM & DM training for Nehru Yuva Kendra Sangathan (NYKS) and National Service Scheme (NSS), youth volunteers in the district with the support of District Disaster Management Authority, Ernakulam	26-07-2017
		Delivered series of lectures for NCC cadets at Chinmaya Vidyalaya, Tripunithura about Disaster Management	08-09-2017
		Organised Tsunami Awareness program at Collectorate Conference Hall, Ernakulam 11th November 2017 in connection with World Tsunami Awareness Day.	11-11-2017
		First aid training conducted by KSDMA	16-03-2018
		Orientation training program for life guard Service at Indriya Serviced Villa at Kuzhuppilly Beach	30-10-2017
		conducted Fire mock drill at Jawaharlal Nehru Stadium in connection with FIFA U17 Football World Cup	26-09-2017
		conducted Mock drill at Jawaharlal Nehru Stadium in connection with FIFA U17 Football World Cup with participation of NDRF	04-10-2017
		Mock drill at Jawaharlal Nehru Stadium in connection with ISL	11-11-2017
		Participated and done a key role in Mock drill conducted prior to New Year Celebrations at Fort Kochi Crisis Management Plan Preparations for various events	30-12-2017
		Fire Mock drill conducted at Infopark, Kochi	19-01-2018

		Offsite Chemical Emergency mock drill conducted at Kalamassery	23-02-2018
		Crisis Management plan was formulated for in connection with FIFA U17 Football World Cup	6-10-2017 to 28-10- 2017
		Crisis Management plan was formulated for Hero Indian Super league Football match held in Kochi 2017	11-2017 to 03-2018
		Participated and gave direction for the preparation of CMP for cochin carnival 2017	12-2017
		National Conference on Crowd Management, Organised by National Disaster Management authority and Kerala State Disaster Management authority at hotel Samudra Kovalam on 10th and 11th July 2017	10-07-2017-11-07-2017
		Attended first meeting with FIFA officials at District collector's Chamber	31-08-2017
		Meeting with stakeholders departments and FIFA officials	01-09-2017
		Ground Study and meeting with Fifa Organisers	07-09-2017
		Workshop on preparation of Crisis Management Plan	11-09-2017
		Meeting of Crisis Management Sub Committee	13-09-2017
		Safety Walk at Jawaharlal Nehru Stadium	14-09-2017
		District Disaster Management Authority Meeting	18-09-2017
		Table top meeting on Mock drill at stadium	25-09-2017
		First coordination meeting with ISL officials and Departments heads at District collectors chamber	10-11-2017
		CMP Draft review and stadium visit with all officials	13-11-2017
		CMP approval meeting and table top exercise for Mockdrill	15-11-2017
8	കുമാരി അനുപമ എൻ, എസ്.ഇ.ഓ.സി	AttendedTraining Workshop on Lightning and Extreme Weather Events, to be held at IITM Pune	04-04-2017 to 07-04-2017
		Attended the National Conference on Crowd Management at Hotel Samudra organised by KSDMA	10-07-2017 to 13-07-2017
		Disaster Management Training for SPC students at G.H.S.S Kazhakkoottam	23-12-2017
		Attended the First Aid and BLS Training at KSDMA HQ	16-03-2018 to 17-03-2018
9	കുമാരി അതുല്യ തോമസ്, എസ്.ഇ.ഓ.സി	Attended TOT on Psychosocial care in disaster management at NIDM south Campus, APHRD, Bapatla, Anndhra Pradesh	5-2-2018- 9-2-2018
		Disaster management training for PWDs organized by IUCDs at Kottayam district	19-3-2018- 22-3-2018
10	ഡോ. ശ്രീജ, എസ്.ഇ.ഓ.സി	Basic survival skills during disasters- at HADR organized by Indian Navy	9-4-2018
		Attended Training of Trainers on Psychosocial	5-2-2018 to 9-2-

		care in disaster management at NIDM south Campus, APHRD, Bapatla, Andhra Pradesh	2018
11	ശ്രീ. സത്യകുമാർ, എസ്.ഇ.ഓ.സി	Training Organised by KSDMA for new Hazard Analysts	1-3-2018-17-3-2018
		Participated in Fire-Mockdrill at Secretariat	8-3-2018
		Participated for the first Aid Training- by KSDMA	16-3-2018
		Participated in National Level Training on 'Flood Risk Management'at NIDM Delhi	19-2-2018-23-2-2018
12	ശ്രീമതി രാജലക്ഷ്മി രാധാകൃഷ്ണൻ, എസ്.ഇ.ഓ.സി	ToT on Drought Assessment at NIDM, New Delhi	29-01-2018 to 2-01-2018
		Fire Safety Mock Drill at Secretariat Building	09-03-2018
13	ശ്രീമതി പാർവതി എസ്, എസ്.ഇ.ഓ.സി	Training provided for Disaster Management Awareness class for student police Cadet at Pettah	28-12-2017
		Training provided for Disaster Management Awareness class for student police Cadet at Vellanad	30-12-2017
		Training provided for Disaster Management Awareness class for Nursing staffs at Medical College	01-2018
14	ശ്രീ. ജോ ജോൺ ജോർജ, എസ്.ഇ.ഓ.സി	Attended 2nd technical meeting at NDMA on Aapda Mitra Scheme, New Delhi	05-04-2017
		Disasters and Disabilities – An Introduction to Disaster Risk Reduction in Kerala, IUCDS, Kottayam	17-05-2017
		Workshop on preparation of module on hospital safety at Kerala State Institute of Health & Family Welfare	14-06-2017
		Review workshop on preparation of module on hospital safety at Kerala State Institute of Health & Family Welfare	30-06-2017
		Overall coordination of Crowd Management Conference, Jointly organized by NDMA & SDMA at Samudra, Kovalam, Thiruvananthapuram	11-07-2017 & 12-07-2017
		CBDRM & DM training for Nehru Yuva Kendra Sangathan (NYKS) and National Service Scheme (NSS), Ernakulam district with the support of District Disaster Management Authority.	26-07-2017
		Deputed for *Pralay Sahay* – Joint HADR at Hyderabad	23-09-2017
		Attended the UNDP national level SPO meeting at New Delhi	27-09-2017
		Facilitated a Session in National Seminar on Disaster Managemnt at Nagpur, Civil Defence College, Govt. of India	08.11.2017 to 10.11.2017
		Inter Departmental Meeting of Revenue – Social Justice Department on Disabiliity project at IUCDS, Kottayam	06-11-2017
		Organized a TOT programme on 'Disability	16-11-2017 to

		Inclusion' for the Revenue & Social Justice Department	18-11-2017
		Observor for the Cyclone mock drill organized by Alappuzha DDMA	29.01.2018
		Inauguration – Disability Inclusive Disaster Risk Reduction, Kottayam at Cooperative Bank Employees Hall, Thirunakkara, Kottayam	19-03-2018 to 22-03-2018
		Coordinated the training Organised by KSDMA for the newly recruited Hazard Analysts	1-3-2018 to 17-3-2018
		Observor for the Fire Mockdrill at Secretariat, Documented the whole drill and submitted the report to the government.	8-3-2018
		Organized the first Aid Training for the staff of KSDMA	16-3-2018
15	ഡോ. ശേഖർ എൽ. കുര്യാക്കോസ്, എസ്.ഇ.ഓ.സി	Disasters and Disabilities – An Introduction to Disaster Risk Reduction in Kerala, IUCDS, Kottayam	17-05-2017
		GIS and Earth Observation Systems for Disaster Risk Reduction in Kerala, SAGA-2017, Mascot Hotel, Thiruvananthapuram	20-05-2017
		Climate Change and Disaster Risk Reduction in Kerala, Orientation programme for school teachers of Kottayam District, ICCS, Kottayam	27-05-2017
		Climate Change and Disaster Risk Reduction in Kerala, Orientation programme for school teachers of Alappuzha District, ICCS, Kottayam	24-06-2017
		Practicing Disaster Management, TISS, Mumbai	28-07-2017
		Prevention of Coastal Erosion, Some thoughts, Mararikulam South Grama Panchayath, Kerala	15-08-2017
		Disaster management in India - Civil Military Co-Ordination – Mid Career IAS/IPS and Military Officers, Southern Naval Command, Kochi	12-09-2017
		Disaster Management in Kerala, IDMSEM 17 - National Seminar on Disaster Management, 8-10 November 2017, National Civil Defense College, Nagpur	8-11-2017
		Regional Africa-Asia Integrated Strategic Environmental Assessment (ISEA) Forum, Bangkok, Thailand. Fully sponsored by the United Nations Environment Programme to contribute to the ISEA tool kit development	27-11-2017 to 29-11-2017
		Disasters and Climate Change, Climate Change Knowledge Cell, Institute for Climate Change Studies, Kottayam	10-01-2018

1.35 മോക്ക് ഡ്രില്ലുകൾ

Sl. No.	Type	Venue	Date	Number of participants
1	Earthquake	P.R William Hr. Sec. School, Kattakkada, Thiruvananthapuram	18-07-2017	1193

2	Earthquake	St. Stephens Hr. Sec. School, Pathanapuram, Kollam	27-07-2017	662
3	Earthquake	Navodaya Vidyalaya, Ranni, Pathanamthitta	30-08-2017	347
4	Fire Incident	FIFA U-17 World Cup, Jawahar Lal Nehru Stadium, Kochi	26-09-2017	625
5	Radiological Emergency	FIFA U-17 World Cup, Jawahar Lal Nehru Stadium, Kochi	4-10-2017	516
6	Earthquake	KV NAD, Kalamaserry, Ernakulam	24-06-2017	370
7	Cyclone	Alappuzha District	29-1-2018	728
8	Petro Chemical Tanker Accident	Thalipparamb, National Highway, Kannur	30-1-2018	100
9	Landslide	Idukki Taluk, Idukki	6-2-2018	1047
10	Fire	Government Secretariat, Thiruvananthapuram	8-03-2018	1120
11	Chemical Leak (Amonia)	FACT, Udyogamandal, Ernakulam	14-03-2018	182

1.36 സാമൂഹിക അവബോധ ക്ലാസ്സുകൾ - ദേശീയ ദുരന്ത പ്രതികരണ സേനയുമായി ചേർന്ന് നടത്തിയവ

Sl. No	Date	District	Place	Number of participants
1	15.05.17	Thrissur	THRISSUR TOWN HALL	90
2	16.05.17	Thrissur	KERALA KALAMANDALAM, CHERUTHURUTHY	50
3	17.05.17	Thrissur	MUKUNDAPURAM TALUK	100
4	18.05.17	Thrissur	CHAVAKKAD MINI CIVIL STATION	100
5	19.05.17	Thrissur	KODUNGALLUR GOVT, HR.SECONDARY SCHOOL	90
6	20.05.17	Thrissur	CHALAKKUDY TOWN HALL	90
7	13.06.17	Kottayam	ST. THOMAS HR. SCE.SCHOOL, PALA	252
8	14.06.17	Kottayam	SB HR. SEC.SCHOOL, CHANGANACHERY	245
9	15.06.17	Kottayam	C.M.S HIGH SCHOOL, MUNDAKAYAM	394
10	16.06.17	Kottayam	KURIAKOSE ELIAS ENGLISH MEDIUM SCHOOL, MANNANAM	644
11	17.06.17	Kottayam	S.M.S.N HR. SEC.SCHOOL ASHRAM,VAIKOM	574
12	19.06.17	Ernakulam	ERNAKULAM COLLECTORATE CONFERENCE HALL	90
13	20.06.17	Ernakulam	S.R.V. HIGH SCHOOL	80
14	21.06.17	Ernakulam	MAR BASIL HR. SEC. SCHOOL, KOTHAMANGALAM	510
15	22.06.17	Ernakulam	MUVATTUPUZHA	150
16	23.06.17	Ernakulam	SNM COLLEGE, MALIANKARA	325
17	24.06.17	Ernakulam	KV, NAD, KALAMASSERY	370
18	28.06.17	Wayanad	KV, KALPETTA	325
19	29.06.17	Kasargod	KV, NO-1, CPCRI	320

20	30.06.17	Palakkad	KV, OTTAPALAM	1050
21	17.07.17	Thiruvananthapuram	GOVT. VOCATIONAL HIGHER SECONDARY SCHOOL, GIRLS MANACADU	520
22	18.07.17	Thiruvananthapuram	P.R WILLIAM HR. SECONDARY SCHOOL, KATTAKADA	1193
23	19.07.17	Thiruvananthapuram	TECHNICAL HR. SEC. SCHOOL, MANCHA,	332
24	20.07.17	Thiruvananthapuram	GOVT. HR. SEC. SCHOOL, NEIYATINKARA	382
25	21.07.17	Thiruvananthapuram	GOVT. HR. SEC. SCHOLL, ATTINGAL	527
26	22.07.17	Thiruvananthapuram	SHIVA GIRI HIGHER SEC. SCHOOL, SRINIVASAPURAM	208
27	24.07.17	Kollam	GOVT. HR. SEC. SCHOOL, VALATHUNGAL	162
28	25.07.17	Kollam	GOVT. HR. SEC SCHOOL, CHERIAZHEEKAL	388
29	26.07.17	Kollam	GOVT. HR. SEC. SCHOOL, VETTIKAVALA	392
30	27.07.17	Kollam	ST. STEPHENS HR. SECONDARY SCHOOL, PATHANAPURAM	662
31	28.07.17	Kollam	GOVT. HR. SECONDARY SCHOOL, OTTAKKAL, PUNALUR	405
32	28.07.17	Kollam	GOVT. YOUTH HOSTEL	75
33	22.08.17	Idukki	COOPERTIVE COLLEGE, NEDUMKANDAM	367
34	23.08.17	Idukki	MARIAN COLLEGE, KUTTIKKANAM	290
35	24.08.17	Idukki	NEWMAN COLLAGE THODUPUZHA	711
36	25.08.17	Idukki	WISWADEEPTHI CMI PUBLIC SCHOOL ADIMALI	224
37	26.08.17	Idukki	DISTRICRT PANCHAYAT CONFERNCE HALL	192
38	28.08.17	Pathanamthitta	KERALA DISTRICT ARMED POLICE 5TH BN MANIYAAR	300
39	29.08.17	Pathanamthitta	KENDRIYA VIDAYALAYA, ADOOR	97
40	30.08.17	Pathanamthitta	JAWAHAR NAVODAYA VIDYALAYA VACHUCHIRA	347
41	30.08.17	Pathanamthitta	KENDRIYA VIDAYALAYA CHENNEERKARA	132
42	01.09.17	Pathanamthitta	ST. JOHN'S HIGH SECONDARY SCHOOL THIRUVALLA	85
43	02.09.17	Pathanamthitta	REPUBLICAN VOCATIONAL HS SCHOOL KONNI	114
44	08.09.17	Thrissur	GOVT RSRV HIGHER SECONDARY SCHOOL, CHAVAKKAD	190
45	13.10.17	Thrissur	GOVT HIGHER SEC SCHOOL THRISSUR	277
46	19.02.18	Kollam	BABY JOHN MEMORIAL COLLEGE CHABARA	144
47	20.02.18	Kollam	ST JOSEPH COLLEGE, ANCHAL	410

48	21.02.18	Kollam	AMARUTHA SCHOOL OF ARTS AND SCIENCE COLLEGE, CLAPANNA	369
49	22.02.18	Kollam	LOURDMATHA HIGHER SECONDARY SCHOOL, CHAVRA	233
50	23.02.18	Kollam	ST. GREGORIOUS COLLEGE, KOTTARAKRRA	207
51	24.02.18	Kollam	FATHIMA MATHA NATIONAL COLLEGE	167
52	03.03.18	Palakkad	MULTI DISCIPLINARY TRAINING CENTER, SOUTHEN RAILWAY	139

1.37 ഓഖി ചുഴലിക്കാറ്റ് – വസ്തുതകൾ, ദുരന്ത പ്രതികരണ നടപടികൾ, ദുരിതാശ്വാസ നടപടികൾ

കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ 2017 നവംബർ 30ന് ആഞ്ഞു വീശിയ ഓഖി ചുഴലിക്കാറ്റ് ആളപായവും നാശനഷ്ടവും വിതച്ചാണ് കടന്നുപോയത്. കന്യാകുമാരിക്കും തിരുവനന്തപുരത്തിനുമിടയിൽ രൂപപ്പെട്ട ഓഖി തെക്കൻ കേരളത്തിൽ 120 കി.മി വേഗത്തിലാണ് വീശിയടിച്ചത്. പിന്നീട് ലക്ഷദ്വീപ് മേഖലയിൽ മിനിക്കോയ്ക്ക് തെക്കു കിഴക്ക് 480 കി.മി വേഗതയിൽ കടന്നുപോയി. ഓഖി എന്ന പേര് നൽകിയത് ബംഗ്ലാദേശാണ്. ചുഴലികാറ്റ് വീശിയ ദിവസം മുതൽ 31 ദിവസം, സംസ്ഥാന ഇ.ഓ.സി പൂർണ്ണമായും അടിയന്തിരഘട്ട പ്രവർത്തനങ്ങളിൽ ആയിരുന്നു.

ചുഴലിക്കാറ്റ് കേരളത്തിൽ

കേരള തീരത്തോട് ചേർന്ന് 1891-2017 വരെയുള്ള കാലത്ത് 13 ന്യൂനമർദം, 7 ചുഴലിക്കാറ്റ്, 4 അതിതീവ്ര ചുഴലിക്കാറ്റ് എന്നിവ ഉണ്ടായിട്ടുണ്ട് എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ചുഴലിക്കാറ്റ് അറ്റ്ലസ്സിൽ പ്രതിപാധിക്കുന്നു.



ഓഖിക്ക് മുൻപ് ഇത്തരം ഒരു ചുഴലിക്കാറ്റ് കേരളം കണ്ടത് 1941ൽ ആണ്, കൊല്ലവർഷം 1116 ഇടവം 13ന്. ഓഖിയേക്കാൾ ദുരന്തം വിതച്ച കാറ്റ് അന്ന് കേരളത്തിൽ നിന്ന് കവർന്നത് 62 ജീവൻ. അരലക്ഷം വീടുകൾ തകർന്നു. പറഞ്ഞറിയിക്കാനാവാത്തത്ര നാശനഷ്ടങ്ങളുമുണ്ടായി. കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ രേഖകളിലും നിയമസഭാ രേഖകളിലും ചുഴലിക്കാറ്റുകൊണ്ടുണ്ടായ നഷ്ടത്തെക്കുറിച്ചു സൂചനകളുണ്ട്. ട്രാവൻകൂർ ശ്രീമൂലം അസംബ്ലിയിൽ നടന്ന ചർച്ചയിൽ ചെറുതുരുത്തിയിൽനിന്നുള്ള അംഗം കെ. കുഞ്ഞിരാമമേനോൻ ചുഴലിക്കാറ്റിന്റെ നാശനഷ്ടങ്ങളെ സംബന്ധിച്ച് ചോദിച്ചിട്ടുണ്ട്. കൊല്ല്പ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് രാമചന്ദ്ര അയ്യരും അസംബ്ലിയിൽ ചോദിച്ചിട്ടുണ്ട്. 62 പേർക്ക് മരണം വിധിച്ച ദുരന്തം ഏറ്റവുമധികം നാശനഷ്ടം വിതച്ചത് തൃശൂർ താലൂക്കിലാണ്.

ഒരു വർഷത്തിൽ അറബിക്കടലിൽ ഉണ്ടാകുന്ന അതിശക്ത ന്യൂനമർദ്ദങ്ങളിൽ (Depression) 38% എണ്ണവും ചുഴലിക്കാറ്റ് (Cyclonic Storm) ആകുന്നു. അതിശക്ത ന്യൂനമർദ്ദങ്ങളിൽ (Depression) 21% എണ്ണം ശക്തമായ ചുഴലിക്കാറ്റ് (Severe Cyclonic Storm) ആകുന്നു. ചുഴലിക്കാറ്റ് (Cyclonic Storm) ആകുന്ന 54% എണ്ണം ശക്തമായ ചുഴലിക്കാറ്റ് (Severe Cyclonic Storm) ആകുന്നു.

മുന്നറിയിപ്പ് സംബന്ധിച്ച്

കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പിനുള്ള നോഡൽ വകുപ്പ്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെയും (NDMA Guidelines – Management of Cyclones), കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും (Cyclone Warning in India – Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ അധികാരം ഉള്ള 12 നോട്ടിക്കൽ മൈൽ കടൽ മേഖലയിൽ നിന്നും വളരെ അകലെ ചുഴലിക്കാറ്റ് ആയി മാറിയ ശേഷം മാത്രം, 2017 നവംബർ 30ആം തീയതി ആണ് കേരളത്തിന് ചുഴലികാറ്റ് മുന്നറിയിപ്പ് നൽകുന്നത്.

ഓഖിയുമായി ബന്ധപെട്ട പാർലമെന്റ്റി സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 211അം റിപ്പോർട്ടിലെ 2.2.2 എന്ന ഖണ്ഡികയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം കേന്ദ്ര കാലാവസ്ഥാ വകുപ്പ് പാലിച്ചിരുന്നില്ല എന്ന് വ്യക്തമായി ഈ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഓഖി സംബന്ധിച്ച പാർലമെന്റ്റി സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 211അം റിപ്പോർട്ടിലെ 1.3.8 എന്ന ഖണ്ഡികയിൽ നിന്നും വ്യക്തമാകുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചന സാങ്കേതിക വിദ്യ പോലും തീർത്തും അപര്യാപ്തമായിരുന്നു എന്നും, ചുഴലികാറ്റിന്റെ ഉത്ഭവത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം ഉള്ള കടൽ ചൂട് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇനി

എങ്കിലും അടിയന്തിരമായി അവരുടെ പ്രവചന സാങ്കേതിക വിദ്യയിൽ ഉപയോഗിക്കണം എന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നുണ്ട്.

"211th Report of the Parliamentary Standing Committee on Home Affairs on the Cyclone Ockhi - its impact on fishermen and damage caused by it" ന്റെൽ പാരഗ്രാഫ് 2.2.2ൽ മുന്നറിയിപ്പ് കൃത്യമായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയില്ല എന്നു വ്യക്തമായി പ്രതിപാദിക്കുന്നു - "The committee observes that the advisory issued on 29th November did not clearly predict a cyclonic storm. Officially, a cyclone specific advisory was issued only on 30th November, the very date of the arrival of Cyclone Ockhi but by then many fishermen would have already ventured out to sea. This was a clear departure from the Standard Operating Procedure wherein the first cyclone specific advisory, the pre-cyclone watch, is issued three days prior to the landfall of the cyclone".

22-12-2017ന് കേന്ദ്ര ആഭ്യന്തര മന്ത്രി പാർലമെന്റ് സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽ കേരളത്തിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയത് 30-11-2017ന് പകൽ മാത്രമാണ് എന്നും, ഓഖി ചുഴലിക്കാറ്റിന്റെ സവിശേഷതയാണ് ഈ ശാസ്ത്രീയ പരിമിതിക്ക് കാരണമായത് എന്നും വ്യക്തമാക്കിയിരുന്നു.

ദുരന്ത നിവാരണ പ്രവർത്തകരെ ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരം പ്രവർത്തിക്കുവാനാണ് പരിശീലിപ്പിക്കുന്നത്. ഈ മാനദണ്ഡ പ്രകാരം ഒരു ചുഴലിക്കാറ്റിന് മുൻപായി നാല് തലത്തിൽ ഉള്ള മുന്നറിയിപ്പ് നൽകേണ്ടതാണ്. ആദ്യഘട്ടം **72 മണിക്കൂറിന്** മുൻപായി **Pre-Cyclone Watch** എന്ന അറിയിപ്പ് ലഭിക്കേണ്ടതാണ്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാനങ്ങളെ അറിയിക്കണം.

തുടർന്ന് രണ്ടാം ഘട്ടമായി **48 മണിക്കൂറിന്** മുൻപായി **Cyclone Alert** എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്നും, ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും, ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർക്കുള്ള നിർദേശവും സംസ്ഥാനങ്ങളെ അറിയിക്കണം.

മൂന്നാം ഘട്ടമായി **24 മണിക്കൂറിന്** മുൻപായി **Cyclone Warning** എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ തീരത്ത് എത്ര മണി മുതൽ കാലാവസ്ഥ മോശമായി മാറുവാൻ സാധ്യതയുണ്ട് എന്നും, ചുഴലിക്കാറ്റിന്റെ തീവ്രത എന്താകും എന്നും ബാധിക്കുവാൻ സാധ്യതയുള്ള ജില്ലകൾ ഏതെന്നും, ദുരന്ത നിവാരണ അതോറിറ്റി, മാധ്യമങ്ങൾ, പൊതുജനങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർക്കുള്ള നിർദ്ദേശവും സംസ്ഥാനങ്ങളെ

അറിയിക്കണം. ഈ അറിയിപ്പ് എല്ലാ മൂന്നു മണിക്കൂറും സംസ്ഥാനങ്ങൾക്ക് നൽകണം.

നാലാം ഘട്ടമായി **12 മണിക്കൂറിന്** മുൻപായി **Post Landfall Outlook** എന്ന അറിയിപ്പാണ് നൽകേണ്ടത്. ഈ അറിയിപ്പിൽ ചുഴലി കരയിൽ എത്തുവാൻ സാധ്യതയുള്ള സ്ഥലം, ദിശ എന്നിവ ഉണ്ടാകണം.

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013ലെ ചുഴലിക്കാറ്റ് Standard Operating Procedure Page 9, Table 1.2 പ്രകാരം **Depression** എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശുപാർശ ചെയ്യുന്നില്ല. **Deep Depression** എന്ന സ്ഥിതിയിൽ 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശുപാർശ. **Cyclonic Storm** എന്ന നിലയിൽ മാത്രമാണ് 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' എന്ന നിർദേശമുള്ളത്.

- **28-11-2017**ന് സമുദ്ര നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് നൽകി എന്ന ഒരു ആക്ഷേപം ഉണ്ടായിരുന്നു. മേൽ മുന്നറിയിപ്പ് അതോറിറ്റിക് email ആയോ fax ആയോ ലഭിച്ചിട്ടില്ല. സമുദ്ര നിരീക്ഷണ കേന്ദ്രം നൽകുന്നത് കടലിന്റെ സ്ഥിതി സംബന്ധിച്ച വിവരമാണ്. മേൽ അറിയിപ്പിൽ "മീൻ പിടുത്തക്കാർ കടലിൽ പോകുമ്പോൾ ജാഗ്രത പാലിക്കണമെന്ന് ഉപദേശിക്കുന്നു" എന്നതാണ് നൽകിയിരിക്കുന്നത്. ഇത്തരം ഒരു അറിയിപ്പ് ദുരന്ത സാഹചര്യമായി വിലയിരുത്തുവാൻ സാധിക്കില്ല. ഈ അറിയിപ്പിൽ ഒരിടത്തും ന്യൂനമർദം ഉണ്ടെന്നോ, ഉണ്ടാകും എന്നോ, ഈ ഉപദേശം ന്യൂനമർദവുമായി ബന്ധപ്പെട്ടതാണ് ഈ അറിയിപ്പ് എന്നോ പരാമർശിക്കുന്നില്ല. ഇത്തരം ഒരു അറിയിപ്പ് മിക്കദിവസവും സമുദ്ര നിരീക്ഷണ കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ ഉണ്ടാകാറുണ്ട്.
- **29-11-2017ന് പകൽ പതിനൊന്ന് അൻപതിനാണ്** കേന്ദ്ര കാലാവസ്ഥാ വകുപ്പ് ആദ്യ bulletin പുറപ്പെടുവിച്ചത്. ഈ bulletin 11.56ന് ചീഫ് സെക്രട്ടറിക്ക് email ആയി ലഭിച്ചു - ബംഗാൾ ഉൾകടലിൽ ശ്രീലങ്കയിൽ ഒരു ന്യൂനമർദം ഉണ്ടായിട്ടുണ്ട് എന്നും കേരളതീരത്ത് 45-55 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നും അറിയിച്ചു. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിൽ ന്യൂനമർദ പാതയുടെ ദിശ കേരളത്തിൽ നിന്നും വളരെ ദൂരെയും, തെക്കൻ ശ്രീലങ്കയിൽ നിന്നും ലക്ഷദ്വീപിലേക്ക്, പടിഞ്ഞാറൻ ദിശയിൽ ആയിരിക്കും എന്നാണ് കാണിച്ചത്. ഇതിൽ ഒരിടത്തും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള **Pre-cyclone Watch** എന്ന അറിയിപ്പില്ല. **ഇവിടം**

<u>മുതൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള നടപടി എടുത്തില്ല</u>. കേരള തീരത്ത് എന്തെങ്കിലും നാശനഷ്ടം പ്രതീക്ഷിക്കണം എന്നും അറിയിപ്പില്ല. ഈ ഒന്നാം bulletin വരുന്നതിന് മുൻപ് തന്നെ മത്സ്യ തൊഴിലാളികൾ കടലിൽ പോയിരുന്നു. ജീവൻ നഷ്ടപെട്ട മിക്കവരും, കാണാതായവരും ഒന്നാം bulletin വരുന്നതിന് മുൻപ് തന്നെ കടലിൽ പോയിരുന്നു. **<u>Bulletin 1 മുതൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മാനദണ്ഡം പ്രകാരമുള്ള Pre-Cyclone Watch നല്കിയിരുന്നെങ്കിൽ ഇത്രയേറെ ജീവനുകൾ നഷ്ടപ്പെടില്ലായിരുന്നു.</u>**

- **29-11-2017ന് ഉച്ചക്ക് രണ്ടേകാലിനാണ്** IMD രണ്ടാം bulletin പുറപ്പെടുവിച്ചത്. ഈ bulletin 2.24ന് email ആയി ചീഫ് സെക്രട്ടറിക്ക് ലഭിച്ചു - ബംഗാൾ ഉൾകടലിൽ ശ്രീലങ്കയിൽ ഒരു ന്യൂനമർദം ഉണ്ടായിട്ടുണ്ട് എന്നും കേരളതീരത്ത് 45-55 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുത് എന്ന് ഉപദേശിക്കണം എന്നും അറിയിച്ചു. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിൽ ന്യൂനമർദ പാതയുടെ ദിശ കേരളത്തിൽ നിന്നും വളരെ ദൂരെയും, തെക്കൻ ശ്രീലങ്കയിൽ നിന്നും ലക്ഷദ്വീപിലേക്ക്, പടിഞ്ഞാറൻ ദിശയിൽ ആയിരിക്കും എന്നാണ് കാണിച്ചത്. സമുദ്ര നിരീക്ഷണ കേന്ദ്രം അയച്ചു നൽകിയ ഇതേസമയത്തെ അറിയിപ്പ്, പ്രധാന മാധ്യമങ്ങൾക്ക് അയച്ചു നൽകിയിട്ടുണ്ട്. ഇതിൽ ഒരിടത്തും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള **Pre-Cyclone Watch** എന്ന അറിയിപ്പില്ല. കേരള തീരത്ത് എന്തെങ്കിലും നാശനഷ്ടം പ്രതീക്ഷിക്കണം എന്നും അറിയിപ്പില്ല. ഈ വിവരം ചില മാധ്യമങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചത്, അതും അപ്രധാനമായി. **<u>അങ്ങിനെ bulletin 2 ഇറക്കിയപ്പോഴും മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് സംസ്ഥാനത്തിന് നൽകിയില്ല</u>**.
- **29-11-2017ന് വൈകിട്ട് ഏഴേകാലിനാണ്** IMD മൂന്നാം bulletin പുറപ്പെടുവിച്ചത് എന്ന് കാണുന്നു. ഈ bulletin 7.30ന് email ആയി ചീഫ് സെക്രട്ടറിക്ക് ലഭിച്ചു - ന്യൂനമർദം കന്യാകുമാരിയിൽ നിന്നും 340 km തെക്ക് കിഴക്ക് മാറിയും, ശ്രീലങ്കയിൽ നിന്നും 30 km വടക്ക് പടിഞ്ഞാറ് ആണെന്നും കേരളതീരത്ത് 45-55 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുത് എന്ന് ഉപദേശിക്കണം എന്നും അറിയിച്ചു. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിൽ ന്യൂനമർദ പാതയുടെ ദിശ കേരളത്തിൽ നിന്നും വളരെ ദൂരെയും, തെക്കൻ ശ്രീലങ്കയിൽ നിന്നും ലക്ഷദ്വീപിലേക്ക്,

പടിഞ്ഞാറൻ ദിശയിൽ ആയിരിക്കും എന്നാണ് കാണിച്ചത്. ഇതിൽ ഒരിടത്തും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള **Pre-Cyclone Watch** എന്ന അറിയിപ്പില്ല. കേരള തീരത്ത് എന്തെങ്കിലും നാശനഷ്ടം പ്രതീക്ഷിക്കണം എന്നും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകുവാൻ അനുവദിക്കരുത് എന്നും അറിയിപ്പില്ല. **<u>അങ്ങിനെ bulletin 3 ഇറക്കിയപ്പോഴും മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് സംസ്ഥാനത്തിന് നൽകിയില്ല</u>**

- **30-11-2017ന് അതിരാവിലെ ഒന്നര മണിക്കാണ്** IMD നാലാം bulletin പുറപ്പെടുവിച്ചത്. ഈ bulletin 1.36ന് email ആയി ചീഫ് സെക്രട്ടറിക്ക് ലഭിച്ചു - ന്യൂനമർദം കന്യാകുമാരിയിൽ നിന്നും 270 km തെക്ക് തെക്ക് കിഴക്ക് മാറിയും, ശ്രീലങ്കയിൽ നിന്നും 110 km വടക്ക് പടിഞ്ഞാറ് ആണെന്നും കേരള തീരത്ത് 45-55 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുത് എന്ന് ഉപദേശിക്കണം എന്നും അറിയിച്ചു. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിലും ന്യൂനമർദ പാതയുടെ ദിശ കേരളത്തിൽ നിന്നും വളരെ ദൂരെയും, തെക്കൻ ശ്രീലങ്കയിൽ നിന്നും ലക്ഷദ്വീപിലേക്ക്, പടിഞ്ഞാറൻ ദിശയിൽ ആയിരിക്കും എന്നാണ് കാണിച്ചത്. ഈ അറിയിപ്പ് പ്രധാന മാധ്യമങ്ങൾക്ക് അയച്ചു നൽകിയിട്ടുണ്ട്. ഇതിൽ ഒരിടത്തും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള **Pre-Cyclone Watch** എന്ന അറിയിപ്പില്ല. കേരള തീരത്ത് എന്തെങ്കിലും നാശനഷ്ടം പ്രതീക്ഷിക്കണം എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകുവാൻ അനുവദിക്കരുത് എന്നും അറിയിപ്പില്ല. **<u>അങ്ങിനെ bulletin 4 ഇറക്കിയപ്പോഴും മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് സംസ്ഥാനത്തിന് നൽകിയില്ല</u>**
- **30-11-2017ന് അതിരാവിലെ അഞ്ചര മണിക്കാണ്** IMD അഞ്ചാം bulletin പുറപ്പെടുവിച്ചത്. ഈ bulletin 6.18ന് email ആയി ചീഫ് സെക്രട്ടറിക്ക് ലഭിച്ചു - ന്യൂനമർദം കന്യാകുമാരിയിൽ നിന്നും 210 km തെക്ക് കിഴക്ക് മാറിയും, ശ്രീലങ്കയിൽ നിന്നും 185 km വടക്ക്-പടിഞ്ഞാറ് ആണെന്നും കേരളതീരത്ത് 55-65 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശും എന്നും ചില സമയത്ത് ഇത് 75 കിലോമീറ്റർ വേഗത്തിലാകും എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുത് എന്ന് ഉപദേശിക്കണം എന്നും അറിയിച്ചു. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിലും ന്യൂനമർദ പാതയുടെ ദിശ കേരളത്തിൽ നിന്നും വളരെ ദൂരെയും, തെക്കൻ ശ്രീലങ്കയിൽ നിന്നും ലക്ഷദ്വീപിലേക്ക്, പടിഞ്ഞാറൻ ദിശയിൽ ആയിരിക്കും എന്നാണ് കാണിച്ചത്. ഇതിൽ ഒരിടത്തും കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ

ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡപ്രകാരമുള്ള **Pre-Cyclone Watch** എന്ന അറിയിപ്പില്ല. കേരള തീരത്ത് എന്തെങ്കിലും നാശനഷ്ടം പ്രതീക്ഷിക്കണം എന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകുവാൻ അനുവദിക്കരുത് എന്നും അറിയിപ്പില്ല. പിന്നീടുള്ള റിപ്പോർട്ടിൽ നിന്നും വെളിവാകുന്നത് പകൽ 2.30 am-നും, 8.30 am-നും ഇടയിൽത്തന്നെ ഇത് ഒരു ചുഴലിക്കാറ്റായി പരിണമിച്ചിരുന്നു എന്നാണ്. **<u>അങ്ങിനെ bulletin 5 ഇറക്കിയപ്പോഴും മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് സംസ്ഥാനത്തിന് നൽകിയില്ല</u>**

- **30-11-2017ന് രാവിലെ എട്ടര മണിക്കാണ്** IMD ആറാം bulletin പുറപ്പെടുവിച്ചത് - ന്യൂനമർദം ഒരു തീവ്ര ന്യൂനമർദ്ദം ആയി എന്ന് അറിയിച്ചു. അപ്പോൾ ന്യൂനമർദം കന്യാകുമാരിക്ക് 170km തെക്ക് കിഴക്ക് കേരള തീരത്ത്നിന്നും വളരെ ദൂരെയാണ് നിലകൊണ്ടത്. ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിലും ന്യൂനമർദ പാതയും ദിശയും കേരളത്തിൽ നിന്നും വളരെ ദൂരെ ആയിരിക്കും എന്നാണ് അറിയിച്ചത്. കേരളത്തിന് അപ്പോഴും ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയിട്ടില്ല. എന്നാൽ ലക്ഷദ്വീപിനു Cyclone Alert നൽകുകയും ചെയ്തു. ഈ ബുള്ളറ്റിനിൽ ആണ് ആദ്യമായി ചുഴലികാറ്റാണ് ഈ പ്രതിഭാസം എന്ന അറിയിപ്പ് നൽകുന്നത്. **അവിടെയും അടുത്ത 12മണിക്കൂറിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ട് എന്നതാണ് അറിയിപ്പ്.**

  കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017ന് വൈകിട്ട് 5.30ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ് അറിയിപ്പ്. അപ്പോഴും കേരളത്തിൽ ചുഴലികാറ്റിന്റെ ആഘാതത്തെ കുറിച്ച് പരാമർശിക്കാതെ, ലക്ഷദ്വീപിൽ ചട്ടപ്പടി ചുഴലി മുന്നറിയിപ്പ് നൽകുകയാണ് ഉണ്ടായത്. ഇവിടെയും തെക്കൻ കേരള തീരത്തു 45-55 കി.മി. വേഗത്തിലും ചിലപ്പോൾ 65 കി.മി. വേഗത്തിലും കാറ്റ് ഉണ്ടാകും; തെക്കൻ കേരള തീരത്തു മത്സ്യ തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉള്ളത്. ഈ സമയം മുതൽ സംസ്ഥാന സർക്കാർ മുന്നറിയിപ്പ് ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിച്ചു. **<u>ലക്ഷദ്വീപിന് Cyclone Alert കൊടുക്കുമ്പോൾ പോലും മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം (Total suspension of fishing) എന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് സർക്കാരിന് കേന്ദ്ര ഏജൻസി നൽകിയില്ല</u>**

- **30-11-2017ന് ഉച്ചക്ക് പന്ത്രണ്ട് മണിക്കാണ്** IMD ഏഴാം bulletin പുറപ്പെടുവിച്ചത് എന്ന് കാണുന്നു. Orange Alert ആയിട്ടാണ് ഇത് പുറപ്പെടുവിച്ചത്. ന്യുനമർദ്ദം ഒരു ചുഴലിക്കാറ്റ് ആയി എന്നും, ഈ അറിയിപ്പിനോപ്പം നൽകിയ ഭൂപടത്തിലും ന്യുനമർദ്ദ പാതയുടെ അതിരുകൾ കേരളത്തിന്റെ തീരത്ത് എത്തും എന്നും അറിയിച്ചു. അപ്പോൾ ചുഴലിക്കാറ്റ് കന്യാകുമാരിക്ക് 60km തെക്കും, തിരുവനന്തപുരം തീരത്ത്നിന്നും 120 km തെക്ക് പടിഞ്ഞാറും ആണ് നിലകൊണ്ടത്. **Cyclone Warning** ഉണ്ട് എന്നതിനാൽ 12.05 hrs ന് എല്ലാ പ്രധാനപെട്ട ഉദ്യോഗസ്ഥർക്കും, പത്ര മാധ്യമങ്ങൾക്കും അതോറിറ്റിയുടെ മെസ്സേജ് സർവീസ് മുഖാന്തിരം അറിയിപ്പ് നൽകി.

  ഈ ബുള്ളറ്റിനിൽ മാത്രമാണ് കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകും എന്നും ചുഴലിക്കാറ്റ് മുന്നറിയിപ്പ് ചട്ടത്തിലെ Cyclone Warning – Orange Alert കേരളത്തിന് നൽകുന്നതും. ആറാം ബുള്ളറ്റിനിൽ വൈകിട്ട് 5.30ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിച്ച പ്രതിഭാസം, രാവിലെ 8.30ന് തന്നെ ചുഴലിക്കാറ്റായി എന്ന് ഈ ബുള്ളറ്റിനിൽ പ്രതിപാദിക്കുന്നു. പിന്നീടുള്ള ബുള്ളറ്റിനുകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് ഈ പ്രതിഭാസം 30ന് പകൽ ഏതാണ്ട് 2.30യ്ക്കും, 8.30യ്ക്കും ഇടയിൽ ചുഴലിക്കാറ്റായി എന്നതാണ്.

ഓഖിയുടെ സഞ്ചാരപഥം സംബന്ധിച്ച് കേന്ദ്ര കലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച പ്രവചന ഭൂപടങ്ങൾ ചുവടെ ചേർക്കുന്നു




OBSERVED AND FORECAST TRACK OF DEPRESSION OVER BAY OF BENGAL BASED ON 1200 UTC OF 29th NOVEMBER 2017
DATE/TIME IN UTC
IST = UTC + 0530 HRS
D: DEPRESSION
OBSERVED TRACK
FORECAST TRACK
Forecast:
1. Moving in S-W direction
2. Likely to emerge as Deep Depression in 24 hours i.e. before 7.15 p.m on 30.11.2017
3. Warning to Fishermen advised not to venture into sea for 48 hours
29/03
29/12
Depression
Bulletin 3, 29/11/2017, 7.15 pm


OBSERVED AND FORECAST TRACK OF DEPRESSION OVER BAY OF BENGAL BASED ON 1800 UTC OF 29th NOVEMBER 2017
Forecast:
1. Moving in W direction
2. Likely to emerge as Deep Depression in 12 hours i.e. before 1.30 p.m on 30.11.2017
3. Warning to Fishermen advised not to venture into sea for 36 hours
4. Location 270 km. SE of Kanyakumari
DATE/TIME IN UTC
IST = UTC + 0530 HRS
D: DEPRESSION
OBSERVED TRACK
FORECAST TRACK
D
D
D
D
29/03
Depression
Bulletin 4, 30/11/2017, 1.30 am





Date/Time(IST)	Position (Lat. ^{0}N/ long. ^{0}E)	Maximum sustained surface wind speed (kmph)	Category of cyclonic disturbance
30/0530	6.7/78.3	50-60 GUSTING TO 70	DEEP DEPRESSION
30/1130	7.0/77.5	55-65 GUSTING TO 75	DEEP DEPRESSION
30/1730	7.4/76.7	60-70 GUSTING TO 80	CYCLONIC STORM
30/2330	7.8/75.8	70-80 GUSTING TO 90	CYCLONIC STORM
01/0530	8.2/75.0	80-90 GUSTING TO 100	CYCLONIC STORM
01/1730	9.2/73.5	90-100 GUSTING TO 110	SEVERE CYCLONIC STORM
02/0530	10.2/72.0	95-105 GUSTING TO 115	SEVERE CYCLONIC STORM
02/1730	11.2/70.5	100-110 GUSTING TO 120	SEVERE CYCLONIC STORM
03/0530	12.2/69.0	110-120 GUSTING TO 130	SEVERE CYCLONIC STORM



Date/Time(IST)	Position (Lat. ⁰N/ long. ⁰E)	Maximum sustained surface wind speed (kmph)	Category of cyclonic disturbance
30/0830	7.5/77.5	60-70 GUSTING TO 80	CYCLONIC STORM
30/1130	7.8/77.0	60-70 GUSTING TO 80	CYCLONIC STROM
30/1730	8.5/75.8	70-75 GUSTING TO 85	CYCLONIC STORM
30/2330	9.0/75.0	80-90 GUSTING TO 100	CYCLONIC STORM
01/0830	9.5/74.2	90-100 GUSTING TO 110	SEVERE CYCLONIC STORM
01/1730	10.4/72.7	95-105 GUSTING TO 115	SEVERE CYCLONIC STORM
02/0830	11.4/71.2	100-110 GUSTING TO 120	SEVERE CYCLONIC STORM
02/1730	12.4/69.7	110-120 GUSTING TO 130	SEVERE CYCLONIC STORM

Bulletin 7, 30/11/2017, 12.00 pm



Bulletin 37, 4/12/2017, 3.30 am

ഒരു സാഹചര്യത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിലെ മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നതിൽ നിന്നും തടയണം (Total Suspension of Fishing) എന്ന് ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടില്ല എന്നത് പ്രസക്തമാണ്. 30-11-2017ന് ഉച്ചക്ക് പന്ത്രണ്ട് മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് എഴാം ബുള്ളറ്റിനിൽ മാത്രമാണ് ചുഴലിക്ക്

പേരുപോലും ഇട്ടത് എന്നത് ശ്രദ്ധിക്കേണ്ടുന്ന വസ്തുതയാണ്. ഇതിനു മുൻപ് തന്നെ ചുഴലി വിതയ്ക്കേണ്ട നാശനഷ്ടം വിതച്ചു.

മേൽ സൂചിപ്പിച്ച ഒരു ബുള്ളറ്റിനിലും ഈ ന്യൂനമർദം ചുഴലിയാണെന്ന് അറിയിപ്പ് നൽകുന്ന Pre-Cyclone Watch, Cyclone Alert (Yellow Alert) എന്നിവ ഇല്ല. ബുള്ളറ്റിനുകൾ കൃത്യമായ ഒരു ന്യൂനമാർദപാത പ്രവചിക്കുന്നില്ല. ഓരോന്നിലും പാത വ്യത്യസ്തമായിട്ടാണ് കാണുന്നത്. ഇത്തരം കൃത്യതയില്ലാത്തതും, അടിക്കടി മാറ്റിക്കൊണ്ടിരിക്കുന്നതുമായ വിവരങ്ങളും, മുന്നറിയിപ്പ് ചട്ടങ്ങൾ പാലിക്കാത്തതുമായ പ്രവചനങ്ങൾ വച്ചുകൊണ്ട് അടിയന്തിര സാഹചര്യം പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുന്നത് അനുചിതമാണ്. ഇത്തരം വിവരങ്ങൾ കൈമാറുന്നതിന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ഒരു വ്യക്തവും നിയമപരവുമായ മുന്നറിയിപ്പ് ചട്ടം നിലവിൽ ഉണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിൽ പ്രതിപാദിക്കുന്നതൊന്നും പാലിക്കാതെ ഉപദേശരൂപേണയുള്ള അറിയിപ്പുകൾ മാത്രമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയത്.

അപകടത്തിൽപെട്ടവരിൽ കൂടുതലും 29-11-2017ന് കടലിൽ പോയവരാണ്. ഇവർക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിക്കാത്ത ചുഴലി സംബന്ധിച്ച് ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകുവാൻ സംസ്ഥാന സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കില്ല.

ആയതിനാൽ, 30-11-2017ന് പകൽ 6.20ന് അഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച ചുഴലിക്കാറ്റ് എന്ന അറിയിപ്പ് ഉപയോഗിച്ച് ക്രിയാത്മകമായി ഒരു മുന്നറിയിപ്പും 29-11-2017ന് കടലിൽ പോയ മത്സ്യ തൊഴിലാളികൾക്കായി നൽകുവാൻ സാധിക്കില്ല എന്നതാണ് വസ്തുത. മേൽ സൂചിപ്പിച്ചത്പോലെ 30-11-2017ന് 2.30യ്ക്കും, 8.30യ്ക്കും ഇടയിൽ ഈ പ്രതിഭാസം ചുഴലിക്കാറ്റായി മാറിക്കഴിഞ്ഞിരുന്നു. ഈ വസ്തുതകളുടെ വെളിച്ചതിൽ 6.20ന് അഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച ബുള്ളറ്റിൻ ഒരു മുന്നറിയിപ്പായി കേരളത്തിന് കാണുവാൻ സാധിക്കില്ല. വന്നു പോയ ചുഴലി സംബന്ധിച്ച സ്ഥിരീകരണം മാത്രമായേ ഇതിനെ കാണുവാൻ സാധിക്കുകയുള്ളൂ.

ചുഴലികാറ്റ്, സൂചനകളുടെ അടിസ്ഥാനത്തിൽ പ്രവചിക്കുന്ന ചുമതലയും അത് പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പത്ര സമ്മേളനം നടത്തേണ്ടതും, മാധ്യമങ്ങൾ, ജില്ലാ കളക്ടർമാർ, ഫിഷറീസ് വകുപ്പ് എന്നിവർക്ക് കൃത്യമായി ലളിതമായ ഭാഷയിൽ, ചട്ടം നിർവചിക്കുന്നത് പ്രകാരം മുന്നറിയിപ്പ് നൽകേണ്ടുന്ന ചുമതലയും നിലവിലെ IMD സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ്. അപ്രകാരം ലഭിക്കുന്ന

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ചുമതല സംസ്ഥാന സർക്കാരിനും ആണ് എന്നതാണ് നിലവിലെ IMD സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം.

30-11-2017ന് രാവിലെ 8.30ന്റെ ബുള്ളറ്റിൻ ലഭിച്ചത് മുതൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം പ്രകാരം സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

- **നൽകേണ്ടുന്ന മുന്നറിയിപ്പുകളായ Pre-cyclone Watch, Cyclone Alert, Cyclone Warning, Post Land Fall Outlook എന്ന ഓരോ തലത്തിലുള്ള മുന്നറിയിപ്പുകളും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മാനദണ്ഡം അനുസരിച്ച് നല്കിയിരുന്നെകിൽ കടലിൽ വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാമായിരുന്നു.**
- **<u>കേന്ദ്ര കാലാവസ്ഥ വകുപ്പ് Cyclone Warning തരുമ്പോൾ മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം (Total suspension of fishing) എന്ന മാനദണ്ഡം പ്രകാരമുള്ള മുന്നറിയിപ്പ് കേരളത്തിന് നൽകിയില്ല.</u>**
- **കേന്ദ്ര മാനദണ്ഡം നിഷ്കർഷിച്ചിട്ടുള്ള Total Suspension of Fishing (മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം) എന്ന അറിയിപ്പ് ഒരിക്കൽ പോലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിനു നൽകിയിട്ടില്ല**
- **കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇത്തരം പ്രതിഭാസങ്ങളെ കുറിച്ച്, ചട്ടങ്ങൾ പ്രകാരം പത്രമാദ്ധ്യമങ്ങൾക്കും, ഫിഷറീസ് വകുപ്പിനും നേരിട്ട് വിവരം നൽകേണ്ടതാണ്. ഇത്തരത്തിൽ ഒരു അറിയിപ്പും ഉണ്ടായിട്ടില്ല. ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ എന്നിവരെ നേരിട്ട് വിളിച്ച് അറിയിക്കേണ്ട ചുമതലയും, പത്ര മാധ്യമങ്ങളെ അറിയിക്കേണ്ട ചുമതലയും, പത്ര സമ്മേളനം നടത്തേണ്ട ചുമതലയും കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ്.**
- **ചുഴലിക്കാറ്റ് വീശുന്നതിനു മുൻപ് വരെ ചീഫ് സെക്രട്ടറിയെ ഒരിക്കൽ പോലും കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉദ്യോഗസ്ഥർ വിളിച്ചിട്ടില്ല. ഫാക്സ് ചെയ്തു എന്ന് അവകാശപ്പെടുന്ന എല്ലാ Bulletin-കളും ഫാക്സ് ചെയ്തു നൽകിയിരിക്കുന്നത് ചീഫ് സെക്രട്ടറിയുടെ ഫാക്സ് നമ്പറിൽ അല്ല. Bulletinകളിൽ നൽകിയിരിക്കുന്ന നമ്പർ 0471-2518006 എന്ന Secretariat എക്സ്ചേഞ്ച് നമ്പറിൽ ആണ്. ഫാക്സ് സംവിധാനം ഇല്ലാത്ത നമ്പറിലേക്ക് ആണ് ഈ ഫാക്സുകൾ അയച്ചത് എന്ന് അനുമാനിക്കേണ്ടതുണ്ട്. ചീഫ് സെക്രട്ടറിയുടെ ഫാക്സ് നമ്പർ പോലും ഉറപ്പ് വരുത്താതെ ഇത്രേയും പ്രധാനപ്പെട്ട സന്ദേശം നൽകുന്നത് അക്ഷന്തവ്യമായ അനാസ്ഥയാണ്. 30-11-**

2017, 12മണിക്ക് പുറപ്പെടുവിച്ച bulletin പോലും ഇമെയിൽ ആയി അയച്ചിരിക്കുന്നത് 12.46 മണിക്കാണ്.

ലഭ്യമായ വിവരം ഉപയോഗിച്ച് സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു.

ദുരന്ത പ്രതികരണ നടപടികൾ

- 29-11-2017
  - ഉച്ചക്ക് രണ്ടരക്ക് ലഭിച്ച അറിയിപ്പ് മാധ്യമങ്ങൾക്കും, പ്രധാനപെട്ട എല്ലാ ഉദ്യോഗസ്ഥർക്കും അതോറിറ്റിയുടെ മെസ്സേജ് സർവീസ് മുഖാന്തിരം നൽകി. എന്നാൽ ഇതിൽ ചുഴലിക്കാറ്റാണ് വീശുവാൻ പോകുന്നത് എന്ന് പരാമർശിക്കുന്നില്ല. ന്യൂന മർദം എന്ന തരത്തിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ലഭിച്ച അറിയിപ്പിൽ കാണുന്നത്. സംസ്ഥാന അതോറിറ്റി നൽകിയ ഈ വിവരം മാത്രമാണ് അടുത്ത ദിവസത്തെ രണ്ടു പത്രങ്ങൾക്ക് ലഭിച്ചത്.
- 30-11-2017
  - രാവിലെ ഒന്നരയ്ക്ക് ലഭിച്ച അറിയിപ്പ് മാധ്യമങ്ങൾക്കും, പ്രധാനപെട്ട എല്ലാ ഉദ്യോഗസ്ഥർക്കും അതോറിറ്റിയുടെ മെസ്സേജ് സർവീസ് മുഖാന്തിരം നൽകി. എന്നാൽ ഇതിൽ ചുഴലിക്കാറ്റാണ് വീശുവാൻ പോകുന്നത് എന്ന് പരാമർശിക്കുന്നില്ല. ന്യൂന മർദം എന്ന തരത്തിലാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിന്നും ലഭിച്ച അറിയിപ്പിൽ കാണുന്നത്.
  - രാവിലെ എട്ടര മണിയിലെ bulletin വിലയിരുത്തി 11.00 മണിയോടെ തിരുവനന്തപുരം ജില്ലാ കളക്ടറോട് സ്കൂളുകൾക്ക് ഉച്ചയ്ക്ക് ശേഷം അവധി നൽകുവാൻ ആവശ്യപെട്ടു. തീരസംരക്ഷണ സേനയോട് കാണുന്നില്ല എന്ന് ആശങ്കപെട്ട മത്സ്യ തൊഴിലാളികളെ കണ്ടെത്തുവാൻ സഹായം നൽകണം എന്ന് ആവശ്യപെട്ടു.
  - ഉച്ചക്ക് 12 മണിക്ക് Cyclone Warning ഉണ്ട് എന്ന അറിയപ്പ് ലഭിച്ചതിനാൽ 12.05 hrs ന് എല്ലാ പ്രധാനപെട്ട ഉദ്യോഗസ്ഥർക്കും, പത്ര മാധ്യമങ്ങൾക്കും മെസ്സേജ് സർവീസ് മുഖാന്തിരം അറിയിപ്പ് നൽകി. Standard Operating Procedures പ്രകാരം അംഗീകരിച്ച, പൊതുജനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങളും, വിനോദ സഞ്ചാരികൾക്കുള്ള നിർദേശങ്ങളും, ജില്ല ദുരന്ത നിവാരണ അതോറിറ്റിക്കുള്ള നിർദേശങ്ങളും, മത്സ്യ തൊഴിലാളികൾക്കുള്ള നിർദേശങ്ങളും പ്രത്യേകമായി നൽകി. ചുഴലിക്കാറ്റ് Severe Cyclonic Storm എന്ന സ്ഥിതിയിൽ എത്തിയാൽ

ഉള്ള പ്രവർത്തനങ്ങൾ നടത്തുവാൻ വ്യക്തമായ നിർദേശം സംസ്ഥാന ദുരന്ത നിവാരണ കമ്മീഷണർ മുഖാന്തരവും (Additional Chief Secretary, Disaster Management), ബഹു: റവന്യൂ മന്ത്രി മുഖാന്തരവും ജില്ലകൾക്കും, പത്ര മാധ്യമങ്ങൾക്കും നൽകി.

- ഉച്ചക്ക് ഒരുമണിക്ക് Standard Operating Procedures പ്രകാരം ഉള്ള നിർദ്ദേശ പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപെട്ട് ആവശ്യമായ നിർദേശങ്ങളും ഏകോപനവും ഉറപ്പ് വരുത്തി. ആധുനിക വിമാനങ്ങളും, കപ്പലുകളും തിരുവനന്തപുരം തീരത്ത് എത്തുവാൻ ശ്രമിച്ചെങ്കിലും അന്നത്തെ സ്ഥിതിയിൽ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. മേൽ നിർദേശ പ്രകാരം 6 വായു സേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 2 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രക്ഷാ പ്രവർത്തനം ആരംഭിച്ചു
- ഉച്ചക്ക് ഒന്നരയ്ക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടിയന്തിര യോഗം ചേർന്ന് ചുഴലിക്കാറ്റിന്റെ എല്ലാ നടപടികളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അനുസരിച്ച് നടപ്പാക്കുവാനും, ദുരന്ത നിവാരണ നിയമത്തിന്റെ Section 18 (3) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ബഹു: മുഖ്യമന്ത്രിയോട് ശുപാർശ ചെയ്തു.
- ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗനെ ചീഫ് സെക്രട്ടറി ബന്ധപെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽ പെട്ട മത്സ്യ തൊഴിലാളികളെ രക്ഷിക്കുവാൻ നിർദേശം നൽകുവാൻ അഭ്യർത്ഥിച്ചു.
- ഉച്ചക്ക് മൂന്ന് മണിക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബഹു: മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും തിരുവനന്തപുരം ജില്ലയിലെ തീരദേശത്തെ 100 m-ലെ കെട്ടുറപ്പില്ലാത്ത വീടുകൾ ഒഴിപ്പിക്കുവാൻ തീരുമാനിച്ചു. എല്ലാ ജില്ല കളക്ടർമാരുമായും വീഡിയോ കോൺഫറൻസ് നടത്തി ആവശ്യമായ നിർദേശം നൽകുകയും ചെയ്തു. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ സർക്കാർ തല ഏകോപനം ബഹു: റവന്യൂ മന്ത്രിയും, ദുരന്ത നിവാരണ കമ്മിഷണറും നിർവഹിക്കുവാൻ തീരുമാനിച്ചു.

- വൈകിട്ട് നാല് മണിക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും തീരദേശത്തെ 100mലെ കെട്ടുറപ്പില്ലാത്ത വീടുകൾ ഒഴിപ്പിക്കുവാൻ ആവശ്യമായതും, Standard Operating Procedures ഉള്ളതുമായ നടപടികൾ സ്വീകരിച്ചു. Operation Synergy ആരംഭിച്ചു. സബ് കളക്ടറുടെ മേൽനോട്ടത്തിൽ, ഓരോ താലൂക്കിലും പ്രത്യേകം കണ്ട്രോൾ റൂം സജ്ജീകരിച്ച് മുതിർന്ന Deputy Collector-മാരുടെ ചുമതലയിൽ ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിച്ചു.
- വൈകിട്ട് നാല് മണിക്ക് ജില്ലയിൽ വിവിധ കേന്ദ്രങ്ങളിലായി 18 ദുരിതാശ്വാസ ക്യാമ്പ് തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു.
- ചികിത്സയിലുള്ള എല്ലാ മത്സ്യ തൊഴിലാളികൾക്കും അടിയന്തിര സഹായമായി ₹5,000/- രൂപ നൽകുവാൻ തീരുമാനിച്ചു. ചികിത്സ പൂർണമായും സൗജന്യമായി നൽകുവാൻ എല്ലാ സർക്കാർ ആശുപത്രികൾക്കും നിർദേശം നൽകി.
- 66 അടിയന്തിര പുനരധിവാസ ക്യാമ്പുകൾ റവന്യു വകുപ്പ് ആരംഭിച്ചു. ഇവയിൽ മൊത്തം 13,769 വ്യക്തികളെ താൽകാലികമായി താമസിപ്പിച്ചു

- 1-12-2017
  - ബഹു: മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തുവാൻ അടിയന്തിര യോഗം ചേരുകയും ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ നിർദേശിക്കുകയും ചെയ്തു. ബഹു: ഫിഷറീസ് മന്ത്രി, ബഹു: ടൂറിസം മന്ത്രി എന്നിവരെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുവാനും തീരദേശത്തെ ജനങ്ങളെ ആശ്വസിപ്പിക്കുവാനും നിയോഗിച്ചു. എല്ലാ സർക്കാർ ആശുപത്രികളിലും ദുരന്ത ബാധിതർക്ക് ആവശ്യമായ സൗജന്യ വൈദ്യ സഹായം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുവാൻ ബഹു: ആരോഗ്യ മന്ത്രിയെ നിയോഗിച്ചു.
  - Operation Synergy-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തിരുവനന്തപുരം എയർപോർട്ടിൽ റവന്യു, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ്, എന്നിവരുടെ സംയുക്ത കണ്ട്രോൾ റൂം ആരംഭിച്ചു. തീരദേശ താലൂക്കുകളിലും കണ്ട്രോൾ റൂം ആരംഭിച്ചു.

- ചീഫ് സെക്രട്ടറി, കേന്ദ്ര പ്രതിരോധ സെക്രട്ടറി, എയർ ചീഫ് മാർഷൽ എന്നിവരുമായി ഡൽഹിയിൽ ബന്ധപ്പെട്ട് അടിയന്തിര സഹായമായി കൂടുതൽ കപ്പലുകളും, വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു.
- ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്താനും നടപടികൾ ഏകോപിപ്പിക്കാനും, എല്ലാ ക്യാമ്പുകളിലും സന്ദർശിക്കുവാനും നിലവാരം ഉറപ്പ് വരുത്തുവാനും 2 IAS ഉദ്യോഗസ്ഥരെ നിയോഗിച്ചു. പോലീസ് ബന്ധവസ് ശക്തിപ്പെടുത്തി. രാത്രി പോസ്റ്റ്മോർട്ടം നടത്തുവാൻ സർക്കാർ അനുമതി നൽകി.

- 2-12-2017
  - ബഹു: മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ലക്ഷദ്വീപിൽ എത്തിയ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത സർക്കാരിനോട് അഭ്യർത്ഥിച്ചു. കേരള സർക്കാർ ഇതിനുള്ള തുക അതാത് സർക്കാരുകൾക്ക് നേരിട്ട് ലഭ്യമാക്കും എന്ന് അറിയിച്ചു. കൊച്ചി കേന്ദ്രീകരിച്ച് മറ്റൊരു കണ്ട്രോൾ റൂം ആരംഭിച്ച് പ്രാദേശിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.
  - ബഹു: മുഖ്യമന്ത്രിയും, ബഹു: റവന്യൂ മന്ത്രി, ബഹു: ഫിഷറീസ് മന്ത്രി, ബഹു: ടൂറിസം മന്ത്രി എന്നിവരും തിരുവനന്തപുരം മെഡിക്കൽ കോളേജ് സന്ദർശിച്ച് ദുരിതത്തിൽപെട്ടവരെ ആശ്വസിപ്പിച്ചു.
  - 6 വായു സേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 10 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രക്ഷാ പ്രവർത്തനം തുടർന്നു.
  - ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക സർക്കാരുകളോട് അതാത് സ്ഥലത്ത് എത്തുന്ന മലയാളികളായ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കണം എന്ന് അഭ്യർത്ഥിച്ചു.
- 3-12-2017
  - ബഹു: മുഖ്യമന്ത്രിയും, ടൂറിസത്തിന്റെ സ്വതന്ത്ര ചുമതലയുള്ള ബഹു: കേന്ദ്ര സഹ-മന്ത്രിയും ചേർന്ന് എല്ലാ കേന്ദ്ര സേനകളുടെയും, സംസ്ഥാന സർക്കാരിന്റെയും രക്ഷാ പ്രവർത്തനം വിലയിരുത്തി.
  - ഓഖി ചുഴലിക്കാറ്റ് ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു. ഇതിനായി ഒരു പ്രാഥമിക മെമ്മോറാണ്ടം സമർപ്പിച്ചു.

- 10 വായു സേനാ വിമാനങ്ങൾ, 4 ഹെലികോപ്റ്റർ, 10 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 2 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 6 നേവി കപ്പലുകൾ എന്നിവ രക്ഷാ പ്രവർത്തനം തുടർന്നു.
- ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി.
- ബഹു: മുഖ്യമന്ത്രിയും, ബഹു: റവന്യു മന്ത്രി, ബഹു: ഫിഷറീസ് മന്ത്രി, ബഹു: ടൂറിസം മന്ത്രി എന്നിവരും തിരുവനന്തപുരം വിഴിഞ്ഞം തീരത്ത് സന്ദർശനം നടത്തി ദുരിതത്തിൽ ബാധിക്കപെട്ടവരെ ആശ്വസിപ്പിച്ചു.

- 4-12-2017
  - ബഹു: മുഖ്യമന്ത്രിയും, ബഹു: കേന്ദ്ര ആഭ്യന്തര മന്ത്രിയും എല്ലാ കേന്ദ്ര സേനകളുടെയും, സംസ്ഥാന സർക്കാരിന്റെയും രക്ഷാ പ്രവർത്തനം വിലയിരുത്തി.
  - ബഹു: മുഖ്യമന്ത്രിയും, ബഹു: കേന്ദ്ര ആഭ്യന്തര മന്ത്രിയും എല്ലാ കേന്ദ്ര സേനകളുടെയും, സംസ്ഥാന സർക്കാരിന്റെയും രക്ഷാ പ്രവർത്തനം വിലയിരുത്തി. രക്ഷാ പ്രവർത്തനത്തിൽ മത്സ്യതൊഴിലാളികളെയും ഉൾപ്പെടുത്തണം എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു.
  - ബഹു: മുഖ്യമന്ത്രി എല്ലാ ജില്ല കളക്ടർമാരോടും വീഡിയോ കോൺഫറൻസ് വഴി ദുരിതാശ്വാസസഹായ വിതരണം വേഗത്തിലാക്കുവാൻ നിർദേശിച്ചു. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളുടെയും നിലവാരം ഉറപ്പ് വരുത്തണം എന്നും, രോഗപ്രതിരോധ പ്രവർത്തനങ്ങളും, ശുചിത്വ കാര്യവും ഉറപ്പ് വരുത്തണം എന്നും നിർദേശിച്ചു. മത്സ്യ തൊഴിലാളികൾ കടലിൽ പോകുമ്പോൾ ഒരു കേന്ദ്രീകൃത രജിസ്റ്റർ ഉണ്ടാക്കുന്നത് സർക്കാർ പരിഗണിക്കുകയാണ് എന്ന് അറിയിച്ചു.
  - കോഴിക്കോട് നിന്നും ലക്ഷദ്വീപിലേക്ക് പോകുവാൻ തയ്യാറായി നിന്നവർക്ക് ആവശ്യമായ എല്ലാ സഹായവും നൽകുവാൻ അഭ്യർത്ഥിച്ചു.
  - ബഹു: കേന്ദ്ര ആഭ്യന്തര മന്ത്രി ദുരന്ത ബാധിതരെ സന്ദർശിച്ചു. അവസാന മത്സ്യ തൊഴിലാളിയെയും കണ്ടെത്തുന്നത് വരെ രക്ഷാ പ്രവർത്തനം തുടരും എന്ന് അറിയിച്ചു.
  - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടിയന്തിര യോഗം രണ്ടുവട്ടം ചേർന്ന് മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ Savings cum Relief Schemeൽ

അംഗങ്ങളായ എല്ലാ മുതിർന്നവർക്കും 60രൂപയും, കുട്ടികൾക്ക് 45രൂപയും അഞ്ചു ദിവസത്തേക്ക് നൽകുവാൻ തീരുമാനിച്ചു. പിന്നീട് സർക്കാർ തീരുമാനം അനുസരിച്ച് Savings cum Relief Schemeൽ അംഗങ്ങളായ എല്ലാവർക്കും 2000 രൂപ നൽകുവാൻ തീരുമാനം ആയി.

- 5-12-2017
  - ദുരന്തത്തിൽ മരണമടഞ്ഞ തിരിച്ചറിയാൻ സാധിക്കാത്ത എല്ലാ ശരീരങ്ങളും DNA ടെസ്റ്റന് വിധേയമാക്കുവാൻ നിശ്ചയിച്ചു. ഈ ടെസ്റ്റ് സൗജന്യമായി ചെയ്യുവാനും തീരുമാനിച്ചു.
  - മഹാരാഷ്ട്ര, ഗോവാ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് Rs. 2500 വീതം നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. കൂടാതെ ആവശ്യമായ ഇന്ധനവും നൽകുവാൻ അഭ്യർത്ഥിച്ചു.
- 6-12-2017
  - സംസ്ഥാന ക്യാബിനെറ്റ് യോഗം ചേർന്ന് ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊണ്ടു.
  - മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ ധനസഹായം നല്കും
  - ഗുരുതരമായി 'പരിക്കേറ്റവർക്ക് 5 ലക്ഷം രൂപ നൽകും
  - മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ Savings cum Relief Schemeൽ അംഗങ്ങളായ എല്ലാവർക്കും 2000 രൂപ നൽകുവാൻ തീരുമാനിച്ചു. ഈ ആവശ്യത്തിന് സർക്കാർ Rs. 33.95 കോടി രൂപ ഉടൻ അനുവദിച്ചു.
  - ബോട്ടിനും വള്ളത്തിനും തത്തുല്യ നഷ്ട പരിഹാരം നൽകുവാൻ തീരുമാനിച്ചു
  - മരണമടഞ്ഞവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം തൊഴിൽ പരിശീലനം.
  - ദുരന്ത നിവാരണ അതോറിറ്റി കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉന്നതതല കമ്മിറ്റി രൂപികരിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്താനും മന്ത്രിസഭ തീരുമാനിച്ചു.
  - ബോട്ടുകളിൽ GPS സംവിധാനം നിർബന്ധമാക്കും.
  - മൊബൈലിൽ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്ന സംവിധാനം കൊണ്ടുവരും.
  - SDRF പുനരാരംഭിക്കും.

- തീരദേശ പോലിസ് സേനയിൽ കൂടുതൽ പേരെ നിയമനം നടത്തും. തീരദേശത്തുള്ള മത്സ്യ തൊഴിലാളികളിൽ നിന്ന് 200 പേരെ റിക്രൂട്ട് ചെയ്യും. ഇതിൽ മത്സ്യ ബന്ധനത്തിനിടെ മരിച്ചവരുടെ മക്കൾക്ക് മുൻഗണന നൽകും.
- ലക്ഷദ്വീപിലേക്ക് മെഡിക്കൽ സംഘത്തെ അയക്കും.
- തിരച്ചിൽ തുടരും.
- പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കാൻ പോലീസ്, റവന്യൂ, SDMA എന്നിവയെ ചുമതലപ്പെടുത്തി.
- ദുരിതാശ്വാസ ക്യാമ്പുകളിലും ആശുപത്രികളിലും കഴിയുന്നവർക്ക് ഉചിതമായ സാമ്പത്തിക സഹായം നൽകും.
- കാലാവസ്ഥ വ്യതിയാനം വഴിയുള്ള മാറ്റങ്ങൾ പഠിക്കാൻ കേന്ദ്രം സംവിധാനം ഏർപ്പെടുത്തണം. കാലാവസ്ഥ പ്രവചനത്തിലെ പാളിച്ചകൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം.

- 7-12-2017
    - ബഹു: മുഖ്യമന്ത്രി കേന്ദ്ര സേനകളുടെയും, സംസ്ഥാന സർക്കാരിന്റെയും രക്ഷാ പ്രവർത്തനം വിലയിരുത്തി.
    - രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Commandലേക്ക് മാറ്റി.
    - കേരളാ സർക്കാർ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും മത്സ്യ തൊഴിലാളികൾക്കായി നിർദേശിച്ച പാക്കേജും ഇംഗ്ലീഷിൽ തർജമ ചെയ്ത് തമിഴ്നാട് സർക്കാരിന് അവർ അവശ്യപെട്ടതനുസരിച്ച് ലഭ്യമാക്കി
- 8-12-2017
    - മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ Savings cum Relief Scheme-ൽ അംഗങ്ങളായ എല്ലാവർക്കും 2000 രൂപ നൽകുവാൻ സർക്കാർ Rs. 33.95 കോടി രൂപ അനുവദിച്ചു.
    - മറ്റ് രാജ്യങ്ങളിൽ എത്തിയിട്ടുള്ള മത്സ്യ തൊഴിലാളികളെ തിരികെ എത്തിക്കുവാൻ ഈ രാജ്യങ്ങളിലെ നാവിക സേനയുടെ സഹായം കേന്ദ്ര സർക്കാർ മുഖാന്തിരം അഭ്യർത്ഥിച്ചു.
- 9-12-2017
    - ബഹു: മുഖ്യമന്ത്രി കേന്ദ്ര അഭ്യന്തര മന്ത്രി, കേന്ദ്ര പ്രതിരോധ മന്ത്രി എന്നിവരെ സന്ദർശിച്ച് 1843-കോടി രൂപയുടെ പുനരധിവാസ പാക്കേജ് ആവശ്യപെട്ടു. ഇതിൽ 300 കോടി രൂപ അടിയന്തിര സഹായമായി അനുവദിക്കണം എന്നും അഭ്യർഥിച്ചു.

- കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണം എന്നും അഭ്യർത്ഥിച്ചു.

- 10-12-2017 to 14-12-2017
  - Operation Synergy തുടരുന്നു
- 12-12-2017
  - GO (Ms) No. 1/2017/DMD dated 6-12-2017, GO (Rt) No. 86/2017/DMD dated 12-12-2017 എന്നിവ പ്രകാരം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ് (Rtd), Advisor to Chief Minister അധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചു. ഈ സമിതി അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- 15-12-2017
  - ഒമാൻ തീരത്ത് മൃതദേഹം അടിഞ്ഞു എന്ന വിവരം ലഭിച്ചതിനാൽ, ഒമാനിലെ ഇന്ത്യൻ സ്ഥാനപതിയുമായി ബന്ധപ്പെട്ട് ഈ വിവരം ശരിയാണോ എന്ന് അറിയിക്കണം എന്ന് നിർദേശിച്ചു. ഒമാൻ തീരസംരക്ഷണ സേന മേൽ വിവരം തീരത്ത് പരിശോധിച്ച് ഇത്തരം ഒരു മൃതദേഹവും ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു
- 19-12-2017
  - പ്രധാനമന്ത്രി കേരളം സന്ദർശിച്ചു.
- 26-12-2017

  കേന്ദ്ര സംഘം പരിശോധനയ്ക്കായി കേരള സന്ദർശനം ആരംഭിച്ചു.
- 27-12-2017

  കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 133 കോടി രൂപ അടിയന്തിര സഹായമായി ലഭ്യമാക്കി.
- 9-3-2018

  Ltr. No. 33-5/2017-NDM-I dated 9-3-2018 പ്രകാരം കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും ലഭ്യമാക്കിയ 133 കോടി രൂപയുടെ അടിയന്തിര സഹായം കേന്ദ്ര സംഘത്തിന്റെ അന്തിമ ശിപാർശ അനുസരിച്ച് 111.70 കോടി രൂപ ആക്കി. അധികമായി ലഭ്യമാക്കിയ 21.7 കോടി രൂപ തിരികെ എടുക്കും എന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

ഓഖി - നാശനഷ്ടം

- 51 മത്സ്യ തൊഴിലാളികൾ കടലിലും (50 തിരുവനന്തപുരം, 1 കാസർഗോഡ്), 1 മത്സ്യ തൊഴിലാളി കണ്ണൂർ ഹാർബറിലും, 7 പേർ (മത്സ്യ തൊഴിലാളികളല്ലാത്തവർ) കരയിലും മരണപ്പെട്ടു
- 91 മലയാളികളായ മത്സ്യ തൊഴിലാളികളെ കാണാതായി
- 384 ബോട്ടുകൾ തകർന്നു
- 248 വീടുകൾ പൂർണമായും തകർന്നു
- 6851 വീടുകൾ ഭാഗീകമായി തകർന്നു
- 270 കുടിലുകൾ തകർന്നു
- കൃഷിനാശം – 7817.38ഹെക്ടർ നഷ്ട്ടപെട്ടു
- 41 കിലോമീറ്റർ PWD റോഡുകൾ തകർന്നു
- 10442 ഇലക്ട്രിക്ക് പോസ്റ്റുകൾ തകർന്നു
- 1165 ട്രാൻസ്ഫോർമറുകൾക്കു കേടുപാട് പറ്റി
- 657 കിലോമീറ്റർ ഇലക്ട്രിക്ക് വയറുകൾക്കു തടസ്സം നേരിട്ടു
- 57 ഇറിഗേഷൻ സ്കീമുകൾക്ക് തകർച്ച നേരിട്ടു
- 19 കുടിവെള്ള വിതരണ സ്കീമുകൾക്ക് തകർച്ച നേരിട്ടു
- 293 തുറന്ന കിണറുകൾക്ക് നഷ്ടം നേരിട്ടു
- 180 പമ്പ് സെറ്റുകൾക്ക് കേടുപാടുകൾ സംഭവിച്ചു
- 430 കുടിവെള്ള ടാങ്കുകൾക്ക് കേടുപാടുകൾ സംഭവിച്ചു
- 65 കിലോമീറ്റർ പഞ്ചായത്തു റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചു

(ഈ വിവരങ്ങൾ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായത്തിനായി മെമ്മോറാണ്ടത്തിൽ ഉൾപെടുത്തിയിട്ടുണ്ട്)

ദുരന്ത പ്രതികരണ നിധിയിൽനിന്നും (State Disaster Response Fund) ഉള്ള ചിലവുകൾ സംബന്ധിച്ച് (2017-18)

സർക്കാർ ഉത്തരവ്	ചെലവായ തുക (കോടിയിൽ)
GO (Rt) 73/2017/DMD dated 8-12-2017 – മത്സ്യ തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായം - 33.95 അനുവദിച്ചു. ചെലവയത്	21.69
GO (Rt) 4/2018/DMD dated 1-1-2018 – നവിക് ഉപകരണ പരീക്ഷണം	0.05
GO (Rt) 15/2018/DMD dated 5-1-2018 – കർണാടകത്തിൽ എത്തിയ മലയാളി മത്സ്യ തൊഴിലാളികൾക്ക് സഹായം നൽകിയ ചെലവു	0.09
GO (Rt) No. 112/2017/DMD dated 21-12-2017 – പുതുച്ചേരി മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾക്ക് സഹായം നൽകിയ ചെലവ്	0.04
GO (Rt) No. 70/2017/DMD dated 07-12-2017 –	0.355

തമിഴ്‌നാട്ടിലെ മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾക്ക് സഹായം നൽകിയ ചെലവു	
GO (Rt) No. 91/2018/DMD dated 14-02-2018 – ഗോവയിൽ എത്തിയ മലയാളി മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾക്ക് സഹായം നൽകിയ ചെലവു	0.01
GO (Rt) No. 117/2018/DMD dated 7-03-2018 – ഗുജറാത്തിൽ എത്തിയ മലയാളി മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾക്ക് സഹായം നൽകിയ ചെലവു	0.017
GO (Rt) 115/2017/DMD dated 22-12-2017 – കേന്ദ്ര സംഘത്തിനുള്ള ചെലവ്	0.11
GO (Rt) 111/2017/DMD dated 20-12-2017 - മരണപെട്ടവർക്കുള്ള (59 മരണം) നഷ്ടപരിഹാര തുക – ചെലവായത്	2.36
GO (Rt) 108/2017/DMD dated 18-12-2017 - മത്സ്യ തൊഴിലാളി ബോട്ടുകൾ ഉപയോഗിച്ചുള്ള തിരച്ചിൽ	2.18
GO (Rt) No. 172/2018/DMD dated 27-03-2018] കാണാതായവരുടെ കുടുംബത്തിനുള്ള ദുരിതാശ്വാസ ധന സഹായം – 91 പേർ	3.64
മൊത്തത്തിൽ	30.54
സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ആവശ്യമില്ലാത്ത ഇനങ്ങൾ - അതാത് വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ തുക ഡി.ബി.റ്റി ആയി നൽകുകയാണ് ചെയ്യുന്നത്	
Letter No. DM4/89/2017/DMD dated 29-12-2017 വീടുകളുടെ നാശനഷ്ടത്തിനുള്ള അധിക തുക (തിരുവനന്തപുരം മാത്രം)	0.75
ക്യാമ്പുകളുടെയും മറ്റു അനുബന്ധ ചെലവും (സംസ്ഥാനം ഒട്ടാകെ)	15.5
മൊത്തത്തിൽ	16.25
ആകെ തുക	**46.79**

കൂടുതൽ ചിലവുകൾ നടക്കുവാൻ ഉണ്ട്.

ഓഖി – തുടർ നടപടികൾ

- ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ NAVIC, 500 മത്സ്യ ബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഈ സാങ്കേതിക വിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ നിർമിക്കുവാൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ കേരളത്തിൽ രെജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ തീര അതിർത്തി വിട്ടു 1500 km വരെ ഈ സംവിധാനത്തിലൂടെ വിവരം ISRO-INCOIS

നേരിട്ട് മത്സ്യ തൊഴിലാളികൾക്ക് ലഭ്യമാക്കും. രാജ്യത്ത് ആദ്യമായിട്ടാണ് ഇത്തരം ഒരു സംവിധാനം പരീക്ഷിക്കുന്നത്.

- കടലിൽ പോകുന്ന അവസരത്തിലും, തിരികെ വരുന്ന അവസരത്തിലും അതാതു തീരത്ത് ഹാജർ വക്കുവാനായി ഒരു മൊബൈൽ അപ്ലിക്കേഷൻ NIC-യുമായി ചേർന്ന് തയ്യാറാക്കി വിജയകരമായി പരീക്ഷിച്ചു. ഈ പദ്ധതിയും ഉടൻ നടപ്പിലാക്കുവാൻ തീരുമാനിച്ചു.
- ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന സമയത്തു മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും, ബോട്ടുകളിൽ ജി.പി.എസ് സംവിധാനവും, മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളും. സാറ്റ്ലൈറ്റ് സംവിധാനങ്ങളും, കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണവും ഒരുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.
- INCOISൽ നിന്നുള്ള വിവിധ പ്രവചനങ്ങൾ മത്സ്യ തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 1,45,788 മത്സ്യ തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOISന് ലഭ്യമാക്കി
- വിവിധ അടിയന്തിര ഘട്ടങ്ങൾ നേരിടുവാനായി ഫിഷറീസ് വകുപ്പിൽ ഒരു Control Room ഇരുപത്തിനാല് മണിക്കൂറും പ്രവർത്തന സജ്ജമാക്കി.
- അന്തർദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ, Fish Landing Centres എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ ഹാർബർ, ഫിഷെറീസ് വകുപ്പുകൾക്ക് നിർദേശം നല്കി.
- തീരദേശത്ത്, ഓഖി ചുഴലികാറ്റിൽ നേരിട്ട് ബാധിക്കപെട്ട എല്ലാ കുടുംബങ്ങളിലും ആരോഗ്യ വകുപ്പ് പ്രവർത്തകർ നേരിട്ട് മാനസിക ആഘാത ലഘൂകരണ പരിശീലന പരിപാടികൾ നടത്തി വരുന്നു.
- GO (Ms) No. 1/2017/DMD dated 6-12-2017, GO (Rt) No. 86/2017/DMD dated 12-12-2017 എന്നിവ പ്രകാരം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ് (Rtd), Advisor to Chief Minister അധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിരുന്നു. ഈ സമിതി അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1.38 ദുരന്ത നിവാരണ അതോറിറ്റിയിൽ പഠന അവസരങ്ങൾ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങൾ നല്കുന്നുണ്ട്. രാജ്യത്തിന് അകത്തും പുറത്തും നിന്ന് വിദ്യാർഥികൾ അതോറിറ്റിയിൽ എത്തി അതോറിറ്റിയിലെ വിഷയ വിദഗ്ദ്ധരുമായി ചേർന്ന് അവരവരുടെ പഠന വിഷയങ്ങളിൽ തീസീസുകളും, പ്രോജക്റ്റുകളും ചെയ്യുന്നുണ്ട്.

Sl. No	Name	Course	University	Year	Title of Work
1	Ms. Sharanya S	M.Sc Environmental Sciences	Central University of Kerala	2015	Hydro-geochemical aspects of soil piping affected localities - A case study in selected area's in Kannur and Kasargod Districts
2	Dr. Sulekha Ravi R, Dr. Sindhu Krishnan, Dr. Carol Pinheiro, Dr. Nidhish Issac Samuel, Dr A Krishnaveni and Dr. Malini V S	MD Community Medicine	Govt. T D Medical College, Alappuzha	2015	GIS training
3	Ms. Simi Tresa James	M.Sc Environmental Sciences	Mahatma Gandhi University		Mullaperiyar Crisis:- Critical facilities for rescue and evacuation operation shelters in the Manjumala and Periyar village of Idukki district, Kerala
4	Mr. Stafford Antony Johan	M.Sc International Planning and Sustainable Urban management	Reading University, UK	2015	Adapting HIGS Framework to Munroe Island, Kerala, India
5	Ms. Brigit Maria Baby	MSc. Geoinformatics	Teri University, New Delhi	2015	Deriving hydrological response similarities on a catchment with limited data – A case study in Valapattanam river basin
6	Mr. Prem Krishnan, Mr. Prajith Kumar P	MSW	Amrita Vishwa Vidyapeetham University	2015	Vulnerable Greenary, Munroe Thuruth Island
7	Ms. Lekshmi	M.Tech	Marian	2016	Investigation of Geotechnical

	J Satheesh	Geotechnical Engineering	engineering college, Kazhakuttom		properties of soil susceptible to Landslide
8	Ms. Archa Murali	MSW	Amrita Vishwa Vidyapeetham University	2016	The Major Disaster History of Kerala (1998-2015)
9	Mr. Aravinth R	M.Tech Geoinformatics	University of Madras	2016	Building Footprint Extraction from Quickbird Satellite Imagery - A case study on Ayyappankovil, Elappara and Upputhara villages, 40m Inundation
10	Ms. Vidhya	M.Sc Environmental Sciences and Disaster Management	Christ College	2016	Identification of suitable sites for constructing temporary shelters in landslide prone Amboori Village
11	Ms. Akhila T.J	M.Sc Environmental Sciences and Disaster Management	Mahatma Gandhi University	2016	Rainfall trend analysis in Kallada river catchment area of Kollam District
12	Mr. Krishnan Namboodiri	MBA	College of Engineering, Thiruvananthapuram, Kerala University	2016	A study on the awareness of the existing disaster management in Trivandrum District, Kerala
13	Ms. Ashitha L. Babu	M.Sc Applied Geography	University of Madras	2017	An assessment of hydrological vegetation response to rainfall in Thiruvananthapuram district – a geospatial approach
14	Ms. Susmitha N.V	M.Sc Environmental Science	Christ College, Irinjalakkuda	2017	Building footprint extraction from Quickbird High Resolution Satellite Imagery – A case study of Ayyappancoil panchayath, 40 m inundation
15	Ms. Chaithra C.S	M.Sc Environmental Science	Christ College, Irinjalakkuda	2017	Building footprint extraction from Quickbird High Resolution Satellite Imagery – A case study of Vandiperiyar panchayath, 40 m inundation
16	Ms. Malavika P.A	M.Sc Environmental Science	Christ College, Irinjalakkuda	2017	Building footprint extraction from Quickbird High Resolution Satellite Imagery – A case study of Upputhara panchayath, 40 m inundation
17	Ms. Mahima Antony	M.Sc Geoinformatics	University of Madras	2017	Building footprint extraction from Quickbird High Resolution Satellite Imagery – A case study of Manjumala

					and Periyar villages, 40 m inundation
18	Mrs. Felcia Nesapriya P	M.Sc Geoinformatics	University of Madras	2017	Building footprint extraction from Quickbird High Resolution Satellite Imagery – A case study of Manjumala and Periyar villages, 40 m inundation
19	Mr. Praveen A.C	M.Sc Disaster Management	Central University, Pondicherry	2017	Building footprint extraction from Quickbird High Resolution Satellite Imagery for flood response
20	Ms. Pooja Tat	M.Sc Disaster Management	Central University, Pondicherry	2017	Dengue fever hotspot mapping in Thiruvananthapuram city, Kerala
21	Ms. Aparna G.S	MSW	Amrita Deemed University	2018	Internship of 20 days - Assisted in preparing IEC material and participated in the training of differently abled at Kottayam
22	Mr. Nirmal Krishna	M.Sc Disaster Management	Central University, Pondicherry	2018	Voluntary internship - Dynamics of Epidemics and Epidemic Preparedness in 4 municipalities of Thiruvananthapuram District
23	Ms. Neenu Mutharu P.V	M.Sc Disaster Management	Central University, Pondicherry	2018	Voluntary internship - Geographic Analysis of Prevalence of Dengue in Kerala with specific emphasis on Thiruvananthapuram District
24	Ms. Ashna M.S	M.Sc Disaster Management	Central University, Pondicherry	2018	Voluntary internship - Hospital Disaster Management Plan Template
25	Mr. Nithin	M.Sc Disaster Management	Central University, Pondicherry	2018	Voluntary internship - Climate Disaster Resilience Index of three coastal panchayats in Thiruvananthapuram District
26	Ms. Nabeela S	MSW	Amrita Deemed University	2018	Internship of 30 days - Assisted in school safety project, industrial visit (KMML), Munroe Island field visit, Relief camp visit and affected house visit
27	Mr. Vishnu R	MSW	Amrita Deemed University	2018	
28	Mr. Prem G. Prakash	M.Sc Disaster Management	TISS	2018	Internship - 30 days - Managing the disasters: A Report on Handling of Kerala floods 2018 in Alappuzha
29	Ms. Lakshmi S	M.Sc Disaster Management	TISS	2018	

30	Mr. Vishnu	M.Sc Disaster Management	TISS	2018	District
31	Mr. Sudheesh	PhD	Amrita Deemed University	2018	Disaster Logistics
32	Mr. Vamshi Koram	M.Sc Geography and Geoinformatics	Central University, Karnataka	2018	Coastal Vulnerability Analysis of Thiruvananthapuram
33	Ms. Meera Nair M.S	M.Sc Applied Geography	University of Madras	2018	Soil Piping (ongoing)
34	Ms. Abija Jagadeesh N.P	M.Sc Applied Geography	University of Madras	2018	Soil Piping (ongoing)

2. സാമ്പത്തിക വിനിയോഗം 2017-18

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി					
2017-18 സാമ്പത്തിക വർഷത്തെ വിശദമായ ചിലവ് വിവര പത്രിക					
ക്രമ നം	**ഇനം**	**ബജറ്റ് വിഹിതം**	**ലഭിച്ച തുക**	**ചിലവ്**	**കുറിപ്പുകൾ**
I	**ദുരന്ത നിവാരണ അതോറിറ്റിക്ക് ആസ്ഥാനം നിർമ്മിക്കൽ (തുടർ പദ്ധതി)**	**40000000**	**40000000**	**18688337**	
II	**ദുരന്ത നിവാരണ സ്ഥാപനങ്ങളുടെ സ്ഥാപന ശാക്തീകരണം**	**2000000**	**2000000**	**1700000**	
1	സിവിൽ ഡിഫെൻസ് ഇൻസ്റ്റിറ്റ്യൂട്ട്	2000000	2000000	1700000	
III	**സംസ്ഥാന ജില്ലാ അതോറിറ്റിയുടെ ശാക്തീകരണം**	**7100000**	**6624384**	**6809739**	**(1+2)**
1	കേരളം സംസ്ഥാന ദുരന്ത നിവാരണന അതോറിറ്റി	5300000	5300000	4907998	(a+b)
a	ശമ്പളം, വേതനം, യാത്ര പടി, മാറ്റ് ഓഫീസ് ചിലവുകൾ	5000000	5000000	4764478	
b	വാഹനം- ഇന്ധനം പരിപാലന ചിലവ്	300000	300000	143520	
2	സംസ്ഥാന അടിയന്തിരഘട്ട പ്രതികരണന കേന്ദ്രം	1800000	1324384	1901741	(a+b)
a	ശമ്പളം, വേതനം, യാത്ര പടി, മാറ്റ് ഓഫീസ് ചിലവുകൾ	1500000	540479	1305422	
b	വാഹനം- ഇന്ധനം പരിപാലന ചിലവ്	300000	783905	596319	
IV	**സംസ്ഥാന ജില്ലാ അടിയന്തിരഘട്ട പ്രതികരണന കേന്ദ്രങ്ങളുടെ ശാക്തീകരണം**	**2500000**	**2500000**	**2369652**	
1	ദുരന്ത ലഘൂകരണം - ശബരിമല അടിയന്തിരഘട്ട പ്രതികരണന കേന്ദ്രം	1000000	1000000	1000000	
2	ജില്ലാ അടിയന്തിരഘട്ട പ്രതികരണന കേന്ദ്രം, കോഴിക്കോട്	1500000	1500000	1369652	
V	**ദുരന്ത ലഘൂകരണത്തിനായുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ശാക്തീകരണം**	**1100000**	**1100000**	**600000**	
1	ഡൈനാമിക്കൽ ഡൌൺ സ്കെയിലിംഗ് - പ്രാദേശിക കാലാവസ്ഥ - അമൃത യൂണിവേഴ്സിറ്റി	1000000	1000000	500000	

2	കേരള യൂണിവേഴ്സിറ്റി ജിയോളജി കോൺഗ്രസ്	100000	100000	100000	
VI	**ദുരന്ത ലഘൂകരണത്തിന്റെ മുഖ്യധാരവൽക്കരണം**	**9500000**	**14500000**	**15057651**	
1	ജനക്കൂട്ട നിയന്ത്രണ മാനദണ്ഡങ്ങൾ - ദേശീയ സമ്മേളനം	1500000	1500000	1538195	
2	കേരള സയൻസ് കോൺഗ്രസ് പങ്കാളിത്തം	100000	100000	57870	
3	നിയമസഭ സാമാജികരുടെ പരിശീലനം	300000	300000	271340	
4	സ്ഫോടന വസ്തുക്കൾ സംബന്ധിച്ച ജില്ലാ കളക്ടർക്കും ജില്ലാ പോലീസ് മേധാവികൾക്കുമുള്ള ശിൽപ്പശാല	100000	100000	99820	
5	പൊതുജനാവബോധം സൃഷ്ടിക്കൽ	7000000	12000000	11438414	
6	കുഴലീകൃത മണ്ണൊലിപ്പ് എൻ സെസ്സ് വർക്ക്ഷോപ്പ്	100000	100000	100000	
7	പരിശീലന പരിപാടികളും വർക്ക് ഷോപ്പുകളും	400000	400000	371160	
VII	**സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ തയ്യാറാക്കൽ**	**700000**	**700000**	**274600**	
VIII	**സംസ്ഥാന ജില്ലാ അതോറിറ്റിയുടെ ശാക്തീകരണം (കേന്ദ്ര പദ്ധതി)**	**3800000**	**3800000**	**3206164**	**(1+2)**
1	സംസ്ഥാന അതോറിറ്റി ശാക്തീകരണം	1900000	1900000	1593727	(a+b)
a	ശമ്പളം, വേതനം	1500000	1500000	1515739	
b	യാത്ര പടി മാറ്റ് ഓഫീസ് ചിലവുകൾ	400000	400000	77988	
2	ജില്ലാ അതോറിറ്റി ശാക്തീകരണം	1900000	1900000	1612437	(a+b)
a	ശമ്പളം, വേതനം	1500000	1500000	1460355	
b	യാത്ര പടി മാറ്റ് ഓഫീസ് ചിലവുകൾ	400000	400000	152082	
IX	**മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി**	**4225050**	**4225050**	**47200**	
X	**സംസ്ഥാന ദുരന്ത ലഘൂകരണ നിധി**	**72500000**	**72500000**	**72500000**	
1	ഓപ്പറേഷൻ അനന്ത	10000000	10000000	10000000	
2	വരൾച്ചാ ലഘൂകരണം	60000000	60000000	60000000	
3	ചുറ്റുമതിൽ പുനരുദ്ധാരണം - ലീല ഗുലാത്തി	2500000	2500000	2500000	
XI	**13 ആം ധനകാര്യ കമ്മീഷൻ ഗ്രാന്റ്**	**1000000**	**1050000**	**1086519**	
XII	**ഭിന്നശേഷിക്കാരുടെ ശാക്തീകരണം**	**4689090**	**4689090**	**1044688**	
XIII	**അടിയന്തിരഘട്ട പ്രതികരണ കേന്ദ്രത്തിൽ വിവര സാങ്കേതിക വിദ്യാ സന്നിവേശം**	**14000000**	**14000000**	**8709860**	

XIV	**വെള്ളപ്പൊക്ക ദുരന്ത ലഘൂകരണ പദ്ധതി - ആപ്ദാ മിത്ര**	**2270000**	**0**	**254514**	
	ആകെ	**165384140**	**167688524**	**132348924**	

സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-3-2018 വരെ ഇതിൽ ₹8,53,475/- (Eight lakh fifty three thousand four hundred and seventy five only) രൂപയുടെ നിക്ഷേപവും അതിന്റെ പലിശയുമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. ഇന്നേ ദിവസം വരെ ഒരു തുകയും ഇതിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടില്ല. അന്താരാഷ്ട്ര സ്ഥാപങ്ങൾക്കു വേണ്ടി ഗവേഷണവും, ദുരന്ത ലഘൂകരണ പദ്ധതികളും തയ്യാറാക്കി നൽകുക വഴി പണം സ്വരൂപിച്ച് സർക്കാരിന് ദീർഘകാല അടിസ്ഥാനത്തിൽ ചിലവ് കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

3. ഉപസംഹാരം

2017-2018 വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. കേരള സമൂഹത്തിന് നാശനഷ്ടം സൃഷ്ടിച്ച ഓഖി ചുഴലിക്കാറ്റിൽ ദുരന്ത നിവാരണ അതോറിറ്റി ഫലപ്രദമായി ഇടപെട്ടു. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം പ്രാവർത്തികമാക്കുവാൻ ഉതകുന്ന അളവിൽ വിപുലമായ പരിശീലന പരിപാടികൾ അതോറിറ്റി നടത്തി.

4. അനുബന്ധം

4.1 ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2017ലെ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം – "ദുരന്തങ്ങളിൽ കരുതലോടെ സർക്കാർ ജനങ്ങളോടൊപ്പം"

കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളായി നേരിടുന്ന വരൾച്ചയും അതോടനുബന്ധിച്ചുള്ള പ്രാദേശിക പ്രശ്നങ്ങളും നമുക്ക് പല അർത്ഥത്തിലും പുതുതാണ്. ശുദ്ധജല ലഭ്യത കുറവ്, വ്യാപക കാട്ടുതീ, മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഇവയെല്ലാം ഒരു നൂറ്റാണ്ടുകാലത്തെ അതീവ രൂക്ഷതയിൽ എത്തി. ദുരന്തങ്ങളുടെ ആഘാതം എങ്ങനെ ലഘൂകരിക്കാം എന്നതാണ് അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ ലോകരാജ്യങ്ങൾ ഒരുമിച്ച് ചിന്തിക്കുന്നത്. പ്രകൃതി എന്ന പ്രതിഭാസത്തിൻറെ അവിഭാജ്യഘടകമാണ് മനുഷ്യൻ. മനുഷ്യൻ ഒന്നും പ്രകൃതി മറ്റൊന്നും എന്ന ചിന്ത വെടിഞ്ഞു കൊണ്ടേ നമുക്ക് പ്രകൃതിയെയും പ്രകൃതി ദുരന്തങ്ങളേയും സമീപിക്കാനാകൂ. ഇക്കാര്യം തുടക്കത്തിൽത്തന്നെ മനസ്സിലുറപ്പിക്കണം. എങ്കിൽ മാത്രമേ ഏത് പ്രകൃതി ദുരന്തത്തേയും ഫലപ്രദമായി സമീപിക്കാൻ സാധിക്കൂ.

കേരളത്തിൽ ദുരന്തങ്ങൾ തീവ്രമാകുന്നതിന് കാലാവസ്ഥാ വ്യതിയാനം, ഭൗമാന്തർഭാഗത്തെ പ്രതിഭാസങ്ങൾ എന്നീ കരണങ്ങളൊക്കെയുണ്ടാകാം. എന്നാൽ, ഇവ മാത്രമാണെന്ന് പറയുന്നതിൽ അർത്ഥമില്ല. കാലവർഷ കാലത്ത് തന്നെ മഴയില്ലാത്ത ദിവസങ്ങൾ വർധിക്കുന്നുണ്ട്. കാലവർഷം ആരംഭിക്കാൻ വൈകുന്നുണ്ട്. മഴയുടെ അളവ് കുറയുന്നുണ്ട്. ഇതൊക്കെ ശാസ്ത്രീയമായി അംഗീകരിച്ചിട്ടുമുണ്ട്. ഇതൊക്കെ ഒരു വഴിക്ക് നടക്കുമ്പോൾ തന്നെ, മഴ കൂടുതൽ ലഭിക്കുന്ന വർഷങ്ങളിലും പ്രദേശങ്ങളിലും തന്നെ പലപ്പോഴും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ഇതിനെന്തു കാരണം പറയും?

കാരണം അന്വേഷിക്കുമ്പോഴാണ് പ്രകൃതിയിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാൻ നാം തയ്യാറാകുന്നില്ല എന്ന സത്യം തെളിയുന്നത്. നമ്മുടെ ഭൂവിനിയോഗം ദുരന്ത സാധ്യത വർധിപ്പിക്കുന്ന രീതിയിലാണ്. എന്നാൽ, ഇതേക്കാളും വലിയ ദുരന്തം ഈ ബോധം പോലും നമ്മിൽ ഇല്ലാതെയാകുന്നു എന്നതാണ്. സുസ്ഥിരവും പ്രകൃതിക്ക് അനുയോജ്യവുമായ പ്രവർത്തനങ്ങളാകണം പ്രാദേശിക വികസനത്തിൻറെ ആധാരശില എന്നത് ജനസാമാന്യത്തിൻറെ ബോധമാക്കി മാറ്റാൻ കഴിയണം.

ഇതിനായി വികസനവും നിർമാണവും വേണ്ട എന്ന നിലപാടെടുക്കാനാകുമോ? അതുമില്ല. വേണ്ടത് ഒരു സമതുലിത സമീപനമാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതയും ഉപയോഗപ്പെടുത്തി, അതത് പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള ഒരു വികസന-നിർമ്മാണ ചട്ടക്കൂട് രൂപീകരിക്കാൻ തദ്ദേശ-സ്വയംഭരണ സർക്കാരുകൾ തയ്യാറാകണം. പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാൻ ശാസ്ത്ര-സാങ്കേതിക സഹായത്തോടെ സാധിക്കുന്ന എല്ലാ മാർഗവും അവലംബിക്കണം. അതിനായി ജനപ്രതിനിധികൾ മുന്നിട്ടിറങ്ങണം.

മനുഷ്യനിർമിത അപകടങ്ങളുമുണ്ട്. പുറ്റിങ്ങൽ പോലെയുള്ള വലിയ ദുരന്തങ്ങൾ. ഇവ രണ്ടും രണ്ട് രീതിയിൽ കൈകാര്യം ചെയ്യപ്പെടേണ്ടവയാണ്. ഇവയ്ക്ക് പുറമെയാണ് റോഡ് അപകടങ്ങൾ, മുങ്ങിമരണം, കിണറുതേക്കാൻ ഇറങ്ങുമ്പോഴുണ്ടാകുന്ന മരണങ്ങൾ തുടങ്ങിയവ. വൻ അപകടങ്ങളും പ്രകൃതി ദുരന്തങ്ങളുമല്ല ശരിക്കും കേരളത്തിലെ ദുരന്ത മരണങ്ങളിലെ പ്രധാന കുറ്റവാളി. റോഡ് അപകടങ്ങളും മുങ്ങിമരണവുമാണ്.

വെള്ളത്തിൽ മുങ്ങിമരിക്കാൻ പോകുന്നവരെ രക്ഷിക്കാൻ ഏതാനും മിനുട്ടുകളേ കിട്ടുകയുള്ളൂ. സേനകൾ വന്ന് രക്ഷിക്കട്ടെ എന്ന് പറഞ്ഞു കാത്തിരിക്കാനാകില്ല. ഉടനടി നടപടിയുണ്ടാകണം. അത് ഏത് വിധത്തിലാകണം? അക്കാര്യം സംബന്ധിച്ച് ചില തത്വങ്ങൾ വിദഗ്ദ്ധർ മുമ്പോട്ട് വെച്ചിട്ടുണ്ട്. കൂടെ എടുത്ത് ചാടുകയല്ല, കരയിൽ നിന്ന് രക്ഷിക്കുകയാണ് വേണ്ടത് എന്ന് അവർ പറയുന്നു. കയറോ കമ്പോ തുണിയോ എറിഞ്ഞു കൊടുക്കുക, അതിൽ പിടിച്ചു കയറ്റുക, അതാണ് ശരിയായ രീതിയെന്നാണ് പറയുന്നത്.

എന്നാൽ, കേരളത്തിൽ നീന്തലിൽ വൈദഗ്ധ്യമുള്ളവർ മുങ്ങിത്താഴുന്നവരെ ഏതാണ്ട് ശാസ്ത്രീയമായ രീതിയിൽ തന്നെ നീന്തിച്ചെന്ന് രക്ഷപ്പെടുത്തി കൊണ്ടുവന്ന സംഭവങ്ങളുണ്ട്. ഇത്തരം രക്ഷപ്പെടുത്തലിന് വൈദഗ്ധ്യം സ്വന്തമാക്കിയിട്ടുള്ളവർ രക്ഷാശ്രമങ്ങളിൽ അതുപയോഗിക്കാതിരിക്കുന്നത് ശാസ്ത്രീയമാണോ എന്ന കാര്യം വേറെ ചിന്തിക്കണം. ഇക്കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ള വിജയകരമായ രക്ഷാശ്രമങ്ങൾ ഐക്യരാഷ്ട്ര സഭയുടെ ഉപസമിതിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട്. ഇന്ന് പുതിയ കുട്ടികളിൽ വലിയൊരു വിഭാഗത്തിന് നീന്താനറിയില്ല എന്നൊരു കുഴപ്പമുണ്ട്. ഈ ഒരു അവസ്ഥ മാറണം. കുട്ടികളെ നീന്തൽ പഠിപ്പിക്കാൻ വീട്ടുകാർ തന്നെ പ്രത്യേക ശ്രദ്ധവെക്കണം. യൂത്ത്

വെൽഫെയർ ബോർഡും സ്പോർട്ട് വകുപ്പും ഇതിന് നേതൃത്വം നൽകണം. മണ്ണിലും വെള്ളത്തിലും തൊടീക്കാതെ കുട്ടികളെ വളർത്തുന്ന രീതി മാറ്റണം.

ഉരുൾപൊട്ടലുണ്ടായാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാകും സ്വാഭാവികമായും രക്ഷാപ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തുക. റോഡ് അപകടമാണുണ്ടാകുന്നതെങ്കിൽ റോഡ് സേഫ്റ്റി അതോറിറ്റിയായിരിക്കും ഏകോപനം ഉറപ്പു വരുത്തുക. ഒരേ വിധത്തിലുള്ള പ്രതികരണം രണ്ടിൽ നിന്നും പ്രതീക്ഷിക്കരുത്. ഡാമിൻറെയും അഗ്നിശമനത്തിന്റേയും കാര്യങ്ങളിലും ഇത്തരം വേർതിരിവുകളുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷമാണ് കേരളത്തിലെ ആദ്യത്തെ ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചത്. ആ പദ്ധതിയിൽ കേരളത്തിൽ 22 മനുഷ്യ ജന്യ ദുരന്ത സാധ്യതകളും 17 പ്രകൃതിജന്യ ദുരന്തസാധ്യതകളും രേഖപ്പെടുത്തിയിട്ടുണ്ട്. നിസ്സാരമായ ചെറിയ പിഴവുകളിൽ നിന്നാണ് പലപ്പോഴും വലിയ ദുരന്തങ്ങളുണ്ടാകുന്നത്.

ഏതൊക്കെ ദുരന്തങ്ങളിൽ എന്തൊക്കെ നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധി ഉപയോഗപ്പെടുത്താമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറവീഴ്ച്ച, വരൾച്ച, ആലിപ്പഴവർഷം, മേഘസ്ഫോടനം, ഭൂമികുലുക്കം, സുനാമി, കാട്ടുതീ, ശൈത്യതരംഗം, കീടബാധ എന്നിവ രാജ്യം ദുരന്തമായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ സവിശേഷമായ സാഹചര്യത്തിൽ ശക്തമായ കാറ്റ്, ഇടിമിന്നൽ, തീരശോഷണം, കുഴലീകൃത മണ്ണൊലിപ്പ് എന്നിവ സംസ്ഥാന അതോറിറ്റി ദുരന്തമായി അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രധാനമായും ഇടപെടുന്നത് ഈ ദുരന്തങ്ങളുടെ ആഘാതലഘൂകരണത്തിനാണ്.

നാം സ്വീകരിക്കുന്ന ഗൃഹനിർമ്മാണ ശൈലി പോലും ദുരന്തലഘൂകരണത്തെ മുന്നിൽ കണ്ടുകൊണ്ടാണോ എന്ന് ഗൗരവമായി ചിന്തിക്കണം. വെള്ളപ്പൊക്ക-വരൾച്ച സാധ്യത വർധിപ്പിക്കുന്നതിൽ നമ്മുടെ ആധുനിക ഗൃഹ നിർമാണശൈലി വളരെ വലിയ അളവിൽ പങ്കുവഹിക്കുന്നുണ്ട്. പഴമക്കാർ വീടിൻറെ മേൽക്കൂരയിൽ വീഴുന്ന വെള്ളം വീടിനുള്ളിൽത്തന്നെ നടുത്തളത്തിൽ ഭൂമിയിലേക്ക് ഇറങ്ങാൻ അനുവദിച്ചിരുന്നു. കർഷകർ അവരുടെ കൃഷിഭൂമിയിലും പരിസരത്തും ലഭിക്കുന്ന ഒരു തുള്ളി പോലും പാഴാകാതിരിക്കാൻ കുളങ്ങളും മറ്റും കുഴിച്ച് പരമാവധി ജലം ശേഖരിച്ചു വെക്കാൻ ശ്രദ്ധിച്ചിരുന്നു. എന്നാൽ, ഇന്ന് ഒരു

തുള്ളി വെള്ളം പോലും സ്വന്തം വീടിന്റെ പരിസരത്തെങ്ങും താഴ്ന്നിറങ്ങരുത് എന്ന ചിന്തയോട് കൂടി വീടുകളുടെ മുറ്റം പൂർണ്ണമായി കോൺഗ്രീറ്റ് ചെയ്യുകയാണ്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇന്ന് ലോകശ്രദ്ധ നേടിയിരിക്കുന്നു. അന്തർദേശീയ തലത്തിലെ വിദഗ്ദ്ധർ പോലും അതോറിറ്റിയുടെ പ്രവർത്തനത്തെ പ്രകീർത്തിക്കുന്നു. ഇതിന് കാരണം, അവർ സർക്കാരിന് ജനങ്ങളോടുള്ള കരുതലും വികസനത്തോടുള്ള കാഴ്ചപ്പാടും ഉൾക്കൊണ്ടു കാര്യക്ഷമതയോടെ, ചിട്ടയോടെ, സമയബന്ധിതമായി പ്രവർത്തിക്കുന്നു എന്നതിനാലാണ്. വരൾച്ചക്കും ഉരുൾപൊട്ടലിനും, വെള്ളപ്പൊക്കത്തിനും പ്രതിരോധ-പ്രതികരണ സംവിധാനങ്ങൾ സജ്ജമാക്കാൻ ഇന്ന് അതോറിറ്റിക്ക് കഴിയുന്നു. ഇടിമിന്നൽ, ശക്തമായ മഴ എന്നിവയുടെ പ്രവചനത്തിനുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചു കഴിഞ്ഞു. ഭൂകമ്പ നിരീക്ഷണ സംവിധാനവും ദുരന്ത സാഹചര്യ വിശകലന സാങ്കേതിക വിദ്യയും ഇന്ന് അതോറിറ്റിക്ക് ലഭ്യമാണ്. സംസ്ഥാന- ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തനായി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ, ഈ സർക്കാർ 12 സാങ്കേതിക തസ്തികകൾ അനുവദിച്ചു. എല്ലാ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ധന്റെ സേവനവും ഇടുക്കി, വയനാട്, എറണാകുളം എന്നിവിടങ്ങളിൽ ഉപഗ്രഹാധിഷ്ഠിത വിവര സംവേദന സാങ്കേതിക വിദ്യ സ്ഥാപിക്കുകയും അധികമായി ഓരോ കമ്മ്യൂണിക്കേഷൻസ് എഞ്ചിനിയറെയും നിയമിക്കുകയും ചെയ്തു. ദുരന്ത പ്രതികരണത്തിനുള്ള പ്രാദേശിക സന്നദ്ധസേനകളെ സജ്ജമാക്കുന്നതിലും ദുരന്തങ്ങൾ സംഭവിക്കുന്നതിന് മുൻപ് നേരിടാൻ തയ്യാറെടുക്കുന്നതിലും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിലും ദുരന്തശേഷമുള്ള ആശ്വാസപ്രവർത്തനങ്ങളിൽ സേനയെ വിനിയോഗിക്കുന്നതിലും ജനപ്രതിനിധികൾക്ക് നിർണായകമായ പങ്കാണുള്ളത്.

2016 നവംബറിൽ ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ നടന്ന ഏഷ്യൻ മിനിസ്റ്റീരിയൽ കോൺഫെറൻസിൽ പ്രധാനപ്പെട്ട ഒരു തീരുമാനം എടുത്തിരുന്നു. ദുരന്തങ്ങളിൽ നിന്നുള്ള നാശനഷ്ടം ഗണ്യമായി കുറയ്ക്കാൻ പ്രാദേശിക തലത്തിൽ ആവശ്യമായ സംവിധാനങ്ങൾ 2030 ന് മുമ്പ് രൂപപ്പെടുത്തും എന്നതാണത്. സാമൂഹ്യാധിഷ്ഠിത ജനരക്ഷാ

സംവിധാനങ്ങളൊരുക്കാൻ കേരളം സജ്ജമായി എന്ന് സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു. 2016 സെപ്റ്റംബറിൽ അംഗീകരിച്ച സംസ്ഥാനത്തെ ആദ്യ ദുരന്തലഘൂകരണ പദ്ധതിയിൽ ദുരന്തത്തിൻറെ ആഘാതം ലഘൂകരിക്കാൻ പ്രാദേശികമായ അവബോധ പ്രവർത്തനങ്ങളും സന്നദ്ധസേനകളും ആവശ്യമാണെന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്. കേരളത്തിൽ വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ അഗ്നിസുരക്ഷാ വകുപ്പ് മേധാവിയെ സാമൂഹ്യാധിഷ്ഠിത ദുരന്തപ്രതികരണ സേനയുടെ മേധാവിയായി കൂടി പ്രഖ്യാപിച്ചിരുന്നെങ്കിലും കാര്യമായ ഒരു നടപടിയും ഈ സന്നദ്ധസേനയുടെ രൂപീകരണത്തിന് എടുക്കപ്പെട്ടില്ല എന്ന വ്യസനകരമായ വസ്തുതയുണ്ട്. സർക്കാരിന്റെ ഈ വിഷയത്തിലെ സവിശേഷ ശ്രദ്ധയും കരുതലും ഉൾക്കൊണ്ട്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇതിനായി സജ്ജമായി കഴിഞ്ഞു. തൃശൂർ കേന്ദ്രീകരിച്ച് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും അഗ്നിസുരക്ഷാ വകുപ്പും ഏറ്റെടുത്തിട്ടുണ്ട്.

ഇന്ന്, 2017-ലെ ഈ അന്താരഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തിൽ, കേരളത്തിലെ സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപീകരണത്തിനായുള്ള ആദ്യ നിർണായക ചുവടുവെയ്പ്പ് നാം ഒറ്റക്കെട്ടായി എടുക്കുകയാണ്. ജനങ്ങളുടെ സേവന മനോഭാവത്തെ കേന്ദ്ര സിവിൽ ഡിഫെൻസ് നിയമത്തിൻറെ വെളിച്ചത്തിൽ സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേനയുടെ രൂപത്തിൽ ഏകോപിപ്പിച്ച് എല്ലാ താലൂക്കിലുമായി ഏകദേശം 3000 First Responders നെ അടുത്ത 5 വർഷം കൊണ്ട് വാർത്തെടുക്കുക എന്നതാണ് സംസ്ഥാന അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന ലക്ഷ്യം. ഇതിനായി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ ആപ്ദാ മിത്ര പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ നിന്ന് തെരെഞ്ഞെടുത്ത 200 സന്നദ്ധ പ്രവർത്തകർക്ക് ദുരന്ത സമയ പ്രതികരണ പ്രവർത്തനത്തിൽ പരിശീലനം നൽകാനുള്ള പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് നിർവഹിക്കപ്പെടുകയാണ്. ഇത് ദുരന്ത നിവാരണ രംഗത്തെ ഒരു പുതിയ ചുവടുവെയ്പ്പാണ്. സുരക്ഷിത കേരളത്തിനായി നമുക്കൊരുമിച്ച് മുന്നേറാം.